കേരളസർക്കാർ

# ബജറ്റ് പ്രസംഗം

## 2023 - 2024

**കെ.എൻ. ബാലഗോപാൽ**

**ധനകാര്യമന്ത്രി**

**2023 ഫെബ്രുവരി 3**



# കേരള സർക്കാർ

# ബജറ്റ് പ്രസംഗം
# 2023-24


## കെ.എൻ.ബാലഗോപാൽ
## ധനകാര്യ മന്ത്രി


## 2023 ഫെബ്രുവരി 3

| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം I** | - | 1 |
| ആമുഖം | - | 1 |
| **ഭാഗം II** | - | 15 |
| മേക്ക് ഇൻ കേരള | - | 14 |
| മിഷൻ 1000 | - | 24 |
| വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം | - | 24 |
| ന്യൂ എനർജി പാർക്കുകൾ | - | 26 |
| അന്താരാഷ്ട്ര ഗവേഷണ സ്കോളർഷിപ്പുകൾ | - | 28 |
| കേരള ടൂറിസം 2.0 | - | 34 |
| നവകേരള നഗര നയം | - | 36 |
| നേർക്കാഴ്ച : നേത്രാരോഗ്യത്തിനുള്ള ബൃഹദ് പദ്ധതി | - | 38 |
| മനുഷ്യ-വന്യജീവി സംഘർഷം | - | 39 |
| **ഭാഗം III** | - | 41 |
| കൃഷി | - | 41 |
| മത്സ്യബന്ധനം | - | 46 |
| ഗ്രാമവികസനം | - | 54 |
| സഹകരണം | - | 57 |
| ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | - | 60 |
| വ്യവസായവും ധാതുക്കളും | - | 66 |
| വിവര സാങ്കേതിക വിദ്യ | - | 75 |

| | | |
|---|---|---|
| ഗതാഗതവും വാർത്താവിനിമയവും | - | 77 |
| വിനോദസഞ്ചാരം | - | 81 |
| ശാസ്ത്ര സേവനങ്ങളും ഗവേഷണവും | - | 84 |
| വിദ്യാഭ്യാസം | - | 86 |
| പൊതുജനാരോഗ്യ മേഖല | - | 94 |
| ശുദ്ധജല വിതരണവും മലിനജല നിവാരണവും | - | 101 |
| തൊഴിലും തൊഴിലാളി ക്ഷേമവും | - | 104 |
| പട്ടികജാതി വികസനം | - | 106 |
| പട്ടികവർഗ്ഗ വികസനം | - | 108 |
| സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | - | 114 |
| പൊതുവിതരണ വകുപ്പ് | - | 119 |
| നോർക്ക | - | 120 |
| ധനകാര്യ വകുപ്പ് | - | 126 |
| **ഭാഗം IV** | - | 134 |
| വിഭവസമാഹരണം | - | 134 |
| ഉപസംഹാരം | - | 150 |

## ഭാഗം I

## ആമുഖം

സർ,

**1.** കേരളത്തെ സംബന്ധിച്ചിടത്തോളം അതിജീവനത്തിന്റേയും വീണ്ടെടുപ്പിന്റേയും വർഷമാകും വരാൻ പോകുന്നത് എന്ന ശുഭപ്രതീക്ഷ പങ്കുവെച്ചുകൊണ്ടാണ് കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രസംഗം ഞാൻ ആരംഭിച്ചത്. ആ പ്രതീക്ഷ യാഥാർത്ഥ്യമായി എന്ന സന്തോഷം അറിയിച്ചുകൊണ്ട് 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗം ആരംഭിക്കാം.

**2.** സർ, കേരളം വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേക്ക് തിരിച്ചുവന്നിരിക്കുന്നുവെന്നാണ് സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. നോട്ടുനിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി നടപ്പിലാക്കൽ, ഓഖി ദുരന്തം, പ്രളയങ്ങൾ, മഹാവ്യാധി, സാമ്പത്തിക തകർച്ച, യുദ്ധം, വിലക്കയറ്റം തുടങ്ങി ഒന്നിനുപിറകേ മറ്റൊന്ന് എന്ന മട്ടിൽ 2016 മുതൽ വന്ന വെല്ലുവിളികളെ ധീരമായി അഭിമുഖീകരിക്കാനും അതിജീവിക്കാനും നമുക്ക് കഴിഞ്ഞു. 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉല്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക്

നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കു ള്ളിൽ ഉല്പന്നനിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് ഇടത് സർക്കാരിന്റെ നയം. 2022-23 വർഷത്തെ ആഭ്യന്തര ഉൽപ്പാദനം 9.99 ലക്ഷം കോടിയാകും എന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പുതുക്കിയ കണക്കുകൾ പ്രകാരം 10.18 ലക്ഷം കോടി രൂപയായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിച്ചു. ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചയോടൊപ്പം തന്നെ തനത് വരുമാനത്തിലും വർദ്ധനവുണ്ടായി. **2020-21-ൽ 54,955.99 കോടി രൂപയായിരുന്ന തനത് വരുമാനം 2021-22-ൽ 68,803.03 കോടി രൂപയായി ഉയർന്നു. നടപ്പ് സാമ്പത്തികവർഷം അത് 85,000 കോടി രൂപയോളമായി ഉയരുമെന്നാണ് പ്രതീക്ഷ. ഇത് മികച്ച നേട്ടമാണ്.**

**3.** കേരളത്തെ സംബന്ധിച്ച നല്ല വാർത്തകൾക്ക് ഒരു ക്ഷാമവുമില്ല. അവ നന്നായി ചർച്ചചെയ്യപ്പെടുന്നതിനു അളവറ്റ പ്രാധാന്യമുണ്ട്. കേരള വികസന മാതൃകയുടെ നേട്ടങ്ങളെ മാത്രമല്ല, കേരളത്തെ തന്നെ ഇകഴ്ത്തിക്കാട്ടുന്നതിൽ ചില കേന്ദ്രങ്ങൾ നടത്തുന്ന

സംഘടിത പരിശ്രമത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും.

**4.** സർ, കേരളവികസന മാതൃകയുടെ നേട്ടങ്ങളെ ഇടതുപക്ഷത്തിന്റെ മാത്രം സംഭാവനയായി ഞങ്ങൾ ഒരിക്കലും ചിത്രീകരിക്കാറില്ല. കേരളമാതൃകയുടെ നിർമ്മിതിയിൽ ഓരോ കേരളീയനും പങ്കുണ്ട്. പക്ഷേ, ഒരു വിഭാഗം വിമർശകർ ശ്രമിക്കുന്നത് കേരളത്തെ ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത നാടായി ചിത്രീകരിക്കാനാണ്. അതുവഴി നമ്മുടെ യുവതലമുറയുടെ പ്രതീക്ഷകൾ തകർക്കാനാണ്. ഈ ദോഷൈകദൃക്കുകളെ നിരാശ പ്പെടുത്താതിരിക്കാൻ കേരളത്തിന് കഴിയില്ല. ആളോഹരി വരുമാനം, ആളോഹരി ഉപഭോഗച്ചെലവ്, മാനവ വികസന സൂചിക, സുസ്ഥിര വികസന സൂചിക തുടങ്ങിയ ഒട്ടേറെ മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിന്റെ സ്ഥാനം ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുൻനിരയിലാണ്. മഹാമാരിക്ക് ശേഷമുള്ള വീണ്ടെടുപ്പിന്റെ കാര്യത്തിലും വകുപ്പുകളും സ്ഥാപനങ്ങളും പ്രാദേശിക ഗവൺമെന്റുകളും നേടുന്ന ബഹുമതികളുടെ കാര്യത്തിലും കേരളത്തിന്റെ പ്രകടനം ദോഷൈകദൃക്കുകളെ നിരാശപ്പെടുത്തുന്നതാണ്.

**5.** സർ, കേരളം ഒരു ഒറ്റപ്പെട്ട തുരുത്തല്ല. പുറംലോകവുമായി ഏറെ ഇഴുകിച്ചേർന്നുകൊണ്ടാണ് കേരളത്തിന്റെ സമ്പദ്ഘടന പ്രവർത്തിക്കുന്നത്. അതുകൊണ്ട് പുറംലോകത്തെ ചലനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ടു മാത്രമേ കേരളത്തിന്റെ വികസന-ധനകാര്യ മാനേജ്മെന്റ് നടത്താനാകൂ. 2022-23-ലേക്കുള്ള ബജറ്റ്

അവതരിപ്പിക്കുമ്പോൾ ലോകമൊട്ടാകെ രൂക്ഷമായ വിലക്കയറ്റം ഉണ്ടാകുമെന്ന് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നു. വിലക്കയറ്റത്തെ നേരിടുന്നതിനാവശ്യമായ പണം നീക്കിവെയ്ക്കുകയും ചെയ്തിരുന്നു. സമഗ്രവും സംയോജിതവുമായ ഇടപെടലിലൂടെ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞു. ഇന്ത്യയിൽ തന്നെ ഏറ്റവും കുറവ് വിലക്കയറ്റനിരക്കുള്ള സംസ്ഥാനമായി കേരളം അടയാളപ്പെടുത്തപ്പെട്ടു. ഏതാണ്ട് എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് ഉജ്ജ്വല നേട്ടമാണ്. **വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞു മാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24 ലേയ്ക്ക് 2000 കോടി രൂപ വകയിരുത്തുന്നു.**

**6.** സർ, കാലാവസ്ഥാ വ്യതിയാനത്തിന്റെയും, പ്രകൃതിദുരന്തങ്ങളുടെയും, മഹാവ്യാധികളുടെയും ഭീഷണി ആഗോളരംഗത്ത് അവസാനിച്ചിട്ടില്ല. മിക്കവാറും എല്ലാ രാജ്യങ്ങളിലും സാമ്പത്തിക പ്രതിസന്ധിയും, വിലക്കയറ്റവും കടപ്പെരുപ്പവും തുടരുകയാണ്. ലോകബാങ്കും ഇതര ഏജൻസികളും 2023-ഉം 2024-ഉം ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ വർഷങ്ങളാകും എന്നാണ് പ്രവചിക്കുന്നത്.

**7.** സർ, ആഗോള സാമ്പത്തിക മാന്ദ്യം ഇന്ത്യയുടെ കയറ്റുമതിയെയും സാമ്പത്തിക വളർച്ചയെയും പ്രതികൂലമായി ബാധിക്കും എന്ന ആശങ്കയുമുണ്ട്.

ഏറെക്കാലമായി പ്രതിസന്ധി നേരിടുന്ന കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളെയും തോട്ടവിളകളെയും ആഗോള മാന്ദ്യം കൂടുതൽ പിന്നോട്ടടിക്കാനുള്ള സാധ്യതയുണ്ട്. സർ, നമുക്ക് കൃഷിക്കാരെ സംരക്ഷിക്കേണ്ടതുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പ്ലാന്റേഷൻ മേഖല കേരളത്തിലാണ്. റബ്ബർ കൃഷിക്കാരൊക്കെ വലിയ പ്രതിസന്ധി നേരിടുകയാണ്. കേന്ദ്രനയമാണ് പ്രതിസന്ധിയുടെ മൂല കാരണം. **റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

**8.** വീണ്ടും വിഷയത്തിലേക്ക് വന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞവയേക്കാൾ ഗുരുതര മായ ഭീഷണി ഇന്ത്യയുടെ ഫെഡറൽ- ധനവ്യവസ്ഥ യിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭരണഘടനയുടെ ആത്മാവിന് നിരക്കാത്ത മാറ്റമാണ്. അധികാര കേന്ദ്രീകരണവും സംസ്ഥാനങ്ങളോടുള്ള, വിശേഷിച്ച് കേരളത്തോടുള്ള അവഗണനയും മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിൽ വർദ്ധിച്ചിരിക്കുകയാണ്.

**9.** സംസ്ഥാനങ്ങൾക്ക് വീതംവെച്ച് നൽകേണ്ട ഡിവിസിബിൾ പൂളിൽ നിന്നും പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിനു ലഭിച്ചുകൊണ്ടിരുന്നത് 3.875 ശതമാനം വിഹിതമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലമായപ്പോൾ അത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ **പതിനായിര**

**ക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്.** റവന്യൂ കമ്മി ഗ്രാന്റിൽ കേന്ദ്രം കുറവ് വരുത്തിയതുമൂലം ഏകദേശം 6700 കോടി രൂപയുടെ കുറവുണ്ടായി.

**10.** ജി.എസ്.ടി നഷ്ടപരിഹാരം അവസാനിച്ചതിന്റെ ഫലമായി നടപ്പുവർഷം ഏകദേശം 7,000 കോടി രൂപയുടെ കുറവാണുണ്ടായത്. **പബ്ലിക് അക്കൗണ്ട് കടബാധ്യതയായി കണക്കാക്കിയ കേന്ദ്രനയം കാരണം ഒരു വർഷം ഏകദേശം 10,000 കോടി രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടാകുന്നത്.**

**11.** കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി തുടങ്ങി ബജറ്റിനു പുറത്ത് ധനം സമാഹരിക്കുന്ന സ്ഥാപനങ്ങളുടെ ബാധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി പരിഗണിക്കും എന്ന നിലപാടും നമ്മുടെ കടമെടുക്കാനുള്ള ശേഷിയെ പരിമിതപ്പെടുത്തുകയാണ്. ഈ വകയിലും 3100 കോടി രൂപയുടെ കുറവുണ്ടാവും. വിപണിയിൽ നിന്നുള്ള കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തിയത് മൂലം വിഭവസമാഹരണത്തിൽ ഏകദേശം 4000 കോടി രൂപയുടെ കുറവാണുണ്ടായത്.

**12.** കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വീതംവയ്പ്പിലും കേരളം അവഗണിക്കപ്പെടുകയാണ്. ഈ സാഹചര്യത്തെ കേരളജനതയോട് കൂറുള്ള ആർക്കെങ്കിലും ന്യായീകരിക്കാനാവുമോ? ഈ അവഗണനയെ

ആഘോഷിക്കുന്നവർ ആരുടെ പക്ഷത്താണ് നിൽക്കുന്നത്? ഈ സാഹചര്യത്തിലും സംസ്ഥാനത്തിന്റെ പശ്ചാത്തലസൗകര്യ വികസനത്തിനും ഉല്പാദനമേഖലയിലേയും സാമൂഹ്യ സുരക്ഷാ മേഖലയിലേയും ചെലവുകൾക്കും യാതൊരു മുടക്കവും വരുത്തിയിട്ടില്ല എന്നു മാത്രമല്ല, സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിച്ചു എന്നതും സവിശേഷമായി ശ്രദ്ധിക്കേണ്ട സംഗതിയാണ്. **2020-21-ൽ ശമ്പളവും പെൻഷനും നൽകാനായി വേണ്ടിവന്നത് 46,754 കോടി രൂപയായിരുന്നെങ്കിൽ 2021-22 ലെത്തിയപ്പോൾ അത് 71,393 കോടി രൂപയായി ഉയർന്നു.** ഇതിലൂടെ മാത്രം 24,000 കോടിയോളം രൂപയുടെ അധിക ഉത്തരവാദിത്തമാണ് സർക്കാർ ഏറ്റെടുത്തത്. ഇതു കൂടാതെ കെ.എസ്.ആർ.ടി.സി.യിലെ പെൻഷനടക്കമുള്ള ചെലവുകൾക്കായി **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3376.88 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ സാമ്പത്തികവർഷം 1325.77 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.** ഒരു വശത്ത് മുമ്പെങ്ങും കണ്ടിട്ടില്ലാത്തത്ര ഭീമമായ വിഭവശോഷണവും മറുവശത്ത് അധികമായി ഏറ്റെടുക്കേണ്ടി വന്ന ചെലവ് ബാധ്യതയും. ഇത് രണ്ടും ചേർത്തു വായിച്ചാണ് സർക്കാരിന്റെ ധനഞെരുക്കത്തെ സമഗ്രമായി വിലയിരുത്തേണ്ടത്.

**13.** 2023-24 സാമ്പത്തിക വർഷം നടപ്പ് വർഷത്തെക്കാൾ വലിയ ധനഞെരുക്കമാണ് പ്രതീക്ഷിക്കുന്നത്. അതിനു കാരണം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ

അപേക്ഷിച്ച് ഉണ്ടാവാൻ പോകുന്ന 8,400 കോടി രൂപയുടെ കുറവും GST നഷ്ടപരിഹാരം നിർത്തലാക്കിയ വകയിൽ നഷ്ടപ്പെടുന്ന ഏകദേശം 5700 കോടി രൂപയും കടപരിധിയിലെ കുറവ് മൂലമുണ്ടാകുന്ന ഏകദേശം 5000 കോടി രൂപയുടെ വിഭവനഷ്ടവും അടുത്ത വർഷം കിഫ്ബിയും പെൻഷൻ കമ്പനിയും എടുക്കാൻ സാധ്യതയുള്ള കടവും കൂടി കടമെടുപ്പ് പരിധിയിൽ കുറയുന്നതുമൊക്കെയാണ്. സംസ്ഥാനം സാമ്പത്തിക ആഘാതത്തിൽ നിന്നും കരകയറി വളർച്ചയുടെ പാതയിൽ എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഈ ധനനയം വളർച്ചയെ പ്രതികൂലമായി ബാധിക്കും.

**14.** സംസ്ഥാനം ഇപ്പോൾ നേരിടുന്നത് ഒരു ഹാർഡ് ബജറ്റ് പ്രതിബന്ധമാണ് (Hard Budget Constraint) എന്നത് നാം മനസ്സിലാക്കണം. കേന്ദ്രം നിശ്ചയിക്കുന്ന ഒട്ടും അയവില്ലാത്തതും കർശനവുമായ പരിധിയ്ക്കപ്പുറം കടക്കാൻ ഇന്നത്തെ നിലയിൽ സംസ്ഥാനത്തിന് കഴിയില്ല. സംസ്ഥാനത്തിന്റെ നികുതി അധികാരങ്ങൾ പരിമിതമാണ്. വായ്പാ പരിധിയും കർശനമായി നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിവിശേഷം കക്ഷിരാഷ്ട്രീയ ഭേദമന്യേ മനസ്സിലാക്കി മുന്നോട്ടുപോകാൻ കഴിയണം.

**15.** കേന്ദ്രത്തിന്റെ വായ്പയോടുള്ള യാഥാസ്ഥിക സമീപനം കേരളം എന്തിന് അംഗീകരിക്കണം എന്നു ചോദിക്കുന്നവരുണ്ട്. കൂടുതൽ വായ്പ എടുക്കുന്നതിനുള്ള സാമ്പത്തിക-ധനകാര്യ സ്ഥിതി കേരളത്തിനുണ്ട്

എന്നത് വാസ്തവമാണ്. കേരളം കടക്കെണിയിലല്ല. വായ്പയോടുള്ള ഞങ്ങളുടെ സമീപനത്തിൽ ഒരു മാറ്റവും വന്നിട്ടില്ല. രാജ്യത്തെ ജനങ്ങൾ മിച്ചം പിടിച്ച് സമ്പാദിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പണത്തിൽ നിന്നും കിട്ടാക്കടം വരുത്തുന്ന കോർപ്പറേറ്റുകൾക്കു മാത്രമേ വായ്പ നൽകാവൂ എന്ന അഭിപ്രായം ഞങ്ങൾക്കില്ല. കൂടുതൽ വായ്പയെടുത്ത് കൂടുതൽ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കഴിയണം എന്നതു തന്നെയാണ് അഭിപ്രായം. പക്ഷേ കേന്ദ്ര സർക്കാർ യാഥാസ്ഥിക നിലപാടിൽ അയവുവരുത്താൻ തയ്യാറല്ല.

**16.** കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികത്വത്തെ കേരളത്തിന്റെ ബദൽ വികസന മാതൃക നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായാണ് സർക്കാർ കാണുന്നത്. പക്ഷേ, കേന്ദ്രം ഉയർത്തുന്ന പ്രതിബന്ധങ്ങൾ കണ്ട് കേരളത്തിന്റെ ബദലിനെയോ അതിന്റെ നന്മകളെയോ വഴിയിലുപേക്ഷിക്കാൻ ഞങ്ങൾ തയ്യാറല്ല. പ്രതിസന്ധികളെ അഭിമുഖീകരിക്കാതെയല്ല കേരളം ഇതുവരെയെത്തിയത്. ജാതി-ജന്മി-നാട്ടുവാഴി മേധാവിത്വത്തെയും, കോളനിവാഴ്ചയെയും നേരിട്ട പാരമ്പര്യം ഈ നാടിനുണ്ട്. ധനകാര്യ ഇടം വെട്ടിച്ചുരുക്കപ്പെടുന്ന ഈ പുതിയ സാഹചര്യത്തെ അതിജീവിക്കാൻ സംസ്ഥാനത്തിന്റെ ധനകാര്യ-വികസന-ആസൂത്രണ സമീപനത്തിൽ കാതലായ മാറ്റം ആവശ്യമാണ്.

**17.** ഒരു ത്രിതല നയമാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുക. ഒന്ന്: ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങളെ തകർക്കുന്നതും സംസ്ഥാന ങ്ങളുടെ ധനകാര്യ ഇടം വെട്ടിച്ചുരുക്കുന്നതുമായ നയങ്ങൾക്കെതിരെ യോജിച്ച ചെറുത്തുനിൽപ്പ് സംഘടിപ്പിക്കും. വിവിധ സംസ്ഥാന സർക്കാരുകളെ സഹകരിപ്പിച്ച് ഫെഡറൽ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും.

**18.** രണ്ട്: നികുതി-നികുതിയേതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനവും ആളോഹരി വരുമാനവും വർദ്ധിക്കുന്നുണ്ട്. എന്നാൽ അത് സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ പൂർണ്ണമായും പ്രതിഫലിക്കുന്നില്ല. കാരണം, സംസ്ഥാന ത്തിന്റെ നികുതി അധികാരം പരിമിതമായതാണ്. സമ്പത്തുള്ളവരിൽ നിന്നും നികുതി പിരിക്കാനുള്ള അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. നികുതി-നികുതിയേതര വരുമാനം ശേഖരിക്കാനുള്ള സംസ്ഥാനത്തിന്റെ പരിമിതമായ അധികാരം പരമാവധി കാര്യക്ഷമമായി ഉപയോഗിക്കും. നികുതിഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി വകുപ്പിനെ സമഗ്രമായി പുനഃസംഘടിപ്പിച്ചു. രാജ്യത്ത് നികുതി വകുപ്പിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച ആദ്യ സംസ്ഥാനമാണ് കേരളം. നികുതി ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തവും

ജാഗ്രതയും പരമാവധിയാക്കുന്നതിന് സർക്കാർ ശ്രമിക്കും. നികുതി നിർദ്ദേശങ്ങളിലേയ്ക്ക് പിന്നീട് വരാം.

**19.** മൂന്ന്: ഹാർഡ് ബജറ്റ് പ്രതിബന്ധത്തിന്റെ പ്രശ്നത്തെ നേരിടാൻ സ്വീകരിക്കുന്ന മൂന്നാമത്തെ മാർഗ്ഗം വിഭവങ്ങളുടെ ഏറ്റവും കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കുക എന്നതാണ്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ വളരെ സുസജ്ജമായ ഭരണസംവിധാന മാണ് കേരളത്തിനുള്ളത്. ജീവനക്കാരുടെ എണ്ണം, ഓഫീസ് സൗകര്യങ്ങൾ, വാഹനങ്ങളുടെ ലഭ്യത, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവയിലെല്ലാം സംസ്ഥാനത്തിന്റെ സ്ഥിതി മെച്ചപ്പെട്ടതാണ്. ബൃഹത്തായ ഈ സംവിധാനത്തിന്റെ കാര്യക്ഷമതയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ വികസന–ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്ന വെല്ലുവിളി ഏറ്റെടുക്കുകയും ഭരണ സംവിധാനത്തെ വിജ്ഞാന സമൂഹത്തിന് ചേർന്ന വിധത്തിൽ പുനഃസംഘടിപ്പിക്കുകയും ചെയ്യും. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ നിരവധി ഉദാഹരണ ങ്ങൾ കേരളത്തിലുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന തരത്തിലുള്ള പരിഷ്കാര ങ്ങൾ വ്യാപകമാക്കും. സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങി വിജ്ഞാനോൽപ്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കും.

**20.** ബജറ്റിൽ സർക്കാർ ചെലവായി കണക്കാക്കിയിരിക്കുന്ന അടങ്കൽ തുകയുടെ വിനിയോഗത്തിലെ കാര്യക്ഷമത കേവലം 5% കണ്ട് ഉയർത്താൻ കഴിഞ്ഞാൽത്തന്നെ അതുണ്ടാക്കുന്ന നേട്ടം പലമടങ്ങായിരിക്കും. വിഭവ പരിമിതി നേരിടുന്ന സന്ദർഭത്തിലാണ് ഇത്തരത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നാം പരിശ്രമിക്കേണ്ടത്. ഇതിലേക്കായി മൂന്ന് പ്രധാന പ്രഖ്യാപനങ്ങൾ നടത്തുകയാണ്.

I. ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഏജൻസികൾ തമ്മിൽ ആരോഗ്യ കരമായ മത്സരം നടക്കേണ്ടതുണ്ട്. ലഭ്യമായ **ബജറ്റ് വകയിരുത്തലിനുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ക്ഷേമ–വികസന പ്രവർത്തനങ്ങൾ മികച്ചരീതിയിൽ ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ധന സഹായം നൽകുന്നതിന് 100 കോടി രൂപ ഈ വർഷത്തേക്ക് നീക്കിവെയ്ക്കുന്നു.** ഏറ്റവും മികച്ച പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് സഹായം അനുവദിക്കും.

II. പദ്ധതി ചെലവ് വിലയിരുത്തുന്നതിനായി വളരെ വിജയകരമായി ഉപയോഗിച്ചുവരുന്ന പ്ലാൻ സ്പേസ് സംവിധാനത്തിന്റെ പുതിയ എഡിഷനിൽ സർക്കാർ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ കാര്യക്ഷമത/ ഉൽപ്പാദനക്ഷമത കൂടി താരതമ്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകും. സർക്കാർ ചെലവാക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം

ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. സർക്കാർ ഏജൻസികളുടെ കാര്യക്ഷമത താരതമ്യം ചെയ്യുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ഉദ്യമമായിരിക്കും ഇത്. **പ്ലാൻ സ്പേസിന്റെ അധിക ചെലവിലേക്ക് 1 കോടി രൂപ വകയിരുത്തുന്നു.**

**III.** സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്ന പതിവ് ഏറെക്കുറെ നിലച്ച മട്ടാണ്. അത് പുനഃസ്ഥാപിക്കും. കൃത്യമായ രീതിശാസ്ത്രം അവലംബിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത് ഭരണത്തിന്റെ കാര്യക്ഷമത ഉയർത്താൻ ഏറെ സഹായകരമാവും. വാർഷിക റിപ്പോർട്ടിന്റെ മാതൃകയും രീതിശാസ്ത്രവും നിശ്ചയിച്ച് പരിശീലനപരിപാടികൾ നടത്താൻ ഐ.എം.ജിയെ ചുമതലപ്പെടുത്തുന്നു. ഈ മൂന്ന് നടപടികളും സർക്കാർ വകുപ്പുകളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പാക്കാൻ സഹായിക്കും.

**21.** സർ, സംസ്ഥാന സർക്കാരിന്റെ ചെലവുകളിൽ അധികവും അത്യാവശ്യ ചെലവുകളാണ് എന്നതുകൊണ്ട് ചെലവ് ചുരുക്കൽ അത്ര എളുപ്പമല്ല. ശമ്പളം, പെൻഷൻ, പലിശ, കടംതിരിച്ചടവ് തുടങ്ങിയവയൊക്കെ അത്യാവശ്യ ചെലവുകളാണ്. വികസന–ക്ഷേമ പ്രവർത്തനങ്ങളിലും വലിയ വെട്ടിക്കുറവ് പ്രായോഗികമല്ല. പക്ഷേ, ചില മേഖലകളിൽ ചെലവ് കുറയ്ക്കൽ സാധ്യമാണ്. നിരന്തരം നവീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സർക്കാരിനെ

സംബന്ധിച്ചിടത്തോളം പുതിയ തസ്തികകളും ചെലവിനങ്ങളും ഉണ്ടാകുക സ്വാഭാവികമാണ്. ഒപ്പം ചെലവിനങ്ങളുടെയും തസ്തികകളുടെയും കാലഹരണ പ്പെടലും നടക്കുന്നുണ്ട്. തസ്തികകളുടെ പുനർവിന്യാസ മുൾപ്പെടെ കാലഹരണപ്പെട്ട ചെലവിനങ്ങൾ സ്വമേധയാ ഒഴിവാക്കാൻ മുൻകൈയെടുക്കുന്ന സ്ഥാപനങ്ങൾക്ക് പുതിയ വകയിരുത്തലുകളിൽ പ്രത്യേക പരിഗണന തുടർ വർഷങ്ങളിൽ നൽകും.

**22.** വിഭവ പരിമിതിയെ മറികടക്കുന്നതിനുള്ള ഏറ്റവും സ്വീകാര്യമായ ഒരു മാർഗ്ഗം വിഭവവിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയാണ്. ഇത് സർക്കാരിൽ മാത്രമല്ല, സമ്പദ് ഘടനയിൽ മൊത്തത്തിൽ സംഭവിക്കുന്ന കാര്യമാണ്. അതിനുള്ള വഴി സാമ്പത്തിക പ്രവർത്തനങ്ങളുടെ അറിവുള്ളടക്കം വർദ്ധിപ്പിക്കുകയാണ്. കേരളത്തെ വിജ്ഞാന സമൂഹമായി മാറ്റുക എന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നയം മേൽപ്പറഞ്ഞ കാഴ്ചപ്പാടിൽ അധിഷ്ഠിതമാണ്. **വിജ്ഞാന സമൂഹം എന്ന ലക്ഷ്യം മുൻനിർത്തി 2023-24-ലേക്കുള്ള ബജറ്റിൽ നവീനമായ ഒരു ചുവടുവെയ്പ്പ് നടത്തുകയാണ്. ഈ വർഷത്തെ ബജറ്റിനോടൊപ്പം ഒരു R&D ബജറ്റ് കൂടി അവതരിപ്പിക്കുകയാണ്.** പുതിയതും പഴയതുമായ വിജ്ഞാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഉൾച്ചേർത്തുകൊണ്ടാണ് സാമ്പത്തിക വളർച്ച കൈവരി ക്കുന്നത്. ഉൽപ്പാദന മേഖലയിൽ വിജ്ഞാനത്തിന്റെ ഉപയോഗം ഉറപ്പാക്കുന്നതിൽ R&D യ്ക്ക് വലിയ പങ്കുണ്ട്.

ഇത് മനസ്സിലാക്കിക്കൊണ്ടാണ് R&D ബജറ്റ് തയ്യാറാക്കുന്നത്.

**23.** ഈ കാലഘട്ടത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടു കൊണ്ട് കേരളത്തെ കൂടുതൽ ശക്തമായി മുന്നോട്ടു നയിക്കാനുള്ള ഉത്തരവാദിത്തമാണ് എൽ.ഡി.എഫ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ജനങ്ങളുടെ ജീവിത നിലവാരം കൂടുതൽ മെച്ചപ്പെടുത്താനും സുസ്ഥിരവും ആധുനികവുമായ ഒരു നവകേരളം സൃഷ്ടിക്കാനുമുള്ള ഇടതുമുന്നണിയുടെ കാഴ്ചപ്പാടിലൂന്നിക്കൊണ്ടാണ് ബജറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. അതിനനുയോജ്യമായ നിർദ്ദേശങ്ങളും ആശയങ്ങളും അവതരിപ്പിക്കാനും നടപ്പിൽ വരുത്താനുമാണ് ഈ ബജറ്റിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

## ഭാഗം II

**24.** കേരള വികസന അനുഭവം ലോകം ശ്രദ്ധയോടെ വീക്ഷിക്കുന്ന ഒരു മാതൃകയാണ്. ജീവിത നിലവാരത്തിലും മാനവവികസന സൂചികകളിലും വികസിത രാജ്യങ്ങളോടൊപ്പമാണ് കേരളത്തിന്റെ സ്ഥാനം. സുസ്ഥിരവും സമഗ്രവുമായ ഒരു വികസന രീതി പതിറ്റാണ്ടുകളായി കേരളത്തിലുണ്ട്. രാജ്യത്തെ ശരാശരി ആളോഹരി വരുമാനത്തിന്റെ ഒന്നരമടങ്ങിലധികമാണ് ഇപ്പോൾ കേരളത്തിന്റെ ആളോഹരി വരുമാനം.

**25.** കേരളീയ സമൂഹം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ജനസംഖ്യാ ഘടനയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റമാണ്. 2021-ലെ കണക്കുകൾ

പ്രകാരം ജനസംഖ്യയുടെ 16.5 ശതമാനം പേർ 60 വയസ്സ് പിന്നിട്ടവരാണ്. 2031-ഓട് കൂടി ഇത് 20 ശതമാനം കവിയുമെന്ന് കണക്കാക്കപ്പെടുന്നു. അതേസമയം സംസ്ഥാനത്തെ ജനന നിരക്ക് കുറയുകയുമാണ്. 1980-കളിലും 1990-കളിലും ശരാശരി 6.5 ലക്ഷവും 5.3 ലക്ഷവും കുട്ടികൾ ജനിച്ചിരുന്നുവെങ്കിൽ 2021-ൽ അത് 4.6 ലക്ഷം മാത്രമാണ്. 2031-ഓട് കൂടി ജനന നിരക്ക് 3.6 ലക്ഷത്തിലേക്ക് താഴും എന്നാണ് ജനസംഖ്യാ ശാസ്ത്രജ്ഞൻമാരുടെ കണക്കുകൂട്ടൽ. അതായത് സമൂഹത്തിലെ പുതിയ തലമുറയും മുതിർന്ന പൗരന്മാരും തൊഴിൽ സേനയും തമ്മിലുള്ള അനുപാതത്തിൽ ഘടനാപരമായ മാറ്റം സംഭവിക്കും. പൊട്ടൻഷ്യൽ സപ്പോർട്ട് റേഷ്യോ 4.5-ൽ നിന്ന് 3.4-ലേക്കും 2.3-ലേക്കും കുറയാം. ആശ്രിത ജനസംഖ്യാനുപാതം ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറിയേക്കാം. ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാനും ഭാവിയെ മുന്നിൽ കണ്ടുള്ള നയരൂപീകരണം സാധ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കും.

**26.** ജനസംഖ്യാ ഘടനയിലെ ഈ മാറ്റവും മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസവുമുൾപ്പടെ കേരളം ഇന്ന് നേരിടുന്നത് രണ്ടാം തലമുറ വികസന പ്രശ്നങ്ങളാണ്. രാജ്യത്തെ പൊതുവിഭവങ്ങൾ സംസ്ഥാനങ്ങൾക്കിടയിൽ ഇപ്പോഴും വീതംവെയ്ക്കുന്നത് ഒന്നാം തലമുറ വികസന സൂചികകളെ ആസ്പദമാക്കിയാണ്. ഇത് മൂലം കേരളത്തിന് അർഹമായ കേന്ദ്രവിഹിതം നിഷേധിക്കപ്പെടുകയാണ്. നാം കൈവരിച്ച മാനവ വികസനം

നമ്മുടെ അയോഗ്യതയായി മാറുന്ന സാഹചര്യമാണ്. സംസ്ഥാനം നേരിടുന്ന സവിശേഷമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള പരിഗണന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നൽകണമെന്ന ആവശ്യമാണ് കേന്ദ്രസർക്കാരിനോട് കേരളം ഉന്നയിച്ചിട്ടുള്ളത്.

**27.** കേരളത്തിൽ നിന്ന് വിദ്യാഭ്യാസത്തിനും തൊഴിലെടുക്കുന്നതിനുമായി വിദേശത്ത് പോകുന്ന ചെറുപ്പക്കാർ അവിടെ സ്ഥിരതാമസമാക്കുന്ന സ്ഥിതിവിശേഷം വ്യാപകമായുണ്ട്. ഇതുമൂലം തൊഴിലെടുക്കാൻ പര്യാപ്തരായ യുവജനങ്ങൾ കേരളത്തിൽ കുറയുകയാണ്.

**28.** സ്കൂൾ–കോളേജ്–സർവ്വകലാശാലാ തലങ്ങളിലെ വിദ്യാഭ്യാസത്തിനായി സർക്കാർ വലിയ മൂലധനമാണ് ഓരോ വിദ്യാർത്ഥിക്കുവേണ്ടിയും ചെലവഴിക്കുന്നത്. കേരളത്തിലെ സ്കൂളുകളിൽ ഏറ്റവും മെച്ചപ്പെട്ട വിദ്യാർത്ഥി- അധ്യാപക അനുപാതമാണുള്ളത്. **ഒരു വർഷം ഒരു സ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി സർക്കാർ മുടക്കുന്നത് ഏകദേശം 50,000 രൂപയാണ്.** ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇതിന്റെ പലമടങ്ങ് ചെലവഴിക്കുന്നുണ്ട്. ഇത്തരത്തിൽ വലിയ നിക്ഷേപം നടത്തി സർക്കാർ പ്രാപ്തരാക്കുന്ന യൗവ്വനങ്ങളെ പരമാവധി നമ്മുടെ നാട്ടിൽ തന്നെ നിലനിർത്താനും തൊഴിലൊരുക്കാനും കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കണം. കൂടാതെ ആധുനിക തൊഴിലുകളിൽ ഏർപ്പെടുന്നവരെ കേരളത്തിന് പുറത്തുനിന്നും സംസ്ഥാനത്തേക്ക് ആകർഷിക്കാനും കഴിയും.

**29.** അതിശൈത്യവും അത്യുഷ്ണവുമെല്ലാമുള്ള പല വിദേശ രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി വർഷം മുഴുവൻ സമതുലിതമായ കാലാവസ്ഥയാണ് കേരളത്തിനുള്ളത്. മെച്ചപ്പെട്ട തൊഴിലവസരങ്ങളും ജീവിത സൗകര്യങ്ങളും ലഭ്യമാക്കിയാൽ മലയാളികൾ ജീവിക്കാൻ തെരഞ്ഞെടുക്കുക നമ്മുടെ നാട് തന്നെയാകും. യുവതലമുറയെ കേരളത്തിൽ തന്നെ നിലനിർത്താനും അവർക്ക് ആധുനികവും അനുയോജ്യവുമായ തൊഴിലവസരങ്ങൾ നൽകാനും അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. നവകേരളം ലക്ഷ്യം വെയ്ക്കുന്നത് ഇത്തരം മുൻഗണനകളാണ്.

**30.** വിജ്ഞാനത്തെ ഉൽപ്പാദനവുമായി ബന്ധിപ്പിക്കാനും അതുവഴി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുമുള്ള നിരവധി പദ്ധതികളാണ് കഴിഞ്ഞ ബജറ്റിലുണ്ടായിരുന്നത്. ശാസ്ത്ര സാങ്കേതിക രംഗത്തെ ഏറ്റവും പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന നിരവധി സുപ്രധാന പദ്ധതികൾക്ക് തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞു.

സർ,

**31.** ഗ്രാഫീൻ സംബന്ധിച്ച് ഗവേഷണ പരീക്ഷണങ്ങൾ നടത്തുന്നതിനായി സ്ഥാപിച്ച ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ-ന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2023 സെപ്റ്റംബറോട് കൂടി സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെയും സി-മെറ്റിനെയും

നിർവ്വഹണ ഏജൻസികളും ടാറ്റ സ്റ്റീൽ ലിമിറ്റഡിനെ വ്യാവസായിക പങ്കാളിയുമാക്കി കേരള സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും സംയുക്താഭിമുഖ്യത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ഗ്രാഫീൻ എക്കോ സിസ്റ്റവുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റി, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, സീഗൻ യൂണിവേഴ്സിറ്റി ജർമ്മനി തുടങ്ങിയ സ്ഥാപനങ്ങളുമായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി MoU ഒപ്പിട്ടു. 86.41 കോടി രൂപ ചെലവു വരുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. **ഈ വർഷം പദ്ധതി വിഹിതമായ 6 കോടി രൂപ ഉൾപ്പടെ 10 കോടി രൂപ കൂടി സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്നു.**

**32.** കഴിഞ്ഞ ബജറ്റിൽ 1000 കോടി രൂപ ചെലവിൽ മൂന്ന് സയൻസ് പാർക്കുകളും ഒരു ഡിജിറ്റൽ സയൻസ് പാർക്കും സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസിയായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഡിജിറ്റൽ സയൻസ് പാർക്കിനായി തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് –4 ൽ 13.65 ഏക്കർ സ്ഥലം കണ്ടെത്തുകയുണ്ടായി. കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതുവരെ **ഡിജിറ്റൽ സയൻസ് പാർക്ക് പ്രവർത്തിക്കുന്നതിനായി ടെക്നോപാർക്ക് ക്യാമ്പസിൽ തന്നെ 10,000 ചതുരശ്ര അടി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. 2023 മെയ് മാസത്തോടെ ഡിജിറ്റൽ സയൻസ് പാർക്ക് പ്രവർത്തനമാരംഭിക്കും.**

എഡിൻബറോ യൂണിവേഴ്സിറ്റിയുമായി ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി MoU ഒപ്പുവെച്ചിട്ടുണ്ട്.

**33.** വ്യവസായ പാർക്കുകൾ, അഗ്രി പാർക്കുകൾ, വർക്ക് നിയർ ഹോം പദ്ധതികൾ തുടങ്ങിയവ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. സ്വകാര്യ മൂലധനം ഉപയോഗിക്കുന്ന വ്യവസായ പാർക്കുകളും താമസിയാതെ ആരംഭിക്കും. ഐ.ടി രംഗത്ത് കൂടുതൽ പദ്ധതികൾ നടപ്പിൽ വരികയാണ്. പുതിയ പാർക്കുകൾക്കുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. **കണ്ണൂർ ഐ.ടി പാർക്കിന്റെ നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയും.**

**34.** കേരളത്തിൽ ന്യൂട്രാസ്യൂട്ടിക്കൽസ് രംഗത്ത് ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം കഴിഞ്ഞ ബജറ്റിൽ നടത്തിയിരുന്നു. അതുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പിന്തുണയോടെയും പങ്കാളിത്ത ത്തോടെയും **തിരുവനന്തപുരത്തെ ബയോ 360 ലൈഫ് സയൻസ് പാർക്കിൽ കോർ സെന്റർ ഓഫ് എക്സലൻസും ന്യൂട്രാ എന്റർപ്രൈസസ് ഡിവിഷനും സ്ഥാപിക്കുന്ന തിനുള്ള പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.**

35. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മൈക്രോ ബയോം മികവിന്റെ കേന്ദ്രം പദ്ധതിയുടെ പ്രൊജക്റ്റ് റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെ നേതൃത്വത്തിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ പിന്തുണയോടും പങ്കാളിത്തത്തോടും കൂടി തിരുവനന്തപുരം തോന്നക്കൽ ലൈഫ് സയൻസ് പാർക്കിൽ കേന്ദ്രം നിലവിൽ വരും. **ഇതിനായി 10 കോടി രൂപ അനുവദിക്കുന്നു.**

36. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനവും, വ്യവസായ കാർഷിക മേഖലകളും മെച്ചപ്പെടുത്താനുള്ള ക്രിയാത്മകമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ആ ദിശയിൽ മുന്നേറാനാണ് പുതിയ പദ്ധതികളിലൂടെ ശ്രമിക്കുന്നത്.

## മേക്ക് ഇൻ കേരള

37. കേരളത്തിൽ ആഭ്യന്തര ഉൽപ്പാദനവും തൊഴിൽ/ സംരംഭക/നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാൻ സർവ്വസൗകര്യങ്ങളും ഒരുക്കി ബൃഹത്തായ ഒരു മേക്ക് ഇൻ കേരള പദ്ധതി വികസിപ്പിക്കും. മേക്ക് ഇൻ കേരളയുമായി ബന്ധപ്പെട്ട് വിശദമായ ഒരു പഠനം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയിരുന്നു. റിപ്പോർട്ട് പ്രകാരം 2021-22ൽ കേരളത്തിലേക്ക് ഏകദേശം 1,28,000 കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് ഇറക്കുമതിചെയ്തത്. ഇതിൽ 92 ശതമാനവും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി

രുന്നു. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ കയറ്റുമതി ഏകദേശം 74,000 കോടി രൂപയുടേതായിരുന്നു. ഇതിൽ 70 ശതമാനവും ഇതര സംസ്ഥാനങ്ങളി ലേക്കായിരുന്നു. കേരളത്തിന്റെ വ്യാപാരക്കമ്മി വളരെ ഉയർന്നതാണെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഈ സാഹചര്യത്തിൽ ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കാൻ സാധ്യതയുള്ളവ കണ്ടെത്തുകയാണ് പഠനത്തിന്റെ ലക്ഷ്യം. ഉൽപ്പാദനക്ഷമത, കൂലി ചെലവ്, ലാഭം തുടങ്ങിയവ വിശകലനം ചെയ്ത് കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ സാധ്യതയുള്ള ഉൽപ്പന്നങ്ങൾ കണ്ടെത്താനും ഉൽപ്പാദനത്തിന് പിന്തുണ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ രൂപീകരണത്തിൽ ബന്ധപ്പെട്ട സംരംഭക ഗ്രൂപ്പുകളുടെയും ശാസ്ത്രസാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് വ്യവസായവകുപ്പും ഇതര വകുപ്പുകളും ചേർന്ന് വിപുലമായ പ്രായോഗിക പദ്ധതി രൂപീകരിക്കും. കേരളത്തിലെ കാർഷിക-മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കാർഷിക സ്റ്റാർട്ടപ്പുകൾക്കും മേക്ക് ഇൻ കേരളയിലൂടെ പിന്തുണ നൽകും. സംരംഭങ്ങൾക്കുള്ള മൂലധനം കണ്ടെത്താൻ പലിശയിളവ് ഉൾപ്പെടെയുള്ള സഹായങ്ങൾ അനുവദിക്കും.

സർ,

**38.** 'മേക്ക് ഇൻ കേരള' പദ്ധതിയുമായി മുന്നോട്ടുപോകാൻ വലിയ ആത്മവിശ്വാസം നൽകുന്ന ഒട്ടേറെ ഘടകങ്ങൾ സംസ്ഥാനത്തിനുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്

ഉൽപ്പന്നനിർമ്മാണ (Manufacturing) രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ ഉണർവ്വാണ്. കേരളത്തിലെ വ്യവസായ അന്തരീക്ഷത്തെക്കുറിച്ച് സംശയമുള്ളവർ ആഗോള പ്രശസ്തമായ ബ്ലഡ്ബാഗ് നിർമ്മാണ കമ്പനിയായ ടെറുമോപെൻപോളിന്റെ സ്ഥാപകനും മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനുമായ ശ്രീ.സി.ബാലഗോപാൽ അടുത്തിടെ പ്രസിദ്ധീകരിച്ച 'ബിലോ ദി റഡാർ' എന്ന പുസ്തകം വായിക്കണം. കേരളം വ്യവസായ നിക്ഷേപത്തിന് യോജിച്ച സംസ്ഥാനമല്ല എന്ന വാദം തെറ്റാണെന്ന് തെളിയിക്കുകയാണ് പുസ്തകത്തിലൂടെ അദ്ദേഹം. കഴിഞ്ഞ 20 വർഷത്തിനിടയ്ക്ക് കേരളത്തിൽ ആരംഭിക്കുകയും വലിയ വിജയം വരിക്കുകയും ചെയ്ത 50 കമ്പനികളുടെ അനുഭവം അദ്ദേഹം വിവരിക്കുന്നുണ്ട്. വ്യവസായ സമൂഹം തരുന്ന ഈ സാക്ഷ്യത്തോടൊപ്പം വേണം സ്റ്റാർട്ട് അപ്പ് മിഷൻ നേടിയെടുത്ത ദേശീയ അന്തർദേശീയ അംഗീകാരത്തെ കാണാൻ. അതുപോലെ ആവേശകരമാണ് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സംരംഭക വർഷത്തിന്റെ വിജയം.

**39.** വ്യവസായ വകുപ്പ് ഏറ്റെടുത്ത സംരംഭകവർഷം പദ്ധതി, സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ എന്നിവയോട് കേരളത്തിലെ യുവസംരംഭക സമൂഹം നടത്തുന്ന ആവേശകരമായ പ്രതികരണമാണ് മേക്ക് ഇൻ കേരള പോലെയുള്ള ഒരു ബൃഹദ് പദ്ധതി ഏറ്റെടുക്കാൻ സർക്കാരിന് ആത്മവിശ്വാസം നൽകുന്നത്. മേക്ക് ഇൻ കേരളയ്ക്കായി പദ്ധതി കാലയളവിൽ 1000 കോടി രൂപ

അധികമായി അനുവദിക്കും. **ഈ വർഷം 100 കോടി രൂപ 'മേക്ക് ഇൻ കേരള'യ്ക്കായി നീക്കിവയ്ക്കുന്നു.**

**മിഷൻ 1000**

**40.** 2022-23-ൽ 'സംരംഭകവർഷം പദ്ധതി' മികച്ച രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടെ ഒരു ലക്ഷത്തിലധികം സംരംഭങ്ങളാണ് സംസ്ഥാനത്ത് പുതുതായി തുടങ്ങിയത്. **സംസ്ഥാനത്ത് നിലവിലുള്ള സംരംഭങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 1000 സംരംഭങ്ങൾക്ക് 4 വർഷം കൊണ്ട് 1,00,000 കോടി രൂപ വിറ്റുവരവ് കൈവരിക്കുന്ന രീതിയിലുള്ള ഒരു സ്കെയിൽ അപ്പ് പാക്കേജ് ഇതിനോപ്പം പ്രഖ്യാപിക്കുകയാണ്.**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

**41.** കേരളത്തിന്റെ വികസന ചക്രവാളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഏടാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. വിഴിഞ്ഞത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ലോകത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങളുടെ മാതൃകയിൽ വൻ വികസന പദ്ധതികൾക്ക് സർക്കാർ തയ്യാറെടുക്കുകയാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയിനർ തുറമുഖങ്ങളിലൊന്നായി വിഴിഞ്ഞത്തിന് മാറാൻ കഴിയും. സമുദ്രഗതാഗതത്തിലെ 30-40 ശതമാനം ചരക്കുനീക്കവും നടക്കുന്ന തിരക്കേറിയ സമുദ്രപാതയിലാണ് വിഴിഞ്ഞം സ്ഥിതിചെയ്യുന്നത്. നമ്മുടെ രാജ്യത്തിനും സമീപത്ത് സ്ഥിതിചെയ്യുന്ന

രാജ്യങ്ങൾക്കും ചരക്കുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട വാതായനമാണ് വിഴിഞ്ഞം തുറമുഖം. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട നഗരങ്ങളും വ്യവസായ കേന്ദ്രങ്ങളും വളർന്നുവന്നത് ഇത്തരത്തിലുള്ള തുറമുഖങ്ങളോട് ചേർന്നാണ്. ദുബായ്, സിംഗപ്പൂർ, ഷാംഗ്ഹായ് ഉൾപ്പടെയുള്ള തുറമുഖ നഗരങ്ങളുടെ ഉദാഹരണം നമ്മുടെ മുന്നിലുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ ചുറ്റുപാടുമുള്ള മേഖലയിൽ വിപുലമായ വാണിജ്യ വ്യവസായ കേന്ദ്രം വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം മുതൽ തേക്കട വഴി ദേശീയപാത 66-ലെ നാവായിക്കുളം വരെ നീളുന്ന 63 കിലോമീറ്ററും തേക്കട-മംഗലപുരം വരെയുള്ള 12 കിലോമീറ്ററും ഉൾക്കൊള്ളുന്ന റിംഗ് റോഡ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക ഇടനാഴിയായി ഇത് മാറും. ഈ ഇടനാഴിയുടെ ചുറ്റുമായി വ്യവസായ സ്ഥാപനങ്ങളും വാണിജ്യ കേന്ദ്രങ്ങളും വിപുലമായ താമസസൗകര്യങ്ങളുമടക്കമുള്ള ടൗൺഷിപ്പുകളുടെ ശൃംഖല രൂപപ്പെടും. **ഏകദേശം 5000 കോടി ചെലവ് വരുന്ന വ്യാവസായിക ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി കിഫ്ബി വഴി 1000 കോടി രൂപ വകയിരുത്തുന്നു.**

**42.** വ്യാവസായിക ഇടനാഴിയുടെ ഇരുവശങ്ങളിലും അധിവസിക്കുന്ന ജനങ്ങളെക്കൂടി പങ്കാളികളാക്കി വ്യവസായ പാർക്കുകൾ, ലോജിസ്റ്റിക് സെന്ററുകൾ, ജനവാസ കേന്ദ്രങ്ങൾ എന്നിവ വികസിപ്പിക്കാൻ സർക്കാർ മുൻകൈയെടുക്കും. സർക്കാർ, സ്വകാര്യ

സംരംഭകർ, ഭൂമിയുടമകൾ എന്നിവരുൾപ്പെടുന്ന വികസന പദ്ധതികൾ തയ്യാറാക്കും. **ലാൻഡ് പൂളിംഗ് സംവിധാനവും പി.പി.പി വികസന മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി 60,000 കോടി രൂപയുടെ വികസന പദ്ധതികൾ ആദ്യ ഘട്ടത്തിൽ നടപ്പിലാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.**

**വെസ്റ്റ് കോസ്റ്റ് കനാൽ**

**43.** സംസ്ഥാനത്തിന്റെ വടക്ക് ബേക്കൽ മുതൽ തെക്ക് കോവളം വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ (WCC) നീളം 616 കിലോമീറ്ററാണ്. WCC-യെ കേരളത്തിന്റെ ഒരു സാമ്പത്തിക-വ്യാപാര ഇടനാഴിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പദ്ധതി രൂപപ്പെടുത്തും. വ്യവസായം, പുനരുപയോഗ ഊർജ്ജം, ഗതാഗതം, വിനോദസഞ്ചാരം, വ്യാപാരം, കൃഷി എന്നീ മേഖലകളിലെ വികസനാവസരങ്ങൾ ഇതുവഴി സൃഷ്ടിക്കപ്പെടും. ജലപാതയോടനുബന്ധിച്ച് വിവിധ വികസന പ്രവർത്തനങ്ങൾക്കുള്ള ഭൂമി സംസ്ഥാനത്തിന്റെ പി.പി.പി നയത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപകർക്ക് ലഭ്യമാക്കും. **കിഫ്ബിക്ക് കീഴിലുള്ള പൂൾഡ് ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് ഇത് ഏറ്റെടുക്കുന്നതിലേക്കായി മൊത്തം 300 കോടി രൂപ വകയിരുത്തുന്നു.**

**ന്യൂ എനർജി പാർക്കുകൾ**

**44.** പുനരുപയോഗ സ്രോതസ്സുകളായ സൗരതാപം, കാറ്റ് എന്നിവയിൽ നിന്ന് ഊർജ്ജോത്പാദനം നടത്തുന്ന

തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി ന്യൂ എനർജി പാർക്ക് സ്ഥാപിക്കും. ഇവയ്ക്കായുള്ള സംവിധാനങ്ങളും **EV ബാറ്ററിയും മറ്റ് അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്ന വ്യവസായ പാർക്കിനായി 10 കോടി രൂപ മാറ്റിവയ്ക്കുന്നു.**

## ഗ്രീൻ ഹൈഡ്രജൻ ഹബ്

**45.** 2040 ഓടെ 100 ശതമാനം പുനരുപയോഗ ഊർജ്ജാധിഷ്ഠിത സംസ്ഥാനമായും 2050-ഓടെ നെറ്റ് കാർബൺ ന്യൂട്രാലിറ്റി സംസ്ഥാനമായും മാറുവാനാണ് കേരളം ലക്ഷ്യമിടുന്നത്. 'ക്ലീൻ എനർജി' എന്നറിയപ്പെടുന്ന ഹരിത ഹൈഡ്രജൻ ഉൽപ്പാദനത്തിന് അനുകൂലമായ അന്തരീക്ഷം സംസ്ഥാനത്തുണ്ട്. പുനരുൽപ്പാദിപ്പിക്കാൻ കഴിയുന്ന ഊർജ്ജമുപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ഗ്രീൻ ഹൈഡ്രജന് പരിസ്ഥിതി സൗഹൃദ വികസനത്തിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയും. ദീർഘദൂരവാഹനങ്ങളിലും കപ്പലുകളിലും ഹൈഡ്രജൻ ഇന്ധനം ഉപയോഗിക്കുന്നതിലൂടെ കാർബൺ ബഹിർഗമനം വലിയ അളവിൽ കുറയും. **കൊച്ചിയിലും തിരുവനന്തപുരത്തും ഓരോ ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് വി.ജി.എഫ്/ ഗ്രാന്റ്/ഇക്വിറ്റി പിന്തുണയ്ക്കായി അടുത്ത രണ്ടുവർഷത്തിനുള്ളിൽ 200 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 20 കോടി രൂപ ബജറ്റിൽ അധികമായി നീക്കിവെയ്ക്കുന്നു.**

## വൈദ്യുത വാഹന കൺസോർഷ്യം (ഇ.വി കൺസോർഷ്യം)

**46.** കേരളത്തിൽ വൈദ്യുത വാഹനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി TTPL, VSSC, C-DAC, TrEST എന്നിവ ഉൾപ്പെടുന്ന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. TrEST പാർക്കിന്റെ മുൻകൈയ്യിൽ സ്ഥാപിക്കുന്ന ഇ.വി ഡ്രൈവ് ട്രെയിൻ ടെസ്റ്റിംഗ് ലാബ് 2023 ജൂലൈയിൽ പ്രവർത്തനക്ഷമമാകും. **കിഫ്ബിയുടെ പിന്തുണയോടെ ഒരു ഇ.വി ഇൻഡസ്ട്രിയൽ പാർക്ക് വികസിപ്പിക്കും. ഇ.വി കൺസോർഷ്യം പ്രോജക്ടിനായി 25 കോടി രൂപ അധികമായി വകയിരുത്തുന്നു.**

## അന്താരാഷ്ട്ര ഗവേഷണ സ്കോളർഷിപ്പുകൾ

**47.** സിലിക്കൺവാലി ഉൾപ്പെടെയുള്ള ലോകത്തിലെ നിരവധി വ്യാവസായിക മേഖലകളുടെ വികസനത്തിൽ സർവ്വകലാശാലകൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഇത്തരത്തിൽ ട്രാൻസ്ലേഷണൽ ഗവേഷണവും വ്യാവസായിക ബന്ധവുമുള്ള അന്താരാഷ്ട്ര സർവ്വകലാ ശാലകളുമായി കേരളത്തിലെ സർവ്വകലാശാലകൾക്ക് സമ്പർക്കം ഉണ്ടാകണം. ഇതിനായി കേരളത്തിലെ സർവ്വകലാശാലകളും അന്താരാഷ്ട്ര സർവ്വകലാശാല കളും തമ്മിൽ അദ്ധ്യാപക-വിദ്യാർത്ഥികളുടെ എക്സ്ചേഞ്ച് പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. പ്രതിവർഷം, ലോകത്തിലെ മികച്ച 200 സർവ്വകലാശാലകളിൽ ഹ്രസ്വകാല ഗവേഷണ അസൈൻമെന്റുകൾ നേടുന്ന 100 ഗവേഷകരുടെ യാത്രാ ചെലവുകളും ജീവിത ചെലവുകളും പിന്തുണയ്ക്കുന്നതിനായി ഒരു ഹ്രസ്വകാല

ഫെലോഷിപ്പ് ആരംഭിക്കും. **കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ കീഴിലുള്ള വിദഗ്ധ സമിതിയായിരിക്കും തെരഞ്ഞെടുപ്പ് മാനദണ്ഡം നിശ്ചയിക്കുന്നത്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

**ദേശീയപാതാവികസനം**

**48.** കേരളത്തിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വൻ കുതിച്ചുചാട്ടമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. ദേശീയ പാത 66, മറ്റ് ദേശീയ പാതകൾ ഉൾപ്പടെ 1931 കിലോമീറ്റർ ദൂരത്തിൽ ഏകദേശം 1,33,000 കോടിയോളം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ഈ പ്രവർത്തനങ്ങൾ സുഗമമായും വേഗത്തിലും നടക്കുന്നതിനുള്ള അടിസ്ഥാന കാരണം ഭൂമി ഏറ്റെടുക്കുന്നതിൽ സർക്കാർ ഏറ്റെടുത്ത സാമ്പത്തിക പങ്കാളിത്തമാണ്. **ഇതുവരെ ദേശീയപാതയുടെ സ്ഥലമെടുപ്പിനായി സർക്കാർ 5,580 കോടി രൂപയാണ് നൽകിയിട്ടുള്ളത്.** ഇപ്പോഴുള്ള പ്രവർത്തനങ്ങൾ അടുത്ത 3 വർഷത്തിനകം പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും വലിയ മൂലധന നിക്ഷേപം നടന്ന ഒരു മേഖലയാണിത്.

**വ്യാപാരമേളകൾ**

**49.** എല്ലാവർഷവും ന്യൂഡൽഹി പ്രഗതി മൈതാനത്ത് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വ്യാപാരമേളയുടെ

മാതൃകയിൽ സംസ്ഥാനത്ത് ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള വ്യാപാരമേള സംഘടിപ്പിക്കും. കേരളത്തിലെ വ്യവസായികൾക്കും സംരംഭകർക്കും അന്തർദേശീയ തലത്തിൽ ഉൽപ്പന്നങ്ങൾ പരിചയ പ്പെടുത്താനുള്ള വേദിയായി ഇതുമാറും. **ഇതിനായി തിരുവനന്തപുരത്ത് സ്ഥിരം വേദി സൃഷ്ടിക്കും. പദ്ധതിയ്ക്ക് പ്രാരംഭമായി 15 കോടി രൂപ അധികമായി വകയിരുത്തുന്നു.**

## വർക്ക് നിയർ ഹോം

**50.** കോവിഡുമായി ബന്ധപ്പെട്ട് ലോകമാകെ വിജയകരമായി നടപ്പിലാക്കപ്പെട്ട തൊഴിൽ സംവിധാനമാണ് വർക്ക് നിയർ ഹോം. കോവിഡിന് ശേഷവും പുതിയൊരു തൊഴിൽ സംസ്കാരമായി വർക്ക് നിയർ ഹോം തുടർന്നുവരുന്നു. കഴിഞ്ഞ ബജറ്റിൽ വർക്ക് നിയർ ഹോം സംവിധാനങ്ങൾ പ്രാദേശിക തലത്തിൽ ഒരുക്കുന്നതിനായി 50 കോടി രൂപ നീക്കിവെച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാദേശിക തലത്തിൽ രൂപരേഖ യുണ്ടാക്കിയിട്ടുണ്ട്. മൂന്ന് തരം സൗകര്യങ്ങളൊരുക്കാ നാണ് സർക്കാർ ആലോചിക്കുന്നത്.

I. ഐ.ടി അനുബന്ധ വിഭാഗത്തിലെ ജീവനക്കാർക്ക് റിമോട്ട് വർക്കുകൾ നൽകാൻ തയ്യാറുള്ള വ്യവസായങ്ങൾക്കുവേണ്ടിയുള്ള കേന്ദ്രങ്ങൾ.

**II.** വിദൂര ജോലികളിലോ ഗിഗ് വർക്കിലോ ഏർപ്പെടുന്നവർക്ക് വേണ്ടിയുള്ള കേന്ദ്രങ്ങൾ

**III.** കോമൺ ഫെസിലിറ്റി സെന്ററുകൾ

ഇത്തരം സെന്ററുകളുടെ പ്രവർത്തനത്തിന് സംസ്ഥാന സർക്കാരും സ്വകാര്യ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് രൂപീകരിക്കുന്ന പങ്കാളിത്ത മാതൃകയാകും ഉണ്ടാവുക. പലിശരഹിത വായ്പയായി കിഫ്ബിയിൽ നിന്നുള്ള ഫണ്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകും. തൊഴിലുകൾ ഉറപ്പാക്കുന്ന മുറയ്ക്കാണ് ഫണ്ട് പൂർണ്ണമായി നൽകുന്നത്. നിർമ്മാണം പൂർത്തിയായി ഒരു വർഷത്തെ മൊറട്ടോറിയം കാലയളവിന് ശേഷം പത്ത് വർഷം കൊണ്ട് ഈ വായ്പ തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കണം. **അടുത്ത മൂന്ന് വർഷത്തിനുള്ളിൽ വർക്ക് നിയർ ഹോം സൗകര്യങ്ങൾ വഴി ഒരു ലക്ഷം വർക്ക് സീറ്റുകൾ സൃഷ്ടിക്കുന്നതിനായി ആകെ 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ വർഷം ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.**

**51.** വർക്ക് ഫ്രം ഹോമിന് സമാനമായ പദ്ധതി ടൂറിസം മേഖലയിലും നടപ്പിലാക്കാൻ കഴിയും. നിരവധിപേർ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ സൗകര്യങ്ങൾ തേടുന്നുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന **വർക്ക് ഫ്രം ഹോളിഡേ ഹോം എന്ന പദ്ധതി ടൂറിസം മേഖലയ്ക്ക്**

**മുതൽക്കൂട്ടാകും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

**നഴ്സിംഗ് വിദ്യാഭ്യാസം**

**52.** കേരളത്തിൽ നിന്നുള്ള മെഡിക്കൽ നഴ്സിംഗ് പ്രൊഫഷണലുകൾ ലോകമെമ്പാടും ആരോഗ്യ പരിചരണ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. യോഗ്യതയുള്ള നഴ്സുമാരുടെ ആവശ്യകത വർദ്ധിക്കുകയാണ്. ഇടുക്കി വയനാട് മെഡിക്കൽ കോളേജുകളോടും സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളോടും ജനറൽ ആശുപത്രികളോടും അനുബന്ധിച്ച് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. **ആദ്യ ഘട്ടത്തിൽ 25 ആശുപത്രികളിൽ സഹകരണ സ്ഥാപനങ്ങളുടെയും CEPAS, SIEMAT പോലെയുള്ള സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ ഇവ ആരംഭിക്കും. ഇതിനായി ഈ വർഷം 20 കോടി രൂപ വകയിരുത്തുന്നു.**

**ബഹു.മുഖ്യമന്ത്രിയുടെ യൂറോപ്പ് സന്ദർശനവും തുടർ പ്രവർത്തനങ്ങളും**

**53.** ബഹു. മുഖ്യമന്ത്രിയുടെ ഫിൻലാൻഡ്, നോർവേ, യുണൈറ്റഡ് കിംഗ്ഡം, വെയിൽസ് തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശനങ്ങൾ രാജ്യാന്തര ഏജൻസികളുടെയും സംസ്ഥാനത്തെ നിക്ഷേപകരുടെയും താൽപ്പര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ രാജ്യങ്ങളിലെ വിദ്യാഭ്യാസം, വ്യവസായം, സാമൂഹിക സുരക്ഷാ പദ്ധതികൾ, സംരംഭകത്വം, ദുരന്തനിവാരണം,

മത്സ്യബന്ധനം, ടൂറിസം എന്നീ മേഖലകളിലെ വിദഗ്ധരുമായി ബഹു.മുഖ്യമന്ത്രി ചർച്ചകൾ നടത്തി. രാജ്യങ്ങളിലെ വിവിധ സാങ്കേതിക സ്ഥാപനങ്ങളുമായി ചേർന്ന് അക്കാദമിക് എക്സ്ചേഞ്ചുകൾ, സഹകരണ ഗവേഷണം, പഠനങ്ങൾ എന്നിവ ആരംഭിക്കാനും ഈ മേഖലകളിൽ കേരളത്തിന് അനുയോജ്യമായ ചില മികച്ച രീതികൾ സ്വീകരിക്കാനും ചർച്ചയിൽ തീരുമാനിച്ചു. **പ്ലാനിംഗ് ആന്റ് ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് വകുപ്പിനു കീഴിൽ ഈ ആവശ്യത്തിനായി ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കാൻ 10 കോടി രൂപ അധികമായി നീക്കിവെയ്ക്കുന്നു.**

സർ,

**54.** കേരളത്തിലെ പ്രവാസി സമൂഹം, പ്രത്യേകിച്ച് ഗൾഫ് മേഖലയിലുള്ളവർ കേരളത്തിലേക്കും തിരിച്ചും യാത്ര ചെയ്യേണ്ടിവരുമ്പോൾ നൽകേണ്ടിവരുന്ന ഉയർന്ന വിമാന യാത്രാ ചെലവുകൾ നിയന്ത്രിക്കുന്നതിന് ആഭ്യന്തര, വിദേശ എയർലൈൻ ഓപ്പറേറ്റർമാരുമായും ട്രാവൽ ഏജൻസികൾ, പ്രവാസി അസോസി യേഷനുകൾ എന്നിവയുമായും സർക്കാർ ഒന്നിലധികം ചർച്ചകൾ നടത്തിയിട്ടുണ്ട്. നോർക്ക റൂട്ട്സ് വിമാന യാത്രക്കാരുടെ ഡിമാൻഡ് അഗ്രഗേഷനായി ഒരു പ്രത്യേക പോർട്ടൽ നടപ്പിലാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വിമാനങ്ങൾ ചാർട്ടർ ചെയ്യാനുള്ള കുറഞ്ഞ ക്വട്ടേഷനുകൾ (INR/സീറ്റ്) എയർലൈൻ ഓപ്പറേറ്റർമാരിൽ നിന്ന് സുതാര്യമായ പ്രക്രിയയിലൂടെ വാങ്ങും. ചാർട്ടർ ഫ്ലൈറ്റുകളുടെ ചെലവ്

യുക്തിസഹമാക്കാനും അതുവഴി **യാത്രക്കാർക്ക് താങ്ങാനാവുന്ന പരിധിക്കുള്ളിൽ ടിക്കറ്റ് നിരക്ക് നിലനിർത്താനും പ്രാഥമികമായി 15 കോടി രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കും.** ഏതെങ്കിലും പ്രത്യേക വിമാനത്താവളം ഇതിൽ പങ്കാളിയാകാൻ ആഗ്രഹിക്കുന്ന സാഹചര്യത്തിൽ ഈ ഫണ്ട് ഒരു അണ്ടർ റൈറ്റിംഗ് ഫണ്ടായും ഉപയോഗിക്കാം.

**കേരള ടൂറിസം 2.0**

**55.** കോവളം, ആലപ്പുഴ, കുട്ടനാട്, കുമരകം, കൊല്ലം അഷ്ടമുടി, ബേപ്പൂർ, ബേക്കൽ, മൂന്നാർ തുടങ്ങിയ ഡെസ്റ്റിനേഷനുകൾ എക്സ്പീരിയൻഷ്യൽ വിനോദസഞ്ചാരത്തിനായി നീക്കി വയ്ക്കുന്നതിലും അത്തരം ലക്ഷ്യസ്ഥാനങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന തിലും ശ്രദ്ധ കേന്ദ്രീകരിക്കും. ഈ പുതിയ ടൂറിസം വികസന തന്ത്രത്തിന്റെ ഒരു പ്രത്യേക സവിശേഷത, ഏഴ് ടൂറിസം ഇടനാഴികളെ കണ്ടെത്തി എന്നതാണ്. തീരദേശ ശൃംഖല ഇടനാഴി, തീരദേശ ഹൈവേ ഇടനാഴി, ജലപാത–കനാൽ ഇടനാഴി, ദേശീയ പാത ഇടനാഴി, ഹെലി ടൂറിസം ഇടനാഴി, ഹിൽ ഹൈവേ ഇടനാഴി, റെയിൽവേ ഇടനാഴി എന്നിവയാണ് ടൂറിസം ഇടനാഴികൾ. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി കൈകോർത്ത് ഇവ വികസിപ്പിക്കും. **ടൂറിസം ഇടനാഴികളുടെ വികസന ത്തിനായി 50 കോടി രൂപ അനുവദിക്കുന്നു.**

## നോ-ഫ്രിൽ എയർസ്ട്രിപ്പ് ശൃംഖലകൾ

**56.** എയർസ്ട്രിപ്പുകളുടെ ശൃംഖല സ്ഥാപിക്കുമെന്നുള്ള കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായി, വിനോദസഞ്ചാരം, അന്തർ ജില്ലാ വിമാന യാത്ര എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ദുരന്ത പ്രതികരണ മാനേജ്മെന്റിനെ സഹായിക്കുന്നതിനും ഉദ്ദേശിച്ചുള്ള നോ-ഫ്രിൽ എയർസ്ട്രിപ്പുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ആദ്യ ഘട്ടത്തിൽ ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ സാധ്യതാപഠനം നടത്തുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. **സംസ്ഥാനത്തുടനീളം എയർസ്ട്രിപ്പുകൾ നടപ്പിലാക്കുന്നതിനായി ഒരു പ്രത്യേക ഉദ്ദേശ്യ കമ്പനി പി.പി.പി മോഡലിൽ സ്ഥാപിക്കും. കമ്പനി സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഇക്വിറ്റി പിന്തുണയുടെ രൂപത്തിൽ ബജറ്റിൽ 20 കോടി രൂപ നീക്കിവയ്ക്കുന്നു.**

## അതിദാരിദ്ര്യ ലഘൂകരണം

**57.** വൻകിട വികസന പദ്ധതികളും വിജ്ഞാന സമ്പദ് വ്യവസ്ഥയും വിപുലമായി ചർച്ച ചെയ്യുമ്പോഴും വിവിധ പ്രയാസങ്ങൾ നേരിടുന്നവരും ദരിദ്രരുമായ മനുഷ്യരെയും സർക്കാർ അതീവ പ്രാധാന്യത്തോടെ ചേർത്തുപിടിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ നല്ലൊരു ശതമാനം ക്ഷേമ പ്രവർത്തനങ്ങൾക്കും വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾക്കുമാണ് ചെലവഴിക്കുന്നത്.

ഇതിനോടൊപ്പം സംസ്ഥാനത്തെ അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യാനുള്ള സത്വര നടപടികൾ നാം സ്വീകരിക്കുകയാണ്.

**58.** അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ച് നീക്കുന്നതിനായി സംസ്ഥാന സർക്കാർ അതീവ ദാരിദ്ര്യ തിരിച്ചറിയൽ പ്രക്രിയ ആരംഭിച്ചു. ആദ്യ ഘട്ടമെന്ന നിലയിൽ ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ നാല് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി 64006 അതീവ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുകയും പദ്ധതിയുള്ള മാർഗ്ഗരേഖ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീ മിഷന്റെ സഹായത്തോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ മേൽ കുടുംബങ്ങളെയും വ്യക്തികളെയും കടുത്ത ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള ഗാർഹിക തല മൈക്രോലെവൽ പദ്ധതികൾ തയ്യാറാക്കി വരുന്നു. **ഗുണഭോക്താക്കളുടെ എണ്ണവുമായി ബന്ധപ്പെട്ട് മതിയായ ഫണ്ട് ലഭ്യമല്ലാത്ത തദ്ദേശസ്ഥാപനങ്ങൾക്കായി 50 കോടി രൂപ ഗ്യാപ് ഫണ്ടായി നീക്കിവെയ്ക്കുന്നു.**

**നവകേരള നഗര നയം**

സർ,

**59.** നഗരവൽക്കരണത്തിന്റെ തോത് വളരെ ഉയർന്ന സംസ്ഥാനമാണ് കേരളം. സെൻസെസ് കണക്കുകൾ

പ്രകാരം 2011–ൽ നഗരജനസംഖ്യ 47.70 ശതമാനമായിരുന്നത് 2021 ആകുമ്പോൾ 71 ശതമാന ത്തോളമായി മാറാമെന്നാണ് സെൻസെസ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ സവിശേഷമായ സാമൂഹിക–സാമ്പത്തിക സാഹചര്യ ങ്ങൾക്കനുസൃതമായി നഗരവൽക്കരണത്തിന്റെ ദിശ നിശ്ചയിക്കേണ്ടതുണ്ട്. നഗരവൽക്കരണവുമായി ബന്ധ പ്പെട്ട് നടക്കുന്ന ഏറ്റവും പുതിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നവകേരളത്തിന് സമഗ്രമായ ഒരു നഗരനയം രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുന്നു. ഇതിനായി അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ധരെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മീഷൻ രൂപീകരിക്കും.

60. **തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങൾക്കായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിൽ സഹായിക്കുന്നതിന് ഒരു അന്താരാഷ്ട്ര കൺസൾട്ടന്റിനെ തെരഞ്ഞെടുക്കും.** കേരളത്തിലെ ആറ് കോർപ്പറേഷനു കളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിക്കും. പൈതൃക മേഖലകളുടെയും പരിസര ങ്ങളുടെയും സംരക്ഷണം, കാൽനട യാത്രക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പൊതു സ്ഥലങ്ങളും വിനോദ സ്ഥലങ്ങളും സജ്ജമാക്കൽ, ശുചിത്വം മെച്ചപ്പെടുത്തൽ തുടങ്ങിയവയാകും പദ്ധതിയുടെ ഘടകങ്ങൾ. **നഗരവികസനവുമായി ബന്ധപ്പെട്ട നഗര പുനരുജ്ജീവനവും സൗന്ദര്യവൽക്കരണവും പദ്ധതിയ്ക്ക് പ്രാഥമിക ചെലവായി 300 കോടി രൂപ കണക്കാക്കുന്നു.**

**ഇതിലേക്കായി ഈ വർഷം 100 കോടി രൂപ കിഫ്ബി വഴി അനുവദിക്കുന്നു.**

## ജില്ലാ കളക്ടറേറ്റുകളിൽ സ്റ്റേറ്റ് ചേംബർ

**61.** ജില്ലാ ഭരണത്തിന്റെ ആസ്ഥാനമാണ് കളക്ടറേറ്റുകൾ. ഭരണസംവിധാനത്തിന്റെ വർദ്ധിച്ച ആവശ്യങ്ങൾക്കനുസൃതമായി കലക്ടറേറ്റുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുകയും നവീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി ഓരോ ജില്ലാ കളക്ടറേറ്റിലും 10,000 ചതുരശ്ര അടി അധിക സ്ഥലം സൃഷ്ടിക്കും. മന്ത്രിമാരുടെ അവലോകനങ്ങൾ നടത്തുന്നതിനും പൊതുജനങ്ങളുമായി ആശയ വിനിമയം നടത്തുന്നതിനും വേണ്ടി ഒരു **സംസ്ഥാന ചേംബർ കളക്ടറേറ്റുകളിൽ സ്ഥാപിക്കും. ആധുനിക ഓഡിയോ, വീഡിയോ, ഐടി സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ഓഫീസ് സ്പെയ്സുകളായാണ് പുതിയ ഇടം രൂപകൽപന ചെയ്യുക. ഇതിനായി 70 കോടി രൂപ വകയിരുത്തുന്നു.**

## നേർക്കാഴ്ച : നേത്രാരോഗ്യത്തിനുള്ള ബൃഹദ് പദ്ധതി

**62.** എല്ലാവർക്കും നേത്രാരോഗ്യം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും കാഴ്ചപരിശോധനയ്ക്ക് വിധേയരാക്കുന്ന 'നേർക്കാഴ്ച' എന്ന പദ്ധതി പ്രഖ്യാപിക്കുന്നു. ആരോഗ്യപ്രവർത്തകർ, ആശാവർക്കർമാർ, കുടുംബശ്രീ വോളന്റിയർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ ജനകീയ ക്യാമ്പയിനാണിത്. കാഴ്ചാവൈകല്യങ്ങൾ കണ്ടെത്ത

പ്പെടുന്നവരിൽ സാമ്പത്തിക പിന്നോക്കാവസ്ഥയുടെ ക്രമത്തിൽ സൗജന്യ കണ്ണടകൾ നൽകും. നാല് വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന **'നേർക്കാഴ്ച' പദ്ധതിയിലൂടെ കാഴ്ചാവൈകല്യമുള്ള എല്ലാ വ്യക്തികൾക്കും സൗജന്യ വൈദ്യോപദേശവും മരുന്നുകളും ലഭ്യമാക്കും. ഈ പദ്ധതിയ്ക്ക് 50 കോടി രൂപ വകയിരുത്തുന്നു.**

## കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR ഫണ്ട്)

**63.** കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് സമാഹരിച്ച് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിൽ കേരളം മെച്ചപ്പെട്ട സ്ഥിതിയിലല്ല എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. സി.എസ്.ആർ ഫണ്ട് ലഭ്യമാക്കാൻ കഴിയുന്ന മേഖലകളിൽ പ്രവർത്തിക്കുന്ന വകുപ്പുകളും സ്ഥാപനങ്ങളും അതിനുവേണ്ടി പ്രത്യേക ശ്രമം നടത്തേണ്ടതുണ്ട്. സി.എസ്.ആർ ഫണ്ടിന്റെ സാധ്യതകളും ഉപയോഗവും പഠിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡ് മുൻകൈയെടുക്കും.

## മനുഷ്യ–വന്യജീവി സംഘർഷം

സർ,

**64.** വന്യമൃഗങ്ങൾ വനാതിർത്തികൾ ലംഘിച്ച് അനേകം കിലോമീറ്ററുകൾ അകലെയുള്ള പട്ടണപ്രദേശങ്ങളിലേക്ക്

പോലും എത്തുന്ന വാർത്തകൾ കേരളത്തിൽ വർദ്ധിക്കുകയാണ്. കാട്ടുപന്നി, ആന, മുള്ളൻപന്നി, പുലി, കടുവ ഉൾപ്പടെയുള്ള വന്യജീവികൾ ഉയർത്തുന്ന ഭീഷണി ഗൗരവതരമാണ്. വനവും വന്യജീവികളും സംരക്ഷിക്കപ്പെടുന്നതോടൊപ്പംതന്നെ മനുഷ്യജീവനും ഉപജീവന മാർഗ്ഗങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നതിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തണം. അതിനുവേണ്ടുന്ന ശാസ്ത്രീയമായ നിർദ്ദേശങ്ങളും പരിഹാരങ്ങളും സർക്കാർ അടിയന്തിരമായി തേടും. **വന്യജീവി ആക്രമണങ്ങളുടെ നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകൾ താൽക്കാലികമായി രൂപീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായുള്ള പദ്ധതി തുകയായ 30.85 കോടി രൂപ ഉൾപ്പെടെ** മനുഷ്യ-വന്യജീവി സംഘർഷ മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾക്കായി **50.85 കോടി രൂപ അനുവദിക്കുന്നു.**

## ഊരുകൾക്ക് ഉപജീവന പദ്ധതി

**65.** സംസ്ഥാനത്തെ ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഒരു ഉപജീവന സംരംഭം നടപ്പാക്കുന്നതിന് സഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കും. വിവിധ ഏജൻസികളുടെ പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന ഒരു ജനകീയ കമ്മിറ്റി ഉപജീവന പദ്ധതികൾ തയ്യാറാക്കുവാൻ സഹായിക്കും. പദ്ധതി പുരോഗതിയുടെ അടിസ്ഥാനത്തിൽ തുക ഗഡുക്കളായി നൽകും. **ഊരുകളിൽ**

**താമസിക്കുന്ന തെരെഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് ആദ്യ വർഷം സഹായം നൽകും. ഈ പദ്ധതിയ്ക്കായി 10 കോടി രൂപ അധികമായി വകയിരുത്തുന്നു.**

## ഭാഗം III

## കൃഷി

**66.** കൃഷിക്ക് സവിശേഷമായ പരിഗണനയാണ് സർക്കാർ നൽകുന്നത്. **കാർഷിക മേഖലയ്ക്ക് ആകെ 971.71 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 156.30 കോടി രൂപ കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്നു.**

## വിള പരിപാലന മേഖല

**67. 2023–24 വർഷം ആകെ 732.46 കോടി രൂപ വിള പരിപാലന മേഖലയ്ക്കായി മാറ്റി വയ്ക്കുന്നു.**

**സർ,**

**68. നെൽക്കൃഷി വികസനത്തിന് നീക്കിവയ്ക്കുന്ന തുക ഈ വർഷത്തെ 76 കോടി രൂപയിൽ നിന്ന് 95.10 കോടി രൂപയായി ഉയർത്തുകയാണ്.**

**69.** ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കൃഷിരീതികൾക്കൊപ്പം ജൈവ കൃഷി രീതികളിലൂടെയും ഭക്ഷ്യയോഗ്യവും സുരക്ഷിതവുമായ ഭക്ഷ്യ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കും. ഇതിനായി **6 കോടി രൂപ അനുവദിക്കുന്നു.**

70. സമഗ്രമായ പച്ചക്കറി കൃഷി വികസന പദ്ധതികൾക്കായി 93.45 കോടി രൂപ വകയിരുത്തുന്നു.

71. നാളീകേര വികസന പദ്ധതിക്കായി 68.95 കോടി രൂപ വകയിരുത്തുന്നു. നാളീകേര മിഷന്റെ ഭാഗമായി വിത്ത് തേങ്ങ സംഭരിക്കുന്നതിനും കൃഷി വകുപ്പ് ഫാമുകളിലൂടെ തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുമായി 25 കോടി രൂപ വകയിരുത്തുന്നു.

72. നാളീകേരത്തിന്റെ താങ്ങുവില 32 രൂപയിൽ നിന്നും 34 രൂപയായി ഉയർത്തുന്നു.

73. സുഗന്ധ വ്യഞ്ജന കൃഷികളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 4.60 കോടി രൂപ വകയിരുത്തുന്നു.

74. വി.എഫ്.പി.സി.കെ (VFPCK) – ക്കുള്ള വകയിരുത്തൽ നടപ്പ് വർഷത്തെ 25 കോടി രൂപയിൽ നിന്ന് 30 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

75. തദ്ദേശീയവും വിദേശീയവുമായ പഴവർഗ്ഗങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഫലവർഗ്ഗ കൃഷി വിപുലീകരിക്കും. ഇതിനായി 18.92 കോടി രൂപ വകയിരുത്തുന്നു.

76. വന്യജീവികൾ ജനവാസ മേഖലകളിലേക്ക് കടക്കുന്നത് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി കൃഷിവകുപ്പിന് കീഴിൽ 2 കോടി രൂപ അനുവദിക്കുന്നു.

77. സ്മാർട്ട് കൃഷിഭവനുകൾക്കായി 10 കോടി രൂപയും 'കൃഷി ദർശൻ' പരിപാടികൾക്കായി 2.10 കോടി രൂപയും അനുവദിക്കുന്നു.

78. 'ഞങ്ങളും കൃഷിയിലേക്ക്' പരിപാടിക്ക് 6 കോടി രൂപ അനുവദിക്കുന്നു.

79. ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായ പദ്ധതിക്കായി 19.81 കോടി രൂപ വകയിരുത്തുന്നു.

80. കാർഷിക കർമ്മസേനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 8 കോടി രൂപ അനുവദിക്കുന്നു. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയ്ക്കായി 30 കോടി രൂപ വകയിരുത്തുന്നു.

81. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായി 17 കോടി രൂപയും സാങ്കേതിക സൗകര്യ വികസനത്തിനായി 12 കോടി രൂപയും വകയിരുത്തുന്നു.

82. കാർഷിക ഉല്പന്നങ്ങളുടെ വിപണനം, സംഭരണം, വെയർ ഹൗസിംഗ്, എന്നിവയ്ക്കായി 74.50 കോടി രൂപ വകയിരുത്തുന്നു.

83. ചെറുകിട - ഇടത്തര സംസ്കരണ സംരംഭങ്ങൾക്കുള്ള യന്ത്രോപകരണങ്ങൾ എഫ്.പി.ഒ-കൾ മുഖേന വാങ്ങുന്നതിനുള്ള സഹായത്തിനായി 3.75 കോടി രൂപ അനുവദിക്കുന്നു.

**മണ്ണ് – ജലസംരക്ഷണം**

**84. മണ്ണ് ജലസംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 89.75 കോടി രൂപ വകയിരുത്തുന്നു.**

**85. തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 9 തദ്ദേശഭരണ സ്ഥാപനങ്ങളിൽ സൂക്ഷ്മ നീർത്തട പദ്ധതികൾക്കായി 3 കോടി രൂപ അനുവദിക്കുന്നു. പാലക്കാട് ജില്ലയിലെ തൃത്താല, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നിയോജകമണ്ഡലങ്ങളിൽ നീർത്തട വികസനത്തിന് 2 കോടി രൂപ വീതം അനുവദിക്കുന്നു.**

**മൃഗസംരക്ഷണവും ക്ഷീരവികസനവും**

**86.** മൃഗസംരക്ഷണ ക്ഷീര വികസന ഉപമേഖലകൾക്കുള്ള ആകെ അടങ്കൽ 435.40 കോടി രൂപയാണ്. **മൃഗസംരക്ഷണവകുപ്പിന് 320.64 കോടി രൂപയും ക്ഷീരവികസന വകുപ്പിന് 114.76 കോടി രൂപയും ബജറ്റിൽ വകയിരുത്തുന്നു.** കേന്ദ്ര സഹായമായി 9.91 കോടി രൂപ പ്രതീക്ഷിക്കുന്നു.

**87. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 41 കോടി രൂപ വകയിരുത്തുന്നു.**

**സർ,**

**88. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിനുള്ള സഹായം 2022-23 ലെ 23.47 കോടി രൂപയിൽ നിന്നും 29.68 കോടി രൂപയായി ഉയർത്തുന്നു.**

89. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് കീഴിൽ പുതിയതായി ഒരു ഡയറി പാർക്ക് 20 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. ആദ്യപടിയായി 2 കോടി രൂപ വകയിരുത്തുന്നു.

90. കേരള ഫീഡ്സ് ലിമിറ്റഡിന്റെ പദ്ധതി വിഹിതം ഇരട്ടിയായി വർദ്ധിപ്പിച്ചു കൊണ്ട് 20 കോടി രൂപ വകയിരുത്തുന്നു.

91. ഡോർ സ്റ്റെപ്പ് വെറ്ററിനറി സേവനങ്ങൾ നൽകുന്ന പദ്ധതിയ്ക്ക് 20 കോടി രൂപ വകയിരുത്തുന്നു.

92. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായമായി 13.50 കോടി രൂപ വകയിരുത്തുന്നു.

93. കൊല്ലം, കാസറഗോഡ് ജില്ലകളിൽ പെറ്റ് ഫുഡ് ഫാക്ടറി സ്ഥാപിക്കുന്നതിന് 4 കോടി രൂപ വകയിരുത്തുന്നു.

ക്ഷീരവികസനം

94. ക്ഷീരവികസന മേഖലക്ക് RIDF വായ്പ അടക്കം ആകെ 114.76 കോടി രൂപ വകയിരുത്തുന്നു.

95. ക്ഷീരഗ്രാമം പദ്ധതി വ്യാപിപ്പിക്കുന്നതിനായി 2.40 കോടി രൂപ വകയിരുത്തുന്നു. 'വാണിജ്യ ക്ഷീരവികസന പ്രവർത്തനങ്ങളും മിൽക്ക്ഷെഡ് വികസന പ്രവർത്തനങ്ങളും' എന്ന പദ്ധതിക്ക് 42.33 കോടി രൂപ വകയിരുത്തുന്നു.

96. തീറ്റപ്പുൽ, അസോള, ചോള കൃഷികൾക്കുള്ള സഹായം, ജലസേചന സഹായം, **സൈലേജ് നിർമ്മാണ യൂണിറ്റുകൾ, തീറ്റപ്പുൽ ഹബ്ബ് എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 8.50 കോടി രൂപ വകയിരുത്തുന്നു.**

**97. "സംസ്ഥാന കാലിത്തീറ്റ ഫാമും മോഡൽ ഡയറി യൂണിറ്റും സ്ഥാപിക്കൽ" എന്ന പുതിയ പദ്ധതിക്കായി 11 കോടി രൂപ വകയിരുത്തുന്നു.**

**മത്സ്യബന്ധനം**

**98. മത്സ്യബന്ധന മേഖലയ്ക്കാകെ 321.31 കോടി രൂപ വകയിരുത്തുന്നു.**

**99. ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 5 കോടി രൂപ വകയിരുത്തുന്നു.**

**100. കടലോര മത്സ്യബന്ധനം പദ്ധതികൾക്കായി 61.10 കോടി രൂപ വകയിരുത്തുന്നു.**

**101. മത്സ്യരംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സമുദ്ര പ്രോജക്റ്റിന്റെ പ്രവർത്തനങ്ങൾക്ക് 3.50 കോടി രൂപ വകയിരുത്തുന്നു.**

**102.** മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ സമുദ്രത്തിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന **ശുചിത്വ – സാഗരം പദ്ധതി**

**നടപ്പാക്കുന്നതിനായി പദ്ധതി വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 5 കോടി രൂപ അനുവദിക്കുന്നു.**

**103.** മത്സ്യബന്ധന ബോട്ടുകളെ ആധുനികവത്കരിക്കാൻ 10 കോടി രൂപയുടെ ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുകയാണ്. **60% നിരക്കിൽ പരമാവധി തുകയായി 10 ലക്ഷം രൂപ വരെ സബ്സിഡിയിനത്തിൽ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.**

**104.** മത്സ്യബന്ധന ബോട്ടുകളുടെ എൻജിനുകൾ ഘട്ടംഘട്ടമായി പെട്രോൾ/ഡീസൽ എൻജിനുകളാക്കി മാറ്റുന്നതിനുള്ള **പുതിയ പദ്ധതിക്കായി ആദ്യഘട്ടത്തിൽ 8 കോടി രൂപ വകയിരുത്തുന്നു.**

**മാരികൾച്ചർ വികസനം**

**സർ,**

**105.** നോർവേയിൽ നിന്നുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിന്തുണയോടെ സമുദ്ര കൂടുകൃഷി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിലെ യോജിച്ച പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തത്തോടെ ജലകൃഷിക്കായി (Aquafarming) ജലത്തിൽ മുങ്ങിക്കിടക്കുന്ന മാതൃകാ കൂടുകൾ (Cages) സ്ഥാപിക്കാൻ വിഭാവനം ചെയ്യുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെയും (കുസാറ്റ്) ഫിഷറീസ് സർവ്വകലാശാലയുടെയും ഫിഷറീസ് മേഖലയിലെ മറ്റ്

കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും ഗവേഷണ-വികസന പിന്തുണയും ഇതിനായി ഉപയോഗിക്കും. ആധുനിക കൂട്ടുകളിൽ Lice Skirt സംരക്ഷണവും അത്യാധുനിക സെൻസർ സാങ്കേതിക വിദ്യയും ഘടിപ്പിക്കും. **ഇതിനായി 9 കോടി രൂപ അധികമായി വകയിരുത്തുന്നു.**

## സീഫുഡ് പ്രോസസ്സിംഗ് പാർക്ക് & അക്വാകൾച്ചർ വാല്യൂ അഡീഷൻ

**106.** മത്സ്യോൽപ്പന്നങ്ങളുടെ സംസ്കരണത്തിലും സംഭരണത്തിലും അന്താരാഷ്ട്ര നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും പാലിക്കേണ്ടതുണ്ട്. ഇതിന് ആധുനിക സൗകര്യങ്ങൾ ആവശ്യമാണ്. സാങ്കേതിക വിദ്യയുടെ സഹായത്തോടെ മത്സ്യോൽപ്പന്നങ്ങൾക്ക് മൂല്യവർദ്ധന വരുത്തുന്നതിൽ നോർവേ മികച്ച മാതൃകയാണ്. ഫലപ്രദമായ ശീതശൃംഖലകൾ (Cold Chains), ആധുനിക ഉപകരണങ്ങൾ, വൈദഗ്ധ്യമുള്ള മനുഷ്യശക്തി എന്നിവ വഴി വിപണനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയും. ഇതിനായി **കെ.എസ്.ഐ.ഡി.സിയുടെ കീഴിലുള്ള ഫുഡ്പാർക്ക് നവീകരിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിക്കും. പദ്ധതിയ്ക്കായി 20 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു.**

107. **പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 27 കോടി രൂപ വകയിരുത്തുന്നു.**

**108. ഉൾനാടൻ മത്സ്യബന്ധന മേഖലയ്ക്ക് 82.11 കോടി രൂപ വകയിരുത്തുന്നു.**

**109.** അക്വാകൾച്ചർ ഉത്പാദനം നിലവിലുള്ളതിന്റെ ഇരട്ടിയായ 50,000 ടൺ ആക്കി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. **അതിനായി 67.50 കോടി രൂപ നീക്കി വയ്ക്കുന്നു.**

**110. വനാമി കൊഞ്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 5.88 കോടി രൂപ വകയിരുത്തുന്നു.**

**111. നൂതന അക്വാകൾച്ചർ പ്രവർത്തനങ്ങൾക്കും കൈപ്പാട്, കോൾ, പൊക്കാളി പ്രദേശങ്ങളിൽ കൊഞ്ച് കൃഷി വ്യാപിപ്പിക്കുന്നതിനുമായി 5 കോടി രൂപ നീക്കി വയ്ക്കുന്നു.**

**112. ഫിഷ് സീഡ് ഫാക്ടറികളും ഹാച്ചറികളും വിപുലീകരിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തെക്കാൾ 5 കോടി രൂപ അധികമാണ്.**

**ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ**

**113.** ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നടത്തിയ യൂറോപ്പ് സന്ദർശനത്തിനുശേഷം രൂപീകരിച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഒരു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ്, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, നോളജ് മിഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ആർ&ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ, മത്സ്യമേഖലയിലെ ശാസ്ത്രജ്ഞർ, വിദഗ്ധർ, കയറ്റുമതിക്കാർ എന്നിവ

രുൾപ്പെട്ട ഒരു പ്രധാന ഫെസിലിറ്റേഷൻ കേന്ദ്രമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുന്നതാണ്. **കൗൺസിലിന്റെ രൂപീകരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപ വകയിരുത്തുന്നു.**

114. മത്സ്യഫെഡിന് കീഴിൽ പൂർത്തിയാകാതെ കിടക്കുന്ന ആറാട്ടുപുഴയിലെ ഫിഷ് മീൽ പ്ലാന്റിനായി 3 കോടി രൂപയും നീണ്ടകരയിലെ യാൺ ട്വിസ്റ്റിംഗ് ആന്റ് നെറ്റ് ഫാക്ടറി **പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് 5 കോടി രൂപയും ഒറ്റത്തവണ സഹായമായി ഫിഷറീസ് വകുപ്പിന് വകയിരുത്തുന്നു.**

115. ഫിഷറീസ് സർവ്വകലാശാലയുടെ പുതിയ കാമ്പസ് പയ്യന്നൂരിൽ ഉടൻ പ്രവർത്തനം ആരംഭിക്കും. **ഈ കാമ്പസിന്റെ വികസനത്തിനു വേണ്ടിയുള്ള അടിയന്തര ആവശ്യങ്ങൾക്കായി 2 കോടി രൂപ അനുവദിക്കുന്നു.**

116. **മുതലപ്പൊഴി മാസ്റ്റർ പ്ലാനിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു. ഇതുൾപ്പെടെ മത്സ്യബന്ധന തുറമുഖങ്ങളുമായി ബന്ധപ്പെട്ട 5 പദ്ധതികൾക്കായി 12.90 കോടി രൂപ വകയിരുത്തുന്നു.**

117. **നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണം, നവീകരണ പ്രവർത്തനങ്ങൾ, കണ്ണൂർ ജില്ലയിലെ അഴീക്കൽ മത്സ്യബന്ധന തുറമുഖം, കൊല്ലം ജില്ലയിലെ ആലപ്പാട് അഴീക്കൽ (കായംകുളം) മത്സ്യബന്ധന തുറമുഖം എന്നിവയുടെ ആധുനികവൽക്കരണ**

**മുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി നബാർഡ് - ആർ.ഐ.ഡി.എഫ് വായ്പാ സഹായത്തോടെ 20 കോടി രൂപ വകയിരുത്തുന്നു.**

**തീരദേശ വികസനം**

**118. തീരദേശ വികസനത്തിനുള്ള വിവിധ പദ്ധതികൾക്കായി 115.02 കോടി രൂപ വകയിരുത്തുന്നു.**

**119.** മത്സ്യബന്ധന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും മാനവശേഷി വികസനത്തിനുമായി 71 കോടി രൂപയും നബാർഡ്-ആർ.ഐ.ഡി.എഫ് വായ്പാ സഹായത്തോടെ നടത്തുന്ന **സംയോജിത തീരദേശ വികസന പദ്ധതിയുടെ പ്രവൃത്തികൾക്കായി 20 കോടി രൂപയും മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണി കൾക്കും മണ്ണ് നീക്കലിനുമായി 9.52 കോടി രൂപയും മത്സ്യബന്ധന തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയ്ക്കായി 10 കോടി രൂപയും അനുവദിക്കുന്നു.**

സർ,

**120.** 'പുനർഗേഹം' പദ്ധതിക്ക് നടപ്പ് വർഷം ബജറ്റ് വിഹിതത്തിലുപരിയായി 67.75 കോടി രൂപ അനുവദിച്ചിരുന്നു. **2023-24 ൽ പുനർഗേഹം പദ്ധതിയുടെ വകയിരുത്തൽ 16 കോടി രൂപയിൽ നിന്ന് 20 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

**121. തീരസംരക്ഷണ പ്രവൃത്തികൾക്കായി പ്രഖ്യാപിക്കുന്ന പുതിയ പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തുന്നു.**

**വനവും വന്യജീവി സംരക്ഷണവും**

122. **വനം – വന്യജീവി മേഖലയിലെ വിവിധ പദ്ധതികൾക്കായി, നബാർഡ് വായ്പ ഉൾപ്പെടെ 241.66 കോടി രൂപ വകയിരുത്തുന്നു.**

123. ജനപങ്കാളിത്തത്തോടു കൂടിയുള്ള സുസ്ഥിരമായ വനസംരക്ഷണവും വനത്തിനുള്ളിൽ ജലലഭ്യതയും **ശാസ്ത്രീയമായ വനമാനേജ്മെന്റും നടപ്പിൽ വരുത്തുന്ന പദ്ധതികൾക്കുള്ള വിഹിതം 35 കോടി രൂപയിൽ നിന്നും 50 കോടി രൂപയായി ഉയർത്തുന്നു.**

124. **"വന സംരക്ഷണ പദ്ധതി"–ക്കായി 26 കോടി രൂപ നീക്കിവയ്ക്കുന്നു.**

125. **ആധുനിക സാങ്കേതിക വിദ്യയും അത്യാധുനിക ഉപകരണങ്ങളും ഉപയോഗിച്ച് വനാതിർത്തി തിട്ടപ്പെടുത്തുക, കയ്യേറ്റങ്ങൾ തടയുക എന്നിവ ലക്ഷ്യമിടുന്ന പദ്ധതിക്കായി 28 കോടി രൂപ വകയിരുത്തുന്നു.**

**ജൈവ വൈവിധ്യ സംരക്ഷണം**

126. **ജൈവ വൈവിധ്യ സംരക്ഷണ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു. പിണറായിയിലെ കാർഷിക വൈവിധ്യ കേന്ദ്രം, വെള്ളായണി കാർഷിക കോളേജിലെ കാർഷിക ജൈവ വൈവിധ്യ പ്രവർത്തനം എന്നിവയും അടുത്ത വർഷം നടപ്പിലാക്കും.**

**127. ഇക്കോ ടൂറിസം പദ്ധതികൾക്കായി 7 കോടി രൂപ വകയിരുത്തുന്നു.**

**128. തിരുവനന്തപുരത്തെ കോട്ടൂരിൽ ലോകോത്തര നിലവാരത്തിലുള്ള ആന പുനരധിവാസ കേന്ദ്രത്തിന് ഒരു കോടി രൂപ വകയിരുത്തുന്നു.**

**129. പ്രോജക്ട് എലിഫന്റ് പദ്ധതിയുടെ സംസ്ഥാന വിഹിതമായി 5.20 കോടി രൂപ വകയിരുത്തുന്നു.**

**130. സംസ്ഥാനത്തെ 16 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം എന്ന പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായി 4.76 കോടി രൂപ വകയിരുത്തുന്നു.**

**131.** പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുമുള്ള **'പ്രോജക്ട് ടൈഗർ' പദ്ധതിയുടെ സംസ്ഥാന വിഹിതമായി 6.70 കോടി രൂപ വകയിരുത്തുന്നു.**

**132. ദേശീയ വനവൽക്കരണ പരിപാടിയുടെ സംസ്ഥാന വിഹിതമായി 4 കോടി രൂപ നീക്കി വയ്ക്കുന്നു.**

**133. പരിസ്ഥിതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രദേശങ്ങളെ പ്രകൃതിദത്ത വനങ്ങളാക്കി മാറ്റുന്നതിലൂടെ പരിസ്ഥിതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നബാർഡ് ആർ.ഐ.ഡി.എഫ് വായ്പാ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്കായി 51.57 കോടി രൂപ വകയിരുത്തുന്നു.**

**134. തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സുവോളജിക്കൽ പാർക്ക് ഈ വർഷം പ്രവർത്തനം ആരംഭിക്കും. ഇതിനായി 6 കോടി രൂപ വകയിരുത്തുന്നു.**

## ഗ്രാമവികസനം

**135. ഗ്രാമവികസന മേഖലയ്ക്കാകെ 6294.30 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര സഹായമായി 4515.29 കോടി രൂപ പ്രതീക്ഷിക്കുന്നു.**

**136.** 2023-24 ൽ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും 3110 കോടി രൂപ തൊഴിലുറപ്പ് വേതനമായി ലഭ്യമാക്കുന്നതിനും **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ** ലക്ഷ്യമിടുന്നു. **പദ്ധതിയുടെ സംസ്ഥാന വിഹിതമായി 230.10 കോടി രൂപ വകയിരുത്തുന്നു.** കേന്ദ്രവിഹിതമായി 4066.69 കോടി രൂപ പ്രതീക്ഷിക്കുന്നു.

**137. പ്രധാൻമന്ത്രി ഗ്രാമ സഡക് യോജനയുടെ (PMGSY) സംസ്ഥാന വിഹിതമായി 80 കോടി രൂപ വകയിരുത്തുന്നു.** പദ്ധതിയുടെ കേന്ദ്രവിഹിതമായി 120 കോടി രൂപ പ്രതീക്ഷിക്കുന്നു.

**138. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 65 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും. ഇതിനായി 150 കോടി രൂപ വകയിരുത്തുന്നു.**

**139. പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കുന്ന ദീൻദയാൽ – അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പൊതു വിഭാഗം, പ്രധാനമന്ത്രി ആവാസ് യോജന – ഗ്രാമീൺ (പൊതുവിഭാഗം) എന്നീ പദ്ധതികളുടെ സംസ്ഥാനവിഹിതമായി 111.86 കോടി രൂപ വകയിരുത്തുന്നു.**

**തദ്ദേശഭരണം**

**140.** തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം (വികസന ഫണ്ട്) സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിന്റെ 27.19 ശതമാനം ആയി ഉയർത്തുന്നു. പദ്ധതി വിഹിതമായി 8258 കോടി രൂപ വകയിരുത്തുന്നു. മെയിന്റനൻസ് ഫണ്ടിനത്തിൽ 3647 കോടി രൂപയും ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 2244 കോടി രൂപയും വകയിരുത്തുന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കുന്ന പദ്ധതിയായ **കേരള ഖരമാലിന്യ പരിപാലന പ്രോജക്ടിനുള്ള 210 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു.**

**141. വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി കുടുംബശ്രീക്ക് 260 കോടി രൂപ വകയിരുത്തുന്നു.**

**142. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി 24.40 കോടി രൂപ വകയിരുത്തുന്നു.** കേന്ദ്രവിഹിതമായി 36.60 കോടി രൂപ പ്രതീക്ഷിക്കുന്നു.

**143. ശുചിത്വ മിഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ അനുവദിക്കുന്നു.**

**144. ലൈഫ് മിഷന്റെ ഭാഗമായി 2023–24 –ൽ 71,861 വീടുകളും 30 ഭവന സമുച്ചയങ്ങളും നിർമ്മിക്കും. ഇതിനായി 1436.26 കോടി രൂപ നീക്കി വയ്ക്കുന്നു. ലൈഫ് മിഷൻ മുഖേന ഇതുവരെ 3,22,922 വീടുകൾ പൂർത്തികരിച്ചിട്ടുണ്ട്.**

**145. ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിക്കുള്ള കേന്ദ്ര വിഹിതമായി 97.50 കോടി രൂപ പ്രതീക്ഷിക്കുന്നു. സംസ്ഥാന വിഹിതമായി 65 കോടി രൂപ മാറ്റിവയ്ക്കുന്നു.**

**പ്രത്യേക വികസന പാക്കേജുകൾ**

**146. ഇടുക്കി വികസന പാക്കേജിനായി 75 കോടി രൂപ വകയിരുത്തുന്നു.**

**147. വയനാട് വികസന പാക്കേജിനായി 75 കോടി രൂപ വകയിരുത്തുന്നു.**

**148. കാസറഗോഡ് പാക്കേജിന് 75 കോടി രൂപ വകയിരുത്തുന്നു.**

**149.** രണ്ടാം കുട്ടനാട് പാക്കേജിന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. കാര്യക്ഷമമായ പദ്ധതി നിർവ്വഹണത്തിനായി മുഖ്യമന്ത്രി ചെയർമാനായ കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

സർ,

150. രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി വേമ്പനാട് കായലിലടക്കം കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിലെ തോടുകളും മറ്റ് ജലപാതകളും വൃത്തിയാക്കി ബണ്ടുകൾ ശക്തിപ്പെടുത്തി സംരക്ഷിക്കുന്നതിനാവശ്യമായുള്ള വകയിരുത്തൽ 87 കോടി രൂപയിൽ നിന്ന് 137 കോടി രൂപയായി ഉയർത്തുന്നു.

**ശബരിമല മാസ്റ്റർ പ്ലാൻ**

**151. ശബരിമല മാസ്റ്റർ പ്ലാനിന്റെ വിവിധ ഘടകങ്ങൾക്കായി 30 കോടി രൂപ വകയിരുത്തുന്നു.**

**152. ശബരിമലയിൽ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 10 കോടി രൂപയും പമ്പാ ഗണപതി ക്ഷേത്രത്തിൽ നിന്നും ഹിൽടോപ്പ് വരെയുള്ള സുരക്ഷാ പാലത്തിന്റെ നിർമ്മാണത്തിന് 2 കോടി രൂപയും നിലയ്ക്കൽ കോർ ഏരിയ വികസനത്തിനായി 2.50 കോടി രൂപയും പമ്പ മുതൽ സന്നിധാനം വരെ ഔഷധ കുടിവെള്ള വിതരണ സംവിധാനം ഒരുക്കുന്നതിന് 2 കോടി രൂപയും നീക്കിവയ്ക്കുന്നു. എരുമേലി മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനായി 10 കോടി രൂപ കൂടി അധികമായി അനുവദിക്കുന്നു.**

**സഹകരണം**

**153. സഹകരണ മേഖലയ്ക്ക് 140.50 കോടി രൂപ വകയിരുത്തുന്നു.**

**154.** കാർഷിക രംഗത്ത് സഹകരണ മേഖലയുടെ സമഗ്ര ഇടപെടൽ സുശക്തമാക്കുന്നതിനായി കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രികൾച്ചർ (CITA) എന്ന പദ്ധതിക്കുള്ള **വകയിരുത്തൽ 23 കോടി രൂപയിൽ നിന്ന് 34.50 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

**155. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 15.75 കോടി രൂപ വകയിരുത്തുന്നു.**

**156. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള വിദ്യാഭ്യാസ-ഗവേഷണ-പരിശീലന പരിപാടികൾക്കായി 4 കോടി രൂപയുടെ സഹായം പ്രഖ്യാപിക്കുന്നു.**

**157. സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിനായി 5.50 കോടി രൂപ വകയിരുത്തുന്നു.**

**158.** സഹകരണ ആശുപത്രികൾക്കുള്ള ധനസഹായം, ആശുപത്രി സഹകരണ സംഘങ്ങളുടെ അപക്സ് ഫെഡറേഷനുള്ള സഹായം, യുവജന സഹകരണ സംഘങ്ങൾക്കുള്ള സഹായം, സാഹിത്യ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനുള്ള സഹായം **എന്നിങ്ങനെ വിവിധ പരിപാടികൾക്കുള്ള വകയിരുത്തൽ 8.50 കോടി രൂപയിൽ നിന്നും 18.40 കോടി രൂപയായി ഉയർത്തുന്നു.**

**159. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാർ അംഗീകൃത കോഴ്സുകൾ ആരംഭിക്കുന്നതിനും**

**ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന എസ്.സി/എസ്.ടി സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നതിനും മറ്റുമായി 8 കോടി രൂപ വകയിരുത്തുന്നു.**

**160. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനുള്ള പുനർജനി പദ്ധതിയ്ക്കായി 3.60 കോടി രൂപ അനുവദിക്കുന്നു.**

**161. വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനും സഹായം അനുവദിക്കുന്നതിനായി 2.50 കോടി രൂപ നീക്കി വയ്ക്കുന്നു.**

**162. 'സഹകരണ അംഗ സമാശ്വാസ നിധി' യിലേക്കുള്ള സർക്കാർ ധനസഹായമായി 4.20 കോടി രൂപ വകയിരുത്തുന്നു.**

**163. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യമേഖലയിലെ സഹകരണ സംരംഭങ്ങൾ മുതലായവയ്ക്കായി നബാർഡ്-ആർ.ഐ.ഡി.എഫ് സഹായമായി 15 കോടി രൂപ വകയിരുത്തുന്നു.**

**സർ,**

**164.** കേരളത്തിലെ സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ പുനരാവിഷ്കരണവും നവീകരണവും നടക്കേണ്ടതുണ്ട്. ഇതിനായി **ഒരു പ്രത്യേക പദ്ധതി രൂപപ്പെടുത്തും. അതിലേക്കായി 5 കോടി രൂപയുടെ അധിക വകയിരുത്തലും പ്രഖ്യാപിക്കുന്നു.**

**165. കേരള സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി 'കേരള സഹകരണ സംരക്ഷണ നിധി' 2023-24-ൽ നിലവിൽ വരും. സഹകരണ സംഘങ്ങളുടെ കരുതൽ ശേഖരത്തിൽ നിന്ന് ഒരു നിശ്ചിത ശതമാനവും സംസ്ഥാന സർക്കാരിൽ നിന്നുള്ള വിഹിതവും സംയോജിപ്പിച്ചാണ് ഫണ്ട് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.**

**166. പ്രാഥമിക വായ്പാ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള പദ്ധതിയ്ക്കായി 28.10 കോടി രൂപ മാറ്റി വയ്ക്കുന്നു. കേരള ബാങ്ക് വഴി 100 എഫ്.പി.ഒ-കൾ രൂപീകരിക്കുന്നതിനായി 10 കോടി രൂപ അധികമായി അനുവദിക്കുന്നു.**

**ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും**

**167. ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി ആകെ 525.45 കോടി രൂപ വകയിരുത്തുന്നു.** വൻകിട-ഇടത്തരം ജലസേചന പദ്ധതികൾക്കായി 184 കോടി രൂപയും ചെറുകിട ജലസേചന പദ്ധതികൾക്കായി 169.18 കോടി രൂപയും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ പരിപാലനത്തിനുമായി 159.67 കോടി രൂപയും വകയിരുത്തുന്നു.

**168. ഇടമലയാർ ജലസേചന പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**169.** കാവേരി നദീതടത്തിലെ ജലവിഭവങ്ങളുടെ വിനിയോഗത്തിനായി ഇടത്തരം, ചെറുകിട, ജലസേചന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര നദീതട വികസന പദ്ധതി നടപ്പിലാക്കുന്നതാണ്.

**170.** 2026-ന് മുൻപ് തന്നെ സംസ്ഥാനത്തെ പണി തീരാതെ കിടക്കുന്ന എല്ലാ വലിയ ജലസേചന പദ്ധതികളും കമ്മീഷൻ ചെയ്യും. വയനാട്ടിൽ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ ജലസേചന പദ്ധതികൾ 2025-ൽ കമ്മീഷൻ ചെയ്യും. **കാരാപ്പുഴ പദ്ധതിയുടെ വകയിരുത്തൽ 17 കോടി രൂപയിൽ നിന്ന് 20 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ബാണാസുരസാഗർ പദ്ധതിയുടെ വകയിരുത്തൽ 12 കോടി രൂപയിൽ നിന്ന് 18 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

**171. കാവേരി നദീതടത്തിലെ ചെറുകിട ജലസേചന പദ്ധതികൾക്കായി 2.60 കോടി രൂപ വകയിരുത്തുന്നു.**

**172. ഭവാനി നദീതടത്തിൽ ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുന്നതിനും അട്ടപ്പാടിയിൽ ചെക് ഡാമുകൾ (തടയണ) നിർമ്മിക്കുന്നതിനുമായി 1.80 കോടി രൂപ വകയിരുത്തുന്നു.**

### പട്ടിശ്ശേരി പദ്ധതി

**173.** ഇടുക്കി ജില്ലയിലെ **പട്ടിശ്ശേരി ഡാമിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾക്കായി 14 കോടി രൂപ വകയിരുത്തുന്നു.**

**174. മംഗലം, മലമ്പുഴ, പോത്തുണ്ടി, ചിറ്റൂർപുഴ, ചേരമംഗലം എന്നീ പദ്ധതികളുടെ ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും കാഡാ കനാലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 8 കോടി രൂപ വകയിരുത്തുന്നു.**

**175. 'ഡാം പുനരുദ്ധാരണവും വികസനവും പദ്ധതി' (ഡ്രിപ്പ്) രണ്ടാം ഘട്ടത്തിനായി 58 കോടി രൂപ വകയിരുത്തുന്നു.**

**176. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ ശൃംഖലകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

**177. പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാന കനാൽ, ശാഖാ കനാൽ, വിതരണ ശൃഖല എന്നിവയുടെ നവീകരണ ത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.**

**178. പാലക്കാട് ജില്ലയിലെ ചിറ്റൂർ പുഴ, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളുടെ കനാൽ നവീകരണത്തിനായി 22 കോടി രൂപ വകയിരുത്തുന്നു.**

**179. കുട്ടനാട് മേഖലയിലെയും തോട്ടപ്പള്ളി സ്പിൽവേയിലേയും പ്രളയ നിവാരണത്തിനായി നടപ്പിലാക്കുന്ന തോട്ടപ്പള്ളി പദ്ധതിയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

**സർ,**

**180.** വേനൽക്കാലത്ത് മീനച്ചിൽ നദീതടത്തിൽ അനുഭവ പ്പെടുന്ന കടുത്ത ജലക്ഷാമത്തിനൊരു പരിഹാരം എന്ന

നിലയിൽ നദിക്ക് കുറുകെ അരുണാപുരത്ത് ഒരു ചെറിയ ഡാമും ആർസിബിയും നിർമ്മിക്കുന്ന **മീനച്ചിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകയിരുത്തുന്നു.**

**181. സംസ്ഥാനത്തുടനീളം ചെറുകിട ജലസേചന പദ്ധതികളുടെ വികസനത്തിനായി 169.18 കോടി രൂപ വകയിരുത്തുന്നു.**

**182. ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പരിശോധനകൾക്കും പഠനങ്ങൾക്കും, അവയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾക്കുമായി 15 കോടി രൂപ വകയിരുത്തുന്നു.**

**183. ഭൂഗർഭജലം അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതിക്കായി 5.58 കോടി രൂപ വകയിരുത്തുന്നു.**

**184. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കായി ആകെ 24 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ 19 കോടി രൂപ **പുതിയ** ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വേണ്ടിയായിരിക്കും.

**185. ഹരിതകേരളം മിഷനുമായി ചേർന്ന് കുളങ്ങളുടെ നവീകരണം, കുളങ്ങളെ ജലസേചന പദ്ധതികളുമായി ബന്ധിപ്പിക്കൽ മുതലായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി 7.50 കോടി രൂപ വകയിരുത്തുന്നു.**

**186.** "കമ്മ്യൂണിറ്റി മൈക്രോ-ഇറിഗേഷൻ പദ്ധതി" വഴി എല്ലാ ജില്ലകളിലും ആധുനിക രീതിയിലുള്ള മൈക്രോ-

ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 12 കോടി രൂപ വകയിരുത്തുന്നു.

**187. നദികൾ മാലിന്യമുക്തമാക്കുന്ന പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

**188.** കുട്ടനാട്ടിൽ ഏറ്റവും പരിസ്ഥിതി ലോലമായ **പ്രദേശങ്ങളിലെ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് 100 കോടി രൂപ വകയിരുത്തുന്നു.**

**189. ആലപ്പുഴ, കോട്ടയം ജില്ലകളിലെ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 37 കോടി രൂപ വകയിരുത്തുന്നു.**

**190. തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ജലസേചന വകുപ്പിന് 16.54 കോടി രൂപ വകയിരുത്തുന്നു.**

**ഊർജ്ജം**

**191.** ഊർജ്ജ മേഖലയുടെ അടങ്കൽ 1158.09 കോടി രൂപയാണ്.

**192.** ഡി.പി.ആർ ഘട്ടത്തിലുള്ളതോ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതോ ആയ ജലവൈദ്യുത പദ്ധതികളായ **ഇടുക്കി ഗോൾഡൻ ജൂബിലി പവർ ഹൗസ് പ്രോജക്ട്, മൂഴിയാർ രണ്ടാം ഘട്ടം, ലച്മി, പൂയംകുട്ടി, പെരിങ്ങൽകുത്ത് തുടങ്ങിയ വിവിധ ജലവൈദ്യുത പദ്ധതികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

193. വിവിധ സൗരോർജ്ജ പദ്ധതികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

194. ഊർജ്ജ കേരള മിഷനു കീഴിൽ 'സൗര' പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.

195. പുതിയ സബ്സ്റ്റേഷനുകൾ, ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി ഉയർത്തുന്നതിനും പ്രസരണ മേഖലയിലെ വിവിധ പ്രവൃത്തികൾക്കുമായി 300 കോടി രൂപ വകയിരുത്തുന്നു.

196. ഷോളയാർ, കുറ്റ്യാടി, ഇടുക്കി സ്റ്റേജ്-I എന്നീ ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമായി 12 കോടി രൂപ വകയിരുത്തുന്നു.

197. വൈദ്യുതവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾക്കായി 150 കോടി രൂപ വകയിരുത്തുന്നു.

198. പ്രളയ പ്രതിരോധ നിർമ്മാണങ്ങൾക്കായി KSEB യ്ക്ക് 7 കോടി രൂപ വകയിരുത്തുന്നു.

199. 'ദ്യുതി' പദ്ധതിയുടെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി 376 കോടി രൂപ വകയിരുത്തുന്നു.

200. എല്ലാ ജില്ലകളിലും ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 7.98 കോടി രൂപ വകയിരുത്തുന്നു.

സർ,

**201. ഇടമൺ-കൊച്ചി പദ്ധതിക്കുള്ള നഷ്ടപരിഹാര പാക്കേജിനായി 30 കോടി രൂപ വകയിരുത്തുന്നു.**

**202. പുനരാവർത്തക ഊർജ്ജ പദ്ധതികൾക്കുള്ള ഇന്നവേഷൻ ഫണ്ട്, വയബിലിറ്റി ഗ്യാപ് ഫണ്ട് എന്നിവയ്ക്കുള്ള സംസ്ഥാന വിഹിതമായി 34.36 കോടി രൂപ വകയിരുത്തുന്നു.**

**203. അനർട്ടിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 49 കോടി രൂപ വകയിരുത്തുന്നു.**

**204. എനർജി മാനേജ്മെന്റ് സെന്ററിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 9.14 കോടി രൂപ അനുവദിക്കുന്നു.**

വ്യവസായവും ധാതുക്കളും

**205. 2023-24 ൽ വ്യവസായ മേഖലയുടെ ആകെ അടങ്കൽ 1259.66 കോടി രൂപയാണ്. ഇതിൽ ഗ്രാമീണ ചെറുകിട വ്യവസായങ്ങൾക്കുള്ള വിഹിതം 483.40 കോടി രൂപയാണ്. കേന്ദ്ര സഹായമായി 12 കോടി രൂപ പ്രതീക്ഷിക്കുന്നു.**

**206.** ചെറുകിട വ്യവസായത്തിന് 212.70 കോടി രൂപയും കയർ വ്യവസായത്തിന് 117 കോടി രൂപയും കശുവണ്ടി വ്യവസായത്തിന് 58 കോടി രൂപയും ഖാദി-ഗ്രാമ വ്യവസായത്തിന് 16.10 കോടി രൂപയും കൈത്തറി, യന്ത്രത്തറി വ്യവസായത്തിന് 56.40 കോടി രൂപയും

കരകൗശല മേഖലയ്ക്ക് 4.20 കോടി രൂപയും വാണിജ്യത്തിന് 7 കോടി രൂപയും വകയിരുത്തുന്നു.

207. നിലവിലുള്ള **വികസന പ്ലോട്ട്/പ്രദേശങ്ങൾ എന്നിവയുടെ നവീകരണത്തിനും ആധുനീകരണത്തിനുമായി 18 കോടി രൂപ വകയിരുത്തുന്നു.**

208. **ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണ ത്തിനായി 10 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാനത്തെ 25 ഓളം എസ്റ്റേറ്റുകൾ/പാർക്കുകൾ എന്നിവയുടെ വികസനത്തിനായി 4 കോടി രൂപ വകയിരുത്തുന്നു.**

209. **കരകൗശല മേഖലയിൽ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

210. **ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെയും വിവിധ സ്ഥാപനങ്ങളിലൂടെയും 50,000 പേർക്ക് കാര്യശേഷി വികസന പരിപാടി നടപ്പാക്കാനായി 9 കോടി രൂപ വകയിരുത്തുന്നു.**

211. **സ്വയംതൊഴിൽ സംരംഭക സഹായ പദ്ധതിക്കായി 60 കോടി രൂപ വകയിരുത്തുന്നു.**

212. പ്രളയവും കോവിഡും മൂലം പ്രതിസന്ധികളിൽപ്പെട്ട് പ്രവർത്തന തടസ്സം നേരിടുന്നതോ പ്രവർത്തനം നിലച്ചുപോയതോ ആയ **MSME കളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപ അനുവദിക്കുന്നു.**

**213. നാനോ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റായി 18 കോടി രൂപ വകയിരുത്തുന്നു.**

**214. പി.എം. ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (PMFME) പദ്ധതിക്ക് സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തുന്നു.**

സർ,

**215. പ്രവർത്തനക്ഷമമായ MSME യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്നതിനുമുള്ള പ്രത്യേക പാക്കേജിനായി 21.50 കോടി രൂപ വകയിരുത്തുന്നു.**

**216. സ്വകാര്യ വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 10 കോടി രൂപ അനുവദിക്കുന്നു.**

**217.** തോട്ടം ഉൽപ്പന്നങ്ങളുടെ സുരക്ഷിത ശേഖരണത്തിനായി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ ആധുനിക വെയർഹൗസുകൾ സ്ഥാപിക്കുക, ബ്രാൻഡിംഗിന് സഹായം നൽകുക, പ്രിസിഷൻ കൃഷിരീതി, കൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായം നൽകുക എന്നിവ ഉൾപ്പെടെ **തോട്ടം മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

**218. സംരംഭങ്ങളെയും വ്യവസായങ്ങളെയും എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുമായി ബന്ധിപ്പിക്കാനും, ജില്ലകളിൽ എം.എസ്.എം.ഇ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും, പരാതി പരിഹാര കമ്മിറ്റികൾക്കായി അപ്രൈസൽ ഡെസ്ക് രൂപീകരിക്കുന്ന തിനും ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി 39 കോടി രൂപ നീക്കി വയ്ക്കുന്നു.**

**219. മുളയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസന ത്തിനായി 1.20 കോടി രൂപ വകയിരുത്തുന്നു.**

സർ,

**220. എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് 'സമഗ്ര കൈത്തറി ഗ്രാമം' സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.**

**221. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമായി 5.50 കോടി രൂപ വകയിരുത്തുന്നു.**

**222.** കണ്ണൂർ ജില്ലയിലെ നാട്ടുകാണി കിൻഫ്ര ടെക്സ്റ്റയിൽ സെന്ററിൽ ഒരു പരിസ്ഥിതി സൗഹൃദ **ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 8 കോടി രൂപ വകയിരുത്തുന്നു.**

**223. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം/നിയന്ത്രിത യന്ത്രവൽക്കരണം/പശ്ചാത്തല വികസനം എന്നിവ യ്ക്കായി 40 കോടി രൂപ വകയിരുത്തുന്നു.**

**224. കയർ മേഖലയിലെ ഗവേഷണങ്ങളും സാങ്കേതിക വിദ്യ വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായ മായി 8 കോടി രൂപ വകയിരുത്തുന്നു.**

**225. കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായ പദ്ധതിയുടെ സംസ്ഥാന വിഹിതമായി കഴിഞ്ഞ വർഷത്തേക്കാൾ 1 കോടി രൂപ അധികമായി ഉൾപ്പെടുത്തിക്കൊണ്ട് 10 കോടി രൂപ വകയിരുത്തുന്നു.**

**226.** കയർ, കയർ ഉൽപ്പന്നങ്ങളുടെ **'ഉൽപ്പാദനവും വിപണന പ്രോത്സാഹനവും' പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.** ഇത് മുൻവർഷത്തെ അപേക്ഷിച്ച് 6 കോടി രൂപ അധികമാണ്.

**227.** കയർ ഉൽപ്പന്നങ്ങളുടെയും ചകിരിയുടെയും **വില സ്ഥിരതാ ഫണ്ടിനായി 38 കോടി രൂപ വകയിരുത്തുന്നു.**

**228.** സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി 2.25 കോടി രൂപയും **കാപെക്സ്-ന്റെ കീഴിലുള്ള ഫാക്ടറികളുടെ ആധുനിക വൽക്കരണത്തിന് 3.50 കോടി രൂപയും അനുവദിക്കുന്നു.**

**229. ജൈവ കശുമാവ് കൃഷിക്കും കശുവണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനുമായി സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് 7.20 കോടി രൂപ വകയിരുത്തുന്നു.**

**230. കേരള കാഷ്യൂ ബോർഡിന് റിവോൾവിംഗ് ഫണ്ടായി 43.55 കോടി രൂപ അനുവദിക്കുന്നു.**

സർ,

**231. കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനായി പുനരുജ്ജീവന പാക്കേജിന് 30 കോടി രൂപ വകയിരുത്തുന്നു.**

**232. സംസ്ഥാനത്ത് നിക്ഷേപ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾക്കായി 770.21 കോടി രൂപ വകയിരുത്തുന്നു.**

**233. തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി 20 കോടി രൂപ വകയിരുത്തുന്നു.**

**234. സംസ്ഥാനത്തെ വിവിധ വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 31.75 കോടി രൂപ വകയിരുത്തുന്നു.**

**235. കേരള വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന് ആകെ 122.50 കോടി രൂപ വകയിരുത്തുന്നു.**

**236.** കെ.എസ്.ഐ.ഡി.സി മുഖേന **വ്യാവസായിക വളർച്ചാ കേന്ദ്രങ്ങൾക്ക് ആകെ 11.25 കോടി രൂപ വകയിരുത്തുന്നു.**

**237. കോഴിക്കോട് കുറ്റ്യാടിയിലെ നാളികേര ഇൻഡസ്ട്രിയൽ പാർക്ക് ഉൾപ്പെടെ കെ.എസ്.ഐ.ഡി.സി ക്ക് കീഴിലെ**

**വിവിധ വ്യവസായ പാർക്കുകൾക്ക് 31.75 കോടി രൂപ നീക്കിവയ്ക്കുന്നു.**

**238. കിൻഫ്ര-യ്ക്ക് 335.56 കോടി രൂപ വകയിരുത്തുന്നു.**

**239.** പെട്രോകെമിക്കൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതിയുടെ വിവിധ അടിസ്ഥാന സൗകര്യ **വികസനങ്ങൾക്കായി 44 കോടി രൂപ വകയിരുത്തുന്നു.**

**240. പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കാൻ സർക്കാർ അനുമതി ആയിട്ടുണ്ട്. പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**241.** തൊടുപുഴ മുട്ടത്തെ കിൻഫ്രയുടെ നേതൃത്വത്തിലുള്ള സ്പൈസ് പാർക്കിന് 4.50 കോടി രൂപ നീക്കിവയ്ക്കുന്നു.

**242.** റബ്ബർ മേഖലയിലെ സർക്കാരിന്റെ പ്രധാനപ്പെട്ട ഒരു ഇടപെടൽ ആണ് 1050 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന കേരള റബ്ബർ ലിമിറ്റഡ് കമ്പനി. ആദ്യഘട്ടത്തിൽ 200 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന സിയാൽ മോഡൽ റബ്ബർ കമ്പനിയുടെ **പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതമായ 10 കോടി രൂപ ഉൾപ്പെടെ 20 കോടി രൂപ വകയിരുത്തുന്നു.**

സർ,

**243.** ചെന്നൈ-ബംഗലുരു വ്യാവസായിക ഇടനാഴി പദ്ധതിയുടെ ഭാഗമായി 'കൊച്ചി-പാലക്കാട് ഹൈടെക്

ഇൻഡസ്ട്രിയൽ കോറിഡോർ'-നായുള്ള സംസ്ഥാനത്തിന്റെ പദ്ധതി ദേശീയ വ്യവസായ ഇടനാഴി വികസന നിർവ്വഹണ ട്രസ്റ്റ് അംഗീകരിച്ചുകഴിഞ്ഞു. സാമ്പത്തിക-തൊഴിൽ രംഗങ്ങളിൽ പരമാവധി വളർച്ച കൈവരിക്കുന്നതിന് കൊച്ചി-ബംഗലൂരു വ്യവസായ ഇടനാഴിയുടെ സാക്ഷാത്കാരത്തോടെ സാധ്യമാകും. പാലക്കാട് ജില്ലയിൽ, പദ്ധതിയുടെ ഒന്നാം ഘട്ടമായി 10,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനും അതുവഴി 5 വർഷത്തിനുള്ളിൽ 22,000 പേർക്ക് നേരിട്ടും 80,000 പേർക്ക് പരോക്ഷമായും തൊഴിൽ നൽകുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**244.** 3000 കോടി രൂപ നിക്ഷേപമുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും ഉൾപ്പെടുന്ന ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' രൂപീകരിക്കും. പദ്ധതിക്കായി ഏകദേശം 2000 ഏക്കർ സ്ഥലം കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1000 ഏക്കർ സ്ഥലം പ്ലാൻ ഫണ്ട് ഉപയോഗിച്ചും ബാക്കി 1000 ഏക്കർ സ്ഥലം കിഫ്ബി ഫണ്ട് ഉപയോഗിച്ചും ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി 2023-24 വർഷം **200 കോടി രൂപ വകയിരുത്തുന്നു.**

**245.** എം.എസ്.എം.ഇ -കൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള ഒരു സ്ഥിരം സംവിധാനമായി കൊച്ചിയിലെ കാക്കനാട് ആധുനിക സൗകര്യങ്ങളോടെ അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്ന ഒരു എക്സിബിഷൻ

സെന്റർ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കും. **ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.**

**246.** ടെക്സ്റ്റയിൽ മേഖല ഉൾപ്പെടെ വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള പ്രോജക്റ്റുകളുടെ അനുബന്ധ പ്രവൃത്തികൾക്കും പുതിയ പദ്ധതികൾക്കുമായി 266.90 കോടി രൂപ വകയിരുത്തുന്നു.

**247.** ഔട്ട്സോഴ്സ്ഡ് സെമികണ്ടക്ടർസ് അസംബ്ലി & ടെസ്റ്റിംഗ് ഫെസിലിറ്റി (OSAT) എന്നത് സെമികണ്ടക്ടർ മൂല്യ ശൃംഖലയിലെ സുപ്രധാന ഘടകമാണ്. ഇത്തരം ടെസ്റ്റിംഗ് ഫെസിലിറ്റി യൂണിറ്റുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതാണ്. നേരിട്ട് 1000 പേർക്കും പരോക്ഷ മായി 5000 പേർക്ക് വരെയും ജോലി നൽകാൻ കഴിയുന്ന **ഈ പുതിയ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**248.** ഇലക്ട്രോണിക് ഘടകങ്ങൾക്കും ഇന്റഗ്രേറ്റഡ് സർക്യൂട്ടുകൾക്കും പരസ്പര ബന്ധം നൽകുന്ന പ്രിന്റഡ് സർക്യൂട്ട് ബോർഡ് (പി.സി.ബി)-ന്റെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതിക്ക് 14 കോടി രൂപ വകയിരുത്തുന്നു.

**മെഡ്സ് പാർക്ക്**

സർ,

**249.** കേരളത്തിൽ ഒരു മെഡിക്കൽ സംരംഭക എക്കോ സിസ്റ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെ.എം.ടി.സി)

രൂപീകരിക്കുമെന്നും തിരുവനന്തപുരത്ത് ഒരു മെഡിക്കൽ ടെക് ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരത്തെ ബയോ 360 ലൈഫ് സയൻസ് പാർക്കിന്റെ ക്യാമ്പസിൽ മെഡ്ടെക് സ്റ്റാർട്ടപ്പുകൾക്കും നിർമ്മാതാക്കൾക്കും വേണ്ടിയുള്ള സമർപ്പിത വ്യവസായ പാർക്കായ മെഡ്സ് പാർക്ക് സജ്ജീകരിച്ചു. 2023-24-ന്റെ രണ്ടാം പകുതിയോടെ മെഡ്സ് പാർക്ക് പൂർണ്ണമായും പ്രവർത്തനക്ഷമമാകും. ഇവിടേക്ക് മെഡ് ടെക് നിക്ഷേപങ്ങളെ ആകർഷിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ കെ.എം.ടി.സി നടത്തും. ഡിജിറ്റൽ മെഡ് ടെക് മാർക്കറ്റ് പ്ലേസ് വികസിപ്പിക്കുന്ന തിനും കേരളത്തിലെ മെഡ് ടെക് മെഡിക്കൽ ഉപകരണ മേഖലയുടെ കൂടുതൽ പ്രോത്സാഹനത്തിനും കെ.എം.ടി.സിയെ സഹായിക്കുന്നതിനുമായി ബജറ്റിൽ 10 കോടി രൂപ വകയിരുത്തുന്നു.

**250. ധാതുമേഖലയുടെ വിവിധ വികസന പദ്ധതികൾക്കായി 6.05 കോടി രൂപ വകയിരുത്തുന്നു.**

**വിവര സാങ്കേതിക വിദ്യ**

**251. വിവര സാങ്കേതിക വിദ്യാ മേഖലയ്ക്കായി 559 കോടി രൂപ വകയിരുത്തുന്നു.**

**252. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന് 127.37 കോടി രൂപ അനുവദിക്കുന്നു.**

**253. സ്റ്റേറ്റ് ഡാറ്റാ സെന്ററിനായി 53 കോടി രൂപ വകയിരുത്തുന്നു.**

**254. IIITM-K യുടെ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടെ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്കായി 46.60 കോടി രൂപ വകയിരുത്തുന്നു.**

**255. തിരുവനന്തപുരം ടെക്നോപാർക്കിന്റെ പ്രവർത്തന ങ്ങൾക്കായി 26.60 കോടി രൂപയും, കൊച്ചി ഇൻഫോപാർക്കിന്റെ വികസനത്തിനായി 35.75 കോടി രൂപയും, കോഴിക്കോട് സൈബർ പാർക്കിന് 12.83 കോടി രൂപയും വകയിരുത്തുന്നു.**

**256.** പൊതുമേഖലാ സ്ഥാപനമായ **കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് 201.09 കോടി രൂപ വകയിരുത്തുന്നു.**

**257. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) പദ്ധതിക്ക് 100 കോടി രൂപ അനുവദിക്കുന്നു.** ഒരു നിയമസഭാ മണ്ഡലത്തിൽ 500 കുടുംബങ്ങൾ എന്ന കണക്കിൽ അർഹരായ 70,000 ബി.പി.എൽ. കുടുംബങ്ങൾക്ക് കെ.ഫോൺ പദ്ധതിക്ക് കീഴിൽ സൗജന്യ **ഗാർഹിക ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് 2 കോടി രൂപ അനുവദിക്കുന്നു.**

സർ,

**258. കേരള സ്പെയ്സ് പാർക്കിന് (കെ-സ്പെയ്സ് ) 71.84 കോടി രൂപ വകയിരുത്തുന്നു.**

259. **കേരള സ്റ്റാർട്ട് അപ്പ് മിഷന് 90.52 കോടി രൂപ വകയിരുത്തുന്നു.** കൊച്ചി ടെക്നോളജി ഇന്നവേഷൻ സോണിന് 20 കോടി രൂപയും യുവജന സംരംഭകത്വ വികസന പരിപാടികൾക്കുള്ള 70.52 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. **ഫണ്ട് ഓഫ് ഫണ്ട്സ് വിഹിതത്തിനായി 30 കോടി രൂപ അധികമായി അനുവദിക്കുന്നതുൾപ്പെടെ ആകെ 120.52 കോടി രൂപ വകയിരുത്തുന്നു.**

**ഗതാഗതവും വാർത്താവിനിമയവും**

260. **ഗതാഗത മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്കുള്ള വിഹിതം 2022-23 ൽ 1788.67 കോടി രൂപയായിരുന്നത് 2023-24 ൽ 2080.74 കോടി രൂപയായി ഉയർത്തുന്നു.**

261. **തുറമുഖം, ലൈറ്റ് ഹൗസ്, ഷിപ്പിംഗ് മേഖലയ്ക്കായി 80.13 കോടി രൂപ വകയിരുത്തുന്നു.**

262. **ആലപ്പുഴ മറീന പോർട്ടിനായി 5 കോടി രൂപ വകയിരുത്തുന്നു.**

263. **കേരളാ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ വകയിരുത്തുന്നു.**

264. **അഴീക്കൽ, ബേപ്പൂർ (കോഴിക്കോട്), കൊല്ലം, വിഴിഞ്ഞം, പൊന്നാനി എന്നീ തുറമുഖങ്ങളിൽ ഷിപ്പിംഗ് പ്രവർത്തനങ്ങൾക്കുള്ള തുറമുഖ അടിസ്ഥാന സൗകര്യ**

**വികസന പദ്ധതിക്കായി ആകെ 40.50 കോടി രൂപ വകയിരുത്തുന്നു.**

സർ,

**265. കേരളത്തിന്റെ വടക്ക ഭാഗത്ത് തുറമുഖ ആവശ്യങ്ങൾ നിറവേറ്റുക എന്ന ഉദ്ദേശത്തോടെ അഴീക്കലിൽ ഒരു ഗ്രീൻഫീൽഡ് ഇന്റർനാഷണൽ പോർട്ട് (ഔട്ടർ ഹാർബർ) വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. മൂന്ന് ഘട്ടങ്ങളിലായി വിഭാവനം ചെയ്തിരിക്കുന്ന മലബാർ ഇന്റർനാഷണൽ പോർട്ട് ആന്റ് സെസ് ലിമിറ്റഡ്-ഗ്രീൻഫീൽഡ് ഇന്റർ നാഷണൽ പോർട്ട് ആന്റ് സെസിന്റെ വികസന പദ്ധതിയുടെ ആകെ ചെലവ് 3698 കോടി രൂപയാണ്. പദ്ധതിയ്ക്കായി 9.74 കോടി രൂപ വകയിരുത്തുന്നു.**

**266. ദേശീയപാത ഉൾപ്പെടെയുള്ള റോഡുകൾക്കും പാലങ്ങൾക്കുമായി 1144.22 കോടി രൂപ വകയിരുത്തുന്നു.**

**പൊതുമരാമത്ത് വകുപ്പ് – റോഡുകളും പാലങ്ങളും**

**267. സംസ്ഥാന പാതകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതിക്കായി 75 കോടി രൂപ വകയിരുത്തുന്നു.**

**268. പ്രധാന ജില്ലാ റോഡുകളുടെ വികസനവും മെച്ചപ്പെടുത്തലുമായി ബന്ധപ്പെട്ട പദ്ധതിക്കായി 288.27 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 225 കോടി രൂപ**

**സംസ്ഥാനത്തെ ഡിഫക്ട് ലയബിലിറ്റി പിരീഡ് കഴിഞ്ഞ പ്രധാന ജില്ലാ ബി.എം & ബി.സി റോഡുകളുടെ ആവർത്തന പരിപാലന ചെലവ് കുറയ്ക്കുന്നതിനായി ഓവർലെയിംഗ് പ്രവൃത്തിക്ക് മാത്രമായി അനുവദിക്കുന്ന ഒറ്റത്തവണ സഹായമായിരിക്കും.**

**269.** 82 കിലോമീറ്റർ നീളം വരുന്നതും 765.44 കോടി രൂപ ആകെ നിർമ്മാണ ചെലവ് വരുന്നതുമായ പുനലൂർ-പൊൻകുന്നം റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ ഇ.പി.സി മോഡിലേക്ക് പരിവർത്തനം ചെയ്യുന്നതാണ്.

**270. റെയിൽവേ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 12.10 കോടി രൂപ വകയിരുത്തുന്നു.**

**271. റോഡ് സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്കായി 10.51 കോടി രൂപ വകയിരുത്തുന്നു.**

**272. കേന്ദ്ര റോഡ് ഫണ്ട് പ്രവൃത്തികൾക്കായി 61.85 കോടി രൂപ നീക്കി വയ്ക്കുന്നു.**

**റോഡ് ഗതാഗതം**

**273. റോഡ് ഗതാഗത മേഖലയ്ക്കായി ആകെ 184.07 കോടി രൂപ വകയിരുത്തുന്നു. ഇതിൽ നിന്നും കെ.എസ്.ആർ.ടി.സി-ക്ക് 131 കോടി രൂപയും, മോട്ടോർ വാഹന വകുപ്പിന് 44.07 കോടി രൂപയും നീക്കിവയ്ക്കുന്നു.**

സർ,

**274.** കെ.എസ്.ആർ.ടി.സി വാഹന വ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിഹിതം **2022-23 ൽ 50 കോടി രൂപയായിരുന്നത് 75 കോടി രൂപയായി ഉയർത്തുന്നു.**

**275. KSRTC യുടെ അടിസ്ഥാന സൗകര്യ വികസനം, വർക്ക്ഷോപ്പ് ഡിപ്പോകളുടെ നവീകരണം മുതലായ പ്രവർത്തനങ്ങൾക്കായി 30 കോടി രൂപയും കമ്പ്യൂട്ടർവത്ക്കരണവും ഇ-ഗവേണൻസും നടപ്പിലാക്കാനായി 20 കോടി രൂപയും വകയിരുത്തുന്നു.**

**276.** പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചതിനാൽ കോട്ടയം കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിലെ കെട്ടിടത്തിന്റെ നിർമ്മാണച്ചെലവിൽ വലിയ കുറവാണുണ്ടായത്. വിഴിഞ്ഞം, ആറ്റിങ്ങൽ, കൊട്ടാരക്കര, കായംകുളം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ചെലവ് കുറഞ്ഞ നിർമ്മാണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ മന്ദിരങ്ങൾ നിർമ്മിക്കും. **ഇതിനായി 20 കോടി രൂപ അധികമായി അനുവദിക്കുന്നു.**

**277. ഇ-മൊബിലിറ്റി പ്രചാരണ പ്രവർത്തനങ്ങൾക്കായി 15.55 കോടി രൂപ വകയിരുത്തുന്നു.**

**278.** സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആകെ 141.66 കോടി രൂപ വകയിരുത്തുന്നു. **ജലഗതാഗത വകുപ്പിന് പുതിയ ഗതാഗത ബോട്ടുകൾ വാങ്ങാൻ 24 കോടി രൂപ വകയിരുത്തുന്നു.**

**279. ഉൾനാടൻ ജലമാർഗ്ഗത്തിലൂടെ വലിയ തോതിൽ ചരക്ക് നീക്കുന്നതിനുള്ള ബാർജ്ജുകളുടെ നിർമ്മാണം പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചുള്ള പദ്ധതിയ്ക്കായി 2.50 കോടി രൂപ വകയിരുത്തുന്നു.**

**280. പുതിയ ക്രൂയിസ് വെസ്സൽ നിർമ്മിക്കാൻ 4 കോടി രൂപ വകയിരുത്തുന്നു.**

**281. ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് 4.51 കോടി രൂപ വകയിരുത്തുന്നു.**

**282. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി 2.01 കോടി രൂപ വകയിരുത്തുന്നു.**

**വിനോദസഞ്ചാരം**

**283. വിനോദസഞ്ചാര മേഖലയ്ക്ക് 362.15 കോടി രൂപ അനുവദിക്കുന്നു.**

**284.** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്,

ഫുഡ് ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾക്ക് 19.30 കോടി രൂപ അനുവദിക്കുന്നു.

**285. അന്തർദേശീയ ടൂറിസം പ്രചാരണത്തിനായി 81 കോടി രൂപ വകയിരുത്തുന്നു.**

**286. തൃശ്ശൂർ പൂരം ഉൾപ്പെടെയുള്ള പൈതൃക ഉത്സവങ്ങൾക്കും, പ്രാദേശിക, സാംസ്കാരിക പരിപാടികൾക്കുമായി 8 കോടി രൂപയും 2024-കേരള ട്രാവൽമാർട്ട് സംഘടിപ്പിക്കുന്ന തിനായി 7 കോടി രൂപയും കൊച്ചി-മുസിരിസ് ബിനാലെയ്ക്ക് 2 കോടി രൂപയും വകയിരുത്തുന്നു.**

**287.** ടൂറിസം മേഖലയിൽ വൈദ്യുതി സബ്സിഡിയിനത്തിൽ 10 കോടി രൂപയും കാരവൻ ടൂറിസം സംരംഭങ്ങൾക്കുള്ള സബ്സിഡിയിനത്തിൽ 3.70 കോടി രൂപയും **റിവോൾവിംഗ് ഫണ്ട് പദ്ധതി തുടരുന്നതിനായി 3 കോടി രൂപയും വകയിരുത്തുന്നു.**

**288. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന വികസനവും മറ്റ് സൗകര്യങ്ങളും സാധ്യമാക്കുന്നതിന് 135.65 കോടി രൂപ വകയിരുത്തുന്നു.**

**കാപ്പാട് ചരിത്ര മ്യൂസിയം**

സർ,

**289.** 1498-ൽ വാസ്കോഡഗാമ കപ്പലിറങ്ങിയ കാപ്പാട് തുറമുഖം കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും പൗരാണിക പ്രാധാന്യമുള്ള പ്രദേശങ്ങളിലൊന്നാണ്. കാപ്പാടിന്റെ

ചരിത്രപരമായ പ്രാധാന്യം പ്രതിഫലിപ്പിക്കുന്ന ഒരു മ്യൂസിയം സ്ഥാപിക്കും. **സാംസ്കാരിക-ടൂറിസം മേഖലയിൽ കേരളത്തിലെ ഒരു പ്രമുഖ കേന്ദ്രമായി മാറാൻ കഴിയുന്ന ഈ മ്യൂസിയത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.**

**ഓഷ്യനേറിയവും മ്യൂസിയവും**

**290.** പൗരാണികമായ വ്യാപാര കേന്ദ്രമാണ് കൊല്ലം. ചൈനീസ്, അറബ്, പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് വ്യാപാരികൾ കൊല്ലവുമായി കച്ചവട ബന്ധം സ്ഥാപിച്ചിരുന്നു. കൊല്ലത്തിന്റെ വ്യാപാര വാണിജ്യ ചരിത്രം വിശദീകരിക്കുന്ന ഒരു മ്യൂസിയവും അതോടൊപ്പം ഒരു ഓഷ്യനേറിയവും കൊല്ലം തങ്കശ്ശേരിയിൽ സ്ഥാപിക്കും. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ യാകും ഓഷ്യനേറിയം സ്ഥാപിക്കുക. **ടൂറിസം രംഗത്തിന് ഗുണകരമാകുന്ന ഈ പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**291. അതിഥി മന്ദിരങ്ങളുടെയും യാത്രി നിവാസുകളുടെയും കേരള ഹൗസുകളുടെയും നവീകരണ- പുനരുദ്ധാരണ പ്രവൃത്തികൾക്കായി 22 കോടി രൂപ വകയിരുത്തുന്നു.**

**292. ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്കായി 9.50 കോടി രൂപ വകയിരുത്തുന്നു.**

**293. ഹെറിറ്റേജ് ആന്റ് സ്പൈസ് റൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി മുസിരിസ്, ആലപ്പുഴ, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടുകൾക്കായി 17 കോടി രൂപ നീക്കി വയ്ക്കുന്നു.**

**294.** **ചാമ്പ്യൻസ് ബോട്ട് ലീഗിന് 12 കോടി രൂപ നീക്കിവയ്ക്കുന്നു.**

## ശാസ്ത്ര സേവനങ്ങളും ഗവേഷണവും

**295.** **ശാസ്ത്ര സാങ്കേതിക മേഖലയിൽ "ഇന്നവേഷനും സംരംഭകത്വവും" എന്ന പദ്ധതിക്കായി 2 കോടി രൂപ നീക്കി വയ്ക്കുന്നു.**

**296.** **കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് ആകെ 90.77 കോടി രൂപ വകയിരുത്തുന്നു.**

## കെ-ഡിസ്ക്

**297.** സംസ്ഥാനത്തിന്റെ രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇന്നവേഷൻ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ-ഡിസ്ക് രൂപീകരിക്കപ്പെട്ടിട്ടുള്ളത്. കെ-ഡിസ്കിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഒരു ഇന്നവേഷൻ സൗഹൃദ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ട്. വിവിധ മേഖലകളിലായി നൂതനമായ നിരവധി പദ്ധതികൾ കെ-ഡിസ്ക് ഏറ്റെടുത്തിരിക്കുന്നു. ഇന്നവേഷന്റെ ആഗോള തലസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള ലക്ഷ്യമാണ് കെ-ഡിസ്കിനുള്ളത്. 2023-24 ൽ കെ-ഡിസ്കിനായി 100 കോടി രൂപ വകയിരുത്തുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)

**298.** 27000 ചതുരശ്ര അടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ

ലബോറട്ടറി സൗകര്യം വികസിപ്പിക്കുന്നതിന് 80000 ചതുരശ്ര അടി കൂട്ടിച്ചേർക്കുവാൻ ഉദ്ദേശിക്കുന്നു. വിപുലമായ മോളിക്കുലാർ ഡയഗ്നോസ്റ്റിക് സൗകര്യം ഇതിനകം പ്രവർത്തനക്ഷമമാണ്. അത്യാധുനിക ബയോസേഫ്റ്റി ലെവൽ-3 ലാബുകൾ, ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങൾ, പരീക്ഷണ സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതാണ്. **ഇൻസ്റ്റിറ്റ്യൂട്ടിനായി 50 കോടി രൂപ വകയിരുത്തുന്നു.**

**299. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന് 81 കോടി രൂപ വകയിരുത്തുന്നു.**

**300.** ആർ.സി.സി. -യെ സംസ്ഥാന കാൻസർ സെന്ററായി ഉയർത്തുന്നതിന് ആകെ 120 കോടി രൂപ ചെലവ് വരും. ഇതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയും ആദ്യഗഡു അനുവദിക്കുകയും ചെയ്തിട്ടുണ്ട്. **പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 13.80 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.**

**301. മലബാർ കാൻസർ സെന്ററിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ആരോഗ്യ വിദ്യാഭ്യാസമേഖലയ്ക്ക് കീഴിൽ 28 കോടി രൂപ അനുവദിക്കുന്നു.**

**302. കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. കൊച്ചിൻ കാൻസർ സെന്ററിന് ആരോഗ്യ വിദ്യാഭ്യാസമേഖലയ്ക്ക് കീഴിൽ 14.50 കോടി രൂപ അനുവദിക്കുന്നു.**

303. പരിസ്ഥിതി ആവാസ വ്യവസ്ഥാ മേഖലയിലെ വിവിധ പദ്ധതികൾക്കായി ആകെ 26.38 കോടി രൂപ വകയിരുത്തുന്നു.

വിദ്യാഭ്യാസം

304. വിദ്യാഭ്യാസ മേഖലയ്ക്ക് സംസ്ഥാന പദ്ധതി വിഹിതമായി 1773.09 കോടി രൂപ നീക്കിവയ്ക്കുന്നു.

305. സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ആകെ വിഹിതം 85 കോടി രൂപയിൽ നിന്നും 95 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

306. സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിനായി 140 കോടി രൂപ വകയിരുത്തുന്നു.

307. ഓട്ടിസം പാർക്കിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിക്കുന്നു.

308. സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 65 കോടി രൂപ വകയിരുത്തുന്നു.

309. സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിലേക്ക് സംസ്ഥാന വിഹിതമായി 60 കോടി രൂപ നീക്കിവയ്ക്കുന്നു.

310. ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതമായി 344.64 കോടി രൂപ വകയിരുത്തുന്നു.

## ഉന്നത വിദ്യാഭ്യാസം

സർ,

**311.** കൂടുതൽ മികവു കൈവരിക്കുന്നതിന് സർവ്വകലാശാലകളേയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സഹായിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതിയ്ക്ക് 2023-24 ൽ രൂപം നൽകും. **ഇതിനായി 816.79 കോടി രൂപ ഉന്നതവിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമായി വകയിരുത്തിയിട്ടുണ്ട്.**

## ട്രാൻസ്ലേഷണൽ ഗവേഷണത്തിനായി റിസ്ക് ഫണ്ട്

**312.** ഗവേഷണ ഫലങ്ങളെ ഉൽപ്പാദനപ്രക്രിയയിലേക്ക് വാണിജ്യാടിസ്ഥാനത്തിൽ ട്രാൻസ്ലേറ്റ് ചെയ്യാൻ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അക്കാഡമിക് സ്ഥാപനങ്ങളോടൊപ്പം ചേർന്ന് വിജ്ഞാനോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള റിസ്ക് കുറയ്ക്കുന്നതിനായി ഒരു ഗവേഷണ ഫണ്ട് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സാങ്കേതികവിദ്യകൾ ട്രാൻസ്ലേറ്റ് ചെയ്യുന്നതിനായി വ്യവസായങ്ങളും സർവ്വകലാശാലകളും കൂടിച്ചേർന്ന് രൂപീകരിക്കുന്ന SPV-യിൽ മൂലധന നിക്ഷേപത്തിനായി ഈ ഫണ്ട് ഉപയോഗിക്കും. വിജയകരമായി പ്രവർത്തിക്കുന്ന എസ്.പി.വികളുടെ വരുമാനത്തിൽ നിന്നും ഫണ്ട് തിരിച്ചുപിടിക്കും. **ഗവേഷണ ഫണ്ടിനുള്ള പ്രാരംഭ പിന്തുണയായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.**

**313. ഉന്നതവിദ്യാഭ്യാസ കമ്മീഷനുകൾ നിർദ്ദേശിച്ച വിധത്തിൽ കേരളത്തിലെ വിവിധ വൈജ്ഞാനിക മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 14 കോടി രൂപ വകയിരുത്തുന്നു.**

**314. ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 19 കോടി രൂപ വകയിരുത്തുന്നു.**

**315.** കണ്ണൂർ സർവ്വകലാശാലയിൽ സെന്റർ ഫോർ അറ്റ്മോസ്ഫെറിക് സയൻസസ്, കോസ്റ്റൽ ഇക്കോസിസ്റ്റം സ്റ്റഡീസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ് കേന്ദ്രം, പ്രോട്ട്യോമിക്സ് ആന്റ് ജീനോമിക് റിസർച്ച് കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകും.

സർ,

**316. തലശ്ശേരി ബ്രണ്ണൻ കോളേജിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അക്കാഡമിക് കോംപ്ലക്സ് നിർമ്മിക്കും. 30 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ വർഷം 10 കോടി രൂപ അനുവദിക്കുന്നു.**

**317.** തൊഴിലുകൾ സൃഷ്ടിക്കുന്നതിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. നൈപുണ്യവികസനം ഉറപ്പുവരുത്തുന്നതിന് **Additional Skill Acquisition Programme (ASAP)-ന് 35 കോടി രൂപ വകയിരുത്തുന്നു.**

**318.** സർവ്വകലാശാലകളുടെ അക്കാദമിക് രംഗത്തെ മികവ് മാറ്റുരയ്ക്കുന്നതിനായി അന്തർസർവ്വകലാശാല അക്കാദമിക് ഫെസ്റ്റിവൽ ഈ വർഷം ആരംഭിക്കും.

**319. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് കോളേജുകൾക്ക് 98.35 കോടി രൂപ ധനസഹായം നൽകും.**

**320.** ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള അടിയന്തര നടപടിയെന്ന നിലയിൽ സർവ്വകലാശാല-കോളേജ് തലങ്ങളിലെ **ഗസ്റ്റ് ലക്ചറർമാർക്കുള്ള പ്രതിഫലം വർദ്ധിപ്പിക്കും.**

**321. രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാന് കീഴിലുള്ള വിവിധ ഘടകങ്ങളുടെ നടത്തിപ്പിന് സംസ്ഥാന വിഹിതമായി 50 കോടി രൂപ വകയിരുത്തുന്നു.**

**സാങ്കേതിക വിദ്യാഭ്യാസ മേഖല**

**322. സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്കായി 2023-24 വർഷത്തേക്ക് 252.40 കോടി രൂപ വകയിരുത്തുന്നു.**

**323. കേരള സ്റ്റേറ്റ് സയൻസ് & ടെക്നോളജി മ്യൂസിയത്തിന്റെ (KSSTM) തിരുവനന്തപുരം കാമ്പസ്, ചാലക്കുടി, പരപ്പനങ്ങാടി റീജിയണൽ സയൻസ് സെന്ററുകൾ, സയൻസ് സിറ്റി- കോട്ടയം എന്നിവയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 23 കോടി രൂപ അനുവദിക്കുന്നു.**

**324. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 40.50 കോടി രൂപ വകയിരുത്തുന്നു.**

**325. ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകളുടെ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 43.20 കോടി രൂപ വകയിരുത്തുന്നു.**

**326.** സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് നിലവിലുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ പോളിടെക്നിക് കോളേജുകളിലും മെറ്റീരിയൽ ടെസ്റ്റിംഗ് & സർട്ടിഫിക്കേഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്.

സർ,

**327.** കണ്ണൂർ ജില്ലയിൽ പിണറായി കേന്ദ്രമായി സ്ഥാപിക്കുന്ന എഡ്യൂക്കേഷൻ ഹബിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കുന്നതാണ്.

**കലയും സംസ്കാരവും**

**328. കലാ സാംസ്കാരിക മേഖലയുടെ വികസനത്തിനായി 183.14 കോടി രൂപ വകയിരുത്തുന്നു.**

**329.** കലാകാരന്മാർക്ക് നൽകുന്ന സഹായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നൽകുന്ന ഫെലോഷിപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കും.

**330. 'യുവ കലാകാരൻമാർക്കായുള്ള വജ്രജൂബിലി ഫെലോഷിപ്പ്' പദ്ധതിക്കായി 13 കോടി രൂപ വകയിരുത്തുന്നു.**

**331. പുരാവസ്തു വകുപ്പിന് 20.90 കോടി രൂപയും, മ്യൂസിയം & സൂ ഡയറക്ടറേറ്റിന് 28.75 കോടി രൂപയും സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 113.29 കോടി രൂപയും വകയിരുത്തുന്നു.**

**332.** ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ കീഴിൽ കോട്ടയത്തും ചാലക്കുടിയിലും സ്ഥാപിക്കുന്ന പ്ലാനറ്റോറിയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കും.

**333. ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനായി 5.50 കോടി രൂപ വകയിരുത്തുന്നു.**

**334. തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളുടെ നവീകരണത്തിനും പുതിയ മൃഗങ്ങളെ ലഭ്യമാക്കുന്നതിനും വെർച്വൽ പെറ്റ് അഡോപ്ഷൻ പദ്ധതി ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കുമായി 8.15 കോടി രൂപ മാറ്റി വയ്ക്കുന്നു.**

**എ.കെ.ജി മ്യൂസിയം**

സർ,

**335.** മഹാനായ വിപ്ലവകാരിയും സ്വാതന്ത്ര്യസമരസേനാനിയും രാജ്യത്തിന്റെ ആദ്യത്തെ പ്രതിപക്ഷ നേതാവുമായിരുന്ന ആയില്ല്യത്ത് കുറ്റ്യാരി ഗോപാലൻ എന്ന എ.കെ.ജി. 'പാവങ്ങളുടെ പടത്തലവൻ' എന്ന് അറിയപ്പെടുന്നു. എ.കെ.ജി.-യുടെ ജീവിതം കേരളത്തിലെ സമരമുന്നേറ്റങ്ങളുടെ നേർചരിത്രം കൂടിയാണ്. A.K.ഗോപാലന്റെ ജീവിതവും പോരാട്ടങ്ങളും അടയാളപ്പെടുത്തുന്ന **കണ്ണൂർ,**

**പെരളശ്ശേരി AKG മ്യൂസിയത്തിനായി 6 കോടി രൂപ വകയിരുത്തുന്നു.**

## കല്ലുമാല സമര സ്ക്വയർ

**336.** കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിലെ സമുജ്ജ്വല മായ ഏടാണ് കല്ലുമാല സമരം. 1915 ഡിസംബറിൽ കൊല്ലം പീരങ്കി മൈതാനത്ത് ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ അധ്യക്ഷതയിൽ നടന്ന മഹായോഗത്തിലാണ് മഹാത്മ അയ്യങ്കാളി കല്ലയും മാലയും ബഹിഷ്കരിക്കാൻ സ്ത്രീകളോട് ആഹ്വാനം ചെയ്തത്. മാറ് മറച്ച് വസ്ത്രം ധരിക്കാനുള്ള കേരളീയ സ്ത്രീകളുടെ പോരാട്ടങ്ങളിലെ നിർണ്ണായക സംഭവമായിരുന്നു കല്ലുമാല ബഹിഷ്കരണം. കേരളീയ സ്ത്രീകളുടെ സ്വാഭിമാന പോരാട്ട ചരിത്രത്തിന്റെയും നവോത്ഥാന മുന്നേറ്റ ത്തിന്റെയും സ്മാരകമായി കൊല്ലം പീരങ്കി മൈതാനത്തെ കല്ലുമാല സമര മൈതാനമായി സംരക്ഷിക്കും. **പീരങ്കിമൈതാനത്ത് കല്ലുമാല സ്ക്വയർ നിർമ്മിക്കും. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.**

## വൈക്കം സത്യാഗ്രഹ ശതാബ്ദി

337. **നമ്മുടെ നാടിന്റെ നവോത്ഥാന ചരിത്രത്തിലെ സുപ്രധാന സംഭവമാണ് വൈക്കം സത്യാഗ്രഹം. 2024 ൽ വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദിയാണ്. ഇത് സർക്കാർ സമുചിതമായി ആഘോഷിക്കും.**

**338. KSFDC യുടെ കീഴിലുള്ള തീയറ്ററുകളുടെ ആധുനിക വത്കരണം, OTT പ്ലാറ്റ്ഫോം നിർമ്മാണം, സിനിമ നിർമ്മാണം എന്നിവക്കായി 17 കോടി രൂപ നീക്കിവയ്ക്കുന്നു.**

**339.** സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിലുള്ള **അന്താരാഷ്ട്ര നാടകോത്സവത്തിന് (ITFOK) പ്രത്യേക ധനസഹായമായി ഒരു കോടി രൂപ നൽകും.** കേരള സാഹിത്യ അക്കാദമിക്ക് മലയാള സാഹിത്യ സമ്മേളനം സംഘടിപ്പിക്കുന്നതിന് **ഒരു കോടി രൂപ നൽകും.**

**340. കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് 15 ലക്ഷം രൂപ അനുവദിക്കുന്നു.**

**341. തിരുവനന്തപുരം ചെമ്പഴന്തിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ അന്തർദേശീയ പഠന കേന്ദ്രത്തിന് 35 ലക്ഷം രൂപ അനുവദിക്കുന്നു.**

**സ്പോർട്സും യുവജനക്ഷേമവും**

**342. കായിക യുവജനകാര്യ വകുപ്പിന്റെ വിവിധ പദ്ധതി കൾക്കായി 135.75 കോടി രൂപ വകയിരുത്തുന്നു.**

**343. തിരുവനന്തപുരത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിന്റെയും, സ്പോർട്സ് ഡിവിഷൻ കണ്ണൂരിന്റെയും അപ്ഗ്രേഡേഷനും ശേഷി വർദ്ധിപ്പിക്കലിനുമായി 20 കോടി രൂപ വകയിരുത്തുന്നു.**

**344.** തൃശ്ശൂർ കുന്നംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ സ്ഥാപിച്ച **സ്പോർട്സ് വിഭാഗത്തിന്**

**ഹോസ്റ്റൽ, മെസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി 3.60 കോടി രൂപ വകയിരുത്തുന്നു.**

**345.** **കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് 35.90 കോടി രൂപ നീക്കി വയ്ക്കുന്നു.**

**346.** **കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് 18.95 കോടി രൂപ വകയിരുത്തുന്നു.**

**പൊതുജനാരോഗ്യ മേഖല**

**347.** 2023-24 സാമ്പത്തിക വർഷത്തിൽ വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും എന്ന മേഖലയ്ക്ക് ആകെ വിഹിതമായി 2828.33 കോടി രൂപ വകയിരുത്തുന്നു. **ഇത് മുൻ വർഷത്തേക്കാൾ 196.50 കോടി അധികമാണ്.**

സർ,

**348.** **കോവിഡിന് ശേഷമുള്ള ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 5 കോടി രൂപ നീക്കിവയ്ക്കുന്നു.**

**349.** **സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്കുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. 2.50 കോടി രൂപ ഇതിനായി വകയിരുത്തുന്നു.**

350. പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 11 കോടി രൂപ വകയിരുത്തുന്നു.

351. സ്റ്റേറ്റ് ഡിജിറ്റൽ ഹെൽത്ത് മിഷൻ വികസിപ്പിച്ചെടുത്ത ഐ.റ്റി. ആപ്ലിക്കേഷൻ ഉപയോഗിച്ച് ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന രാജ്യത്തെ ഏക സാംക്രമികേതര രോഗ പദ്ധതി (NCD) യാണ് 'ശൈലി' (SHAILI). സാധാരണമായി കണ്ടുവരുന്ന സാംക്രമികേതര രോഗങ്ങളായ ഹൈപ്പർടെൻഷൻ, ഡയബറ്റീസ്, കാൻസർ തുടങ്ങിയവ സംബന്ധിച്ച് 70 ലക്ഷത്തിലധികം ആളുകളിൽ സർവ്വേയും രോഗനിർണയവും നടത്താൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും ഇതിനായുള്ള പോർട്ടൽ വലിയ തോതിൽ വികസിപ്പിക്കുന്നതിനുമായി അടുത്ത വർഷത്തേക്ക് 10 കോടി രൂപ വകയിരുത്തുന്നു.

352. തലശ്ശേരി ജനറൽ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് 10 കോടി രൂപ നീക്കിവയ്ക്കുന്നു.

353. ഗോത്ര, തീരദേശ, വിദൂര മേഖലകളിലെ ആശുപത്രി കളിലെയും ആരോഗ്യ പരിചരണ സ്ഥാപനങ്ങളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 15 കോടി രൂപ വകയിരുത്തുന്നു.

സർ,

354. 'കനിവ്' പദ്ധതിയിൽ, 315 അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളുടെ പ്രവർത്തന ചെലവു കൾക്കായി 75 കോടി രൂപ വകയിരുത്തുന്നു.

**355. കാസർഗോഡ് ടാറ്റാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.**

## ഹെൽത്ത് കെയർ മേഖലയിലെ ആഗോള സാധ്യതകൾ

**356.** കേരളത്തിന് ആരോഗ്യ പരിചരണ രംഗത്ത് വൈദഗ്ധ്യവും നൈപുണിയുമുള്ള വലിയൊരു തൊഴിൽസേനയുണ്ട്. ലോകമെമ്പാടുമുള്ള ആരോഗ്യ പ്രവർത്തകരിൽ നല്ലൊരു ശതമാനം മലയാളികളാണ്. വികസിത രാജ്യങ്ങളിൽ ആരോഗ്യ പരിചരണത്തിന് ചെലവ് വളരെ കൂടുതലാണ്. ഇത് കേരളത്തിന് ഒരു സാധ്യതയായി പ്രയോജനപ്പെടുത്താൻ കഴിയണം. ലോകത്തിന്റെ ഹെൽത്ത് കെയർ ക്യാപിറ്റലായി കേരളത്തെ മാറ്റാൻ കഴിയുന്ന മനുഷ്യവിഭവ ശേഷിയും കൂടുതൽ വികസിപ്പിക്കാൻ കഴിയുന്ന ആരോഗ്യ ശൃംഖലയും നമുക്കുണ്ട്. ചെലവ് കുറഞ്ഞ ചികിത്സയ്ക്കും ആരോഗ്യ പരിചരണത്തിനുമായി വിദേശികളെ നമുക്ക് സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിയും. ആരോഗ്യ പരിചരണം, ഹെൽത്ത് ടൂറിസം തുടങ്ങിയ മേഖലകളിലെല്ലാം മെച്ചപ്പെട്ട സേവനം നൽകിക്കൊണ്ട് ഒരു ഹെൽത്ത് ഹബ്ബാക്കി സംസ്ഥാനത്തെ മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കും. നിലവിലുള്ള സൗകര്യങ്ങൾ വിപുലീകരിക്കാനും ആധുനികവൽക്കരിക്കാനും കഴിയും. ഈ സാധ്യതയ്ക്കനുസരിച്ച് **കെയർ പോളിസി രൂപീകരിക്കാനും**

**നടപ്പിലാക്കാനും സൗകര്യങ്ങളൊരുക്കാനുമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 30 കോടി രൂപ അനുവദിക്കുന്നു.**

**പേവിഷത്തിനെതിരെ തദ്ദേശീയ വാക്സിൻ**

സർ,

**357.** നമ്മുടെ സംസ്ഥാനത്ത് തദ്ദേശീയമായ ഓറൽ റാബീസ് വാക്സിൻ വികസിപ്പിക്കുന്നതിന് ഒരു സംരംഭം ആരംഭിക്കും. തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജിയുടെയും കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയാകും വാക്സിൻ വികസിപ്പിക്കുക. **ഈ പദ്ധതിയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

**358. ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതിയുടെ തുടർ പ്രവർത്തനത്തിനായി 1.50 കോടി രൂപ അനുവദിക്കുന്നു.**

**359. നാഷണൽ ഹെൽത്ത് മിഷനു വേണ്ടി കുടുംബക്ഷേമ പരിപാടികൾക്കും അനുബന്ധ അടിസ്ഥാന സൗകര്യ പരിപാലനത്തിനുമുള്ള 134.80 കോടി രൂപയുൾപ്പെടെ 500 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.** കേന്ദ്ര വിഹിതമായി 750 കോടി രൂപ പ്രതീക്ഷിക്കുന്നു.

**360. ഇ-ഹെൽത്ത് പ്രോഗ്രാമിനായി 30 കോടി രൂപ വകയിരുത്തുന്നു.**

**361.** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 574.50 കോടി രൂപ വകയിരുത്തുന്നു. **ഇത് മുൻവർഷത്തേക്കാൾ 74.50 കോടി രൂപ അധികമാണ്.**

**362.** 2023-24 സാമ്പത്തിക വർഷം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആരോഗ്യ ഏജൻസി മുഖേന താലോലം, കുട്ടികൾക്കായുള്ള കാൻസർ സുരക്ഷാ പദ്ധതി, കുട്ടികളിലെ കോക്ലിയർ ഇംപ്ലാന്റേഷൻ (ശ്രുതി തരംഗം) എന്നീ പദ്ധതികളും നടപ്പിലാക്കുന്നതാണ്.

**363. ഭക്ഷ്യ സുരക്ഷാ മേഖലയിലെ അനലിറ്റിക്കൽ ലബോറട്ടറികൾ ശക്തിപ്പെടുത്തുന്നതിനായി 7.50 കോടി രൂപ വകയിരുത്തുന്നു.**

**സേഫ് ഫുഡ്**

സർ,

**364. സുരക്ഷിത ഭക്ഷണം (Safe Food) ഉറപ്പാക്കാനും ഭക്ഷ്യവിഷബാധ തടയാനും ഭക്ഷണത്തിന്റെ ഗുണ നിലവാരം ഉയർത്താനുമുള്ള വിവിധ ഇടപെടലുകൾക്കും പരിശോധനകൾക്കുമായി 7 കോടി രൂപ കൂടി അനുവദിക്കുന്നു.**

**365. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 463.75 കോടി രൂപ വകയിരുത്തുന്നു.**

**366. വിവിധ സർക്കാർ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, തിരുവനന്തപുരം ഫാർമസ്യൂട്ടിക്കൽ സയൻസ് കോളേജ് എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി 232.27 കോടി രൂപ അനുവദിക്കുന്നു.**

**367. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിലെയും മറ്റ് ആശുപത്രി കളിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 13 കോടി രൂപ അനുവദിക്കുന്നു.**

**368.** കാൻസർ ചികിത്സാ വിഭാഗത്തിനായി **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ PET CT സ്കാനർ വാങ്ങുന്നതിലേക്കായി 15 കോടി രൂപ വകയിരുത്തുന്നു.**

**369.** മെഡിക്കൽ കോളേജുകളിലെ ഉയർന്ന വിലയുള്ള അത്യാധുനിക ഉപകരണങ്ങളുടെ തടസ്സരഹിത പ്രവർത്തനം ഉറപ്പ് വരുത്തുന്നതിന് **സമഗ്ര വാർഷിക മെയിന്റനൻസ് കോൺട്രാക്റ്റിനും മറ്റുമായി 32 കോടി രൂപ വകയിരുത്തുന്നു.**

**370. IMHANS കോഴിക്കോടിന് 3.60 കോടി രൂപ അനുവദിക്കുന്നു.** ഇത് മുൻ വർഷത്തേതിനെക്കാൾ 2.65 കോടി അധികമാണ്.

**371.** എം.ജി.യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന **സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ്**

**സ്റ്റഡീസിന് (CPAS) പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനായി 3 കോടി രൂപ സഹായം നൽകും.**

**372.** ആയുർവേദ, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി എന്നീ ചികിത്സാ ശാഖകൾ ഉൾപ്പെടുന്ന **ഭാരതീയ ചികിത്സാ വകുപ്പിന് 2023-24 വർഷം 49.05 കോടി രൂപ അനുവദിക്കുന്നു.** ഇത് മുൻവർഷത്തേക്കാൾ 5 കോടി രൂപ അധികമാണ്.

**373. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനുമായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് 24 കോടി രൂപ നീക്കിവയ്ക്കുന്നു.**

**374. തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജുകൾക്ക് 20.15 കോടി രൂപ വകയിരുത്തുന്നു.**

സർ,

**375.** ആയുർവേദത്തിന്റെ ശാസ്ത്രീയ വികസനത്തിനായി ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA) സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ **പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഗവേഷണത്തിനുമായി 2 കോടി രൂപ വകയിരുത്തുന്നു.**

**376. ഹോമിയോപ്പതി വകുപ്പിന്റെ ശാക്തീകരണ പ്രവർത്തനങ്ങൾക്കായി 25.15 കോടി രൂപ വകയിരുത്തുന്നു.**

**377. നാഷണൽ മിഷൻ ഓൺ ആയുഷ്-ഹോമിയോയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി 5 കോടി രൂപ നീക്കി വയ്ക്കുന്നു.**

**378. ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസത്തിന് 8.90 കോടി രൂപ വകയിരുത്തുന്നു.**

**ശുദ്ധജല വിതരണവും മലിനജല നിവാരണവും**

**379. 2023-24 വർഷം കുടിവെള്ള വിതരണത്തിനും മലിനജല സംസ്കരണത്തിനുമായി 909.51 കോടി രൂപ വകയിരുത്തുന്നു.**

**380. നബാർഡ്-ആർ.ഐ.ഡി.എഫ് വായ്പ വിനിയോഗിച്ച് മലിനജല സംസ്കരണ മേഖലയിൽ അടിസ്ഥാന സൗകര്യവികസനം നടത്താൻ കഴിയും. ഇത്തരം 5 സ്കീമുകൾക്കായി 80 കോടി രൂപ അനുവദിക്കുന്നു.**

**381. നഗര ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനും മെച്ചപ്പെടുത്തലിനുമായി 45 കോടി രൂപ വകയിരുത്തുന്നു.**

**382.** 2023-24 വർഷം പ്രവർത്തനക്ഷമമായ 9.54 ലക്ഷം ടാപ്പ് കണക്ഷനുകൾ നൽകുവാൻ ജൽജീവൻ മിഷൻ ഉദ്ദേശിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി **500 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്കും ജൽ ജീവൻ മിഷനുമായി വകയിരുത്തുന്നു.**

**383. പഴക്കമുള്ളതും കേടായതുമായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാൻ 50 കോടി രൂപ വകയിരുത്തുന്നു.**

**384. ജൈക്ക (ജെ.ഐ.സി.എ) സഹായത്തോട് കൂടിയ കേരള ജലവിതരണ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

**385. തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന 'നഗര ജലവിതരണം മെച്ചപ്പെടുത്തൽ' പദ്ധതിക്കായി 100 കോടി രൂപ വകയിരുത്തുന്നു.**

സർ,

**386.** ജലനിധിയുടെ മഴവെള്ളക്കൊയ്ത്ത് പദ്ധതിയുടെ ശേഷി ഉയർത്തുന്നതിനും **ഭൂഗർഭജല റീചാർജ്ജിംഗ് പ്രവർത്തനങ്ങൾക്കുമായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.**

**387.** ജലനിധി പദ്ധതികൾ **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 30.90 കോടി രൂപ വകയിരുത്തുന്നു.**

**388.** ഭവനനിർമ്മാണ ബോർഡ് നടപ്പാക്കുന്ന 'ഗൃഹശ്രീ' ഭവന പദ്ധതിയിലൂടെ 415 വീടുകൾക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് **12.45 കോടി രൂപ അനുവദിക്കുന്നു.** ഇത് 2022-23 വർഷത്തേക്കാൾ 24% അധികമാണ്. **'ഗൃഹശ്രീ' പദ്ധതിയുടെ സബ്സിഡി തുക 2 ലക്ഷത്തിൽ നിന്നും 3 ലക്ഷമായി വർദ്ധിപ്പിക്കുന്നു.**

**389. ഭവന നിർമ്മാണ ബോർഡിന്റെ ഇ.ഡബ്ല്യു.എസ്/ എൽ.ഐ.ജി. ഭവന പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കുന്നു.**

**390. മെഡിക്കൽ കോളേജുകളോടു ചേർന്ന് രോഗികൾക്ക്/ കൂട്ടിരിപ്പുകാർക്ക് താമസിക്കാനുതകുന്ന തരത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആശ്വാസ് വാടക ഭവന പദ്ധതിയ്ക്ക് 4 കോടി രൂപ അനുവദിക്കുന്നു.**

**391. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കീഴിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് വാടകയ്ക്ക് ഉപയോഗിക്കാവുന്ന ഫ്ലാറ്റ്/ക്വാർട്ടേഴ്സ്/സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് 9.50 കോടി രൂപ നീക്കി വയ്ക്കുന്നു.**

**392. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം വനിതാ പി.ജി. ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തുന്നു.**

**നഗരവികസനം**

**393. സംസ്ഥാനത്തെ നഗരവികസന പരിപാടികൾക്കായി 1055.31 കോടി രൂപ വകയിരുത്തുന്നു.**

**394.** നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്റ്റുകൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള **ശുചിത്വ കേരളം പദ്ധതിക്കായി 22 കോടി രൂപ വകയിരുത്തുന്നു.** ഈ പദ്ധതി ഹരിത കേരളം മിഷന്റെ ഭാഗമാണ്.

**395.** നഗര മേഖലയിൽ നടപ്പാക്കുന്ന വിദേശ സഹായ പദ്ധതിയായ കേരള ഖരമാലിന്യ സംസ്കരണ പ്രോജക്റ്റിന്റെ ഭാഗമായി സ്ഥാപന വികസനം, ശേഷി വികസനം, പ്രോജക്റ്റ് മാനേജ്മെന്റ്, പ്രാദേശിക

ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ **എന്നീ ഘടകങ്ങൾക്കായി 131.88 കോടി രൂപ വകയിരുത്തുന്നു.**

**വാർത്താ വിതരണവും പ്രചാരണവും**

**396. വാർത്താ വിതരണവും പ്രചാരണവും മേഖലയ്ക്ക് ആകെ 40.43 കോടി രൂപ വകയിരുത്തുന്നു.**

**397.** മീഡിയ അക്കാഡമി സംഘടിപ്പിക്കുന്ന **മീഡിയ സാക്ഷരതാ പരിപാടിക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നു.**

**398. ടാഗോർ തീയേറ്ററിന്റെ ആധുനികവൽക്കരണത്തിനായി 2.50 കോടി രൂപ നീക്കിവയ്ക്കുന്നു.**

**തൊഴിലും തൊഴിലാളി ക്ഷേമവും**

**399. തൊഴിലും തൊഴിലാളി ക്ഷേമവും മേഖലക്കായി 504.76 കോടി രൂപ വകയിരുത്തുന്നു.** ഇത് മുൻവർഷത്തെക്കാൾ 22.60 കോടി രൂപ അധികമാണ്.

**400.** തോട്ടം തൊഴിലാളികളുടെ ദുരിതാശ്വാസ നിധി പദ്ധതിയ്ക്കായി 1.10 കോടി രൂപ വകയിരുത്തുന്നു. **തോട്ടം തൊഴിലാളികളുടെ താമസസൗകര്യങ്ങൾ (ലയങ്ങൾ) മെച്ചപ്പെടുത്തുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.**

**401.** അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾക്ക് ആശ്വാസനിധി, അവശത യനുഭവിക്കുന്ന മരംകയറ്റം തൊഴിലാളികൾക്കുള്ള

പെൻഷൻ പദ്ധതി, പ്രസവാനുകൂല്യം **എന്നീ ഘടകങ്ങൾക്കായി 8 കോടി രൂപ നീക്കി വയ്ക്കുന്നു.**

**402.** പരമ്പരാഗത തൊഴിൽ മേഖലകളായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യ ബന്ധനവും സംസ്കരണവും, കശുവണ്ടി, കയർ, തഴപ്പായ, കരകൗശല നിർമ്മാണം മുതലായവയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയ്ക്കായി **90 കോടി രൂപ വകയിരുത്തുന്നു.** ഇത് മുൻവർഷത്തെക്കാൾ 4 കോടി രൂപ അധികമാണ്.

**403. കേരള അക്കാദമി ഫോർ സ്കിൽസ് ആന്റ് എക്സലൻസിന്റെ (KASE) വിവിധ പദ്ധതികൾക്കായി 37 കോടി രൂപ വകയിരുത്തുന്നു.**

**404.** ഏറ്റവും പുതിയ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഐ.റ്റി.ഐ കളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനായി **30.50 കോടി രൂപ വകയിരുത്തുന്നു.**

**405.** വിവിധ പദ്ധതികൾക്കായി വ്യാവസായിക പരിശീലന വകുപ്പിന് **108.46 കോടി രൂപ അനുവദിക്കുന്നു.**

**406.** 2023-24-ൽ **കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ പുതിയ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതാണ്.**

**407. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 5.30 കോടി രൂപ വകയിരുത്തുന്നു.**

**408. കണ്ണൂർ പോസ്റ്റ് ഗ്രാജ്ജുവേറ്റ് & റിസർച്ച് സെന്റർ ഇൻ ഫയർ & സേഫ്റ്റി സയൻസിന്റെ പ്രാഥമിക പ്രവർത്തന ങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.**

**പട്ടികജാതി വികസനം**

**409. പട്ടികജാതി ഉപപദ്ധതിക്കായി 2979.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.** ഇതിൽ പട്ടികജാതി വികസന വകുപ്പിനുള്ള 1638.10 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള 1341.30 കോടി രൂപയും ഉൾപ്പെടുന്നു.

**410. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ധനസഹായ മായി 429.61 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള 70 കോടി രൂപയും ഉൾപ്പെടുന്നു. ആകെ വിഹിതം മുൻവർഷത്തേക്കാൾ 104 കോടി രൂപ അധികമാണ്.

**411.** പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ **സംസ്ഥാനവിഹിതമായി 65 കോടി രൂപ വകയിരുത്തുന്നു.**

സർ,

**412.** ഒൻപതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള **പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്ന പുതിയ പദ്ധതിക്ക് സംസ്ഥാന വിഹിതമായി 7.20 കോടി രൂപ വകയിരുത്തുന്നു.** ഇതിലേക്കുള്ള കേന്ദ്ര വിഹിതമായി 10.80 കോടി രൂപ പ്രതീക്ഷിക്കുന്നു.

**413.** പട്ടികജാതി യുവതീ-യുവാക്കളിലെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കി വരുന്നു. **ഇതിനായി 50 കോടി രൂപ വകയിരുത്തുന്നു.** ഈ പദ്ധതി K-DISC, KASE, ASAP എന്നിവ മുഖേന നടപ്പിലാക്കുന്നതാണ്.

**414.** തിരുവനന്തപുരം, വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പടെയുള്ള **മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിന് 13 കോടി രൂപ വകയിരുത്തുന്നു.**

**415.** ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി 180 കോടി രൂപ വകയിരുത്തുന്നു. ഈ പദ്ധതിയിലൂടെ ഏകദേശം 5000 ഭൂരഹിത കുടുംബങ്ങളെയാണ് ഗുണഭോക്താക്കളാക്കാൻ ഉദ്ദേശിക്കുന്നത്.

**416.** ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണ ത്തിനും, ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ നവീകരണ ത്തിനും, പഠന മുറികളുടെ നിർമ്മാണത്തിനുമായി 205 കോടി രൂപ വകയിരുത്തുന്നു. 5000 പുതിയ പഠനമുറികളുടെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. **പഠനമുറി നിർമ്മാണത്തിന് ഓരോ കുടുംബത്തിനും 2 ലക്ഷം രൂപ വീതം നൽകുന്നതാണ്.**

**417. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾക്കായി 50 കോടി രൂപ വകയിരുത്തുന്നു.**

**418. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്നതിലേക്കായി 84.39 കോടി രൂപ നീക്കിവയ്ക്കുന്നു.**

സർ,

**419. ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതിക്കായി 60 കോടി രൂപ വകയിരുത്തുന്നു. ഓരോ കോളനിക്കും പരമാവധി ഒരു കോടി രൂപ വീതം സഹായം നൽകുന്നതാണ്.**

**420. അർഹരായ രോഗികൾക്കും, വൃദ്ധർക്കും ആരോഗ്യ പരിചരണം നൽകുന്ന ആരോഗ്യ സുരക്ഷാ പരിപാടിക്കായി 53 കോടി രൂപ വകയിരുത്തുന്നു.**

**421.** പട്ടികജാതി ഉപപദ്ധതിക്ക് കീഴിൽ മാനവവിഭവശേഷി വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയവക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കുന്ന ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് പദ്ധതികൾക്ക് **കോർപ്പസ് ഫണ്ടായി 45 കോടി രൂപ വകയിരുത്തുന്നു.**

**പട്ടികവർഗ്ഗ വികസനം**

**422. സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ വികസനത്തിനായി 2023-24 സാമ്പത്തിക വർഷത്തിൽ 859.50 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ 657.95 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിനും 201.55 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിക്കുന്നു.

**423. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും എന്ന പദ്ധതിക്കായി ആകെ 8.75 കോടി രൂപ വകയിരുത്തുന്നു.**

**424.** പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ 'മോഡൽ പ്രീ സ്കൂളുകളുടെ നടത്തിപ്പ്' എന്ന പുതിയ ഘടകത്തിനും, വിദ്യാർത്ഥികൾക്കായുള്ള **ട്യൂട്ടോറിയൽ പദ്ധതിക്കും, പട്ടികവർഗ്ഗക്കാരുടെ കായിക പ്രോത്സാഹനത്തിനു മടക്കം വിവിധ പദ്ധതികൾക്കായി 30 കോടി രൂപ വകയിരുത്തുന്നു.**

**425. 'പട്ടികവർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന പദ്ധതിയിൽ 10 കോടി രൂപ വകയിരുത്തുന്നു.**

**426. 'പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം' എന്ന പദ്ധതിക്ക് 8.50 കോടി രൂപ വകയിരുത്തുന്നു.**

**427.** പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി 'കേരള ട്രൈബൽ പ്ലസ്' പ്രോഗ്രാം പ്രകാരം MGNREGS നൽകുന്ന 100 ദിവസ തൊഴിലിനു പുറമെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ (ആകെ 200 ദിവസം) കൂടി നൽകുന്നു. **ഈ പദ്ധതിക്കായി 35 കോടി രൂപ വകയിരുത്തുന്നു.** പദ്ധതിയുടെ 90% ഗുണഭോക്താക്കൾ വനിതകളായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**428.** പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സ്ഥാപന ങ്ങൾക്കായി 72.32 കോടി രൂപ വകയിരുത്തുന്നു. ഇതിൽ നിന്നും മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനുള്ള ചെലവുകൾക്കായി 55 കോടി രൂപയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പിനായി 3 കോടി രൂപയും പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 7.02 കോടി രൂപയും ഏകലവ്യാ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും/**പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയുമടക്കം വിവിധ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നിർമ്മാണത്തിനായി 4 കോടി രൂപയും വകയിരുത്തുന്നു.**

**429. പട്ടികവർഗ്ഗ യുവതികളുടെ വിവാഹധനസഹായം എന്ന പദ്ധതിക്കായി 6 കോടി രൂപ വകയിരുത്തുന്നു.**

**430. സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള സഹായ പദ്ധതിക്കായി 2.50 കോടി രൂപ വകയിരുത്തുന്നു.**

**431. ജനനീ ജന്മരക്ഷ എന്ന പദ്ധതിക്കായി 17 കോടി രൂപ വകയിരുത്തുന്നു.**

**432.** 'പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്കുള്ള സാമ്പത്തിക സഹായം' എന്ന പദ്ധതിക്കായി 40 ലക്ഷം രൂപ അനുവദിക്കുന്നു.

**433. പട്ടികവർഗ്ഗ മേഖലയിൽ "ഭക്ഷണത്തിനുള്ള സഹായം/ ഭക്ഷ്യസുരക്ഷക്കുള്ള പരിപാടി" എന്ന പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുന്നു.**

**434. 'സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം' എന്ന പദ്ധതിക്കായി 30 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 4 കോടി രൂപ അധികമാണ്.**

**435. ഭവന നിർമ്മാണം/അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം എന്ന പദ്ധതിക്ക് 57.20 കോടി രൂപ വകയിരുത്തുന്നു.**

**436.** വിവിധ പട്ടികവർഗ്ഗ ഉപപദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ ഉണ്ടാകാവുന്ന കുറവ് നികത്തുന്നതിനായി **കോർപ്പസ് ഫണ്ട് ഇനത്തിൽ 45 കോടി രൂപ വകയിരുത്തുന്നു.**

**437. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 50 കോടി രൂപ നീക്കിവയ്ക്കുന്നു.**

**438. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (TRDM) എന്ന പദ്ധതിക്കായി 45 കോടി രൂപ വകയിരുത്തുന്നു.**

**439.** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് കൂടുതൽ മനുഷ്യവിഭവശേഷി ആവശ്യമുണ്ട്. 'പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവ വിഭവശേഷി പിന്തുണ'

എന്ന പദ്ധതിയിലൂടെ ഇത്തരത്തിൽ കൂടുതൽ ആളുകളെ വകുപ്പിന്റെ പദ്ധതികളുടെ ഭാഗമാക്കുകയാണ്. **ഇതിനായി 32.35 കോടി രൂപ വകയിരുത്തുന്നു.**

**440.** ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിന് 19.13 കോടി രൂപയും ഊരുകൂട്ടങ്ങളുടെ സംഘാടനത്തിന് 2.50 കോടി രൂപയും 'മാനേജ്മെന്റ് പരിശീലകരും ഹെൽത്ത് മാനേജ്മെന്റ് പരിശീലകരും' എന്നതിലേക്ക് 1.30 കോടി രൂപയും ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലുമുള്ള കൗൺസിലർമാർക്ക് 1.50 കോടി രൂപയും പട്ടികവർഗ്ഗക്ഷേമത്തിനു വേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി 1.92 കോടി രൂപയും **'ഗോത്രബന്ധു' പദ്ധതിക്ക് 6 കോടി രൂപയും വകയിരുത്തുന്നു.**

**മറ്റ് പിന്നാക്ക വിഭാഗങ്ങൾ**

**441.** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2023-24 വർഷം 16 കോടി രൂപ വകയിരുത്തുന്നു.

**442.** കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ വകയിരുത്തുന്നു.

**443.** മറ്റ് പിന്നാക്ക വിഭാഗത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾക്കുള്ള (OEC) പ്രീമെട്രിക് സഹായമായി 5 കോടി രൂപയും, പോസ്റ്റ് മെട്രിക്

സഹായമായി 40 കോടി രൂപയും ഉൾപ്പടെ വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾക്കായി 45 കോടി രൂപ വകയിരുത്തുന്നു.

**444.** ഒന്നാം തരം മുതൽ എട്ടാം തരം വരെയുള്ള മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി കേന്ദ്രസർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ പുതിയ സംസ്ഥാന പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു.

**445.** മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് സംസ്ഥാന വിഹിതമായി 8 കോടി രൂപ വീതം വകയിരുത്തുന്നു.

**446.** കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന് ഓഹരി മൂലധന സഹായമായി 70 ലക്ഷം രൂപ അനുവദിക്കുന്നു.

## ന്യൂനപക്ഷ ക്ഷേമം

**447.** ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി മുതൽ ബിരുദാനന്തര തലം വരെയുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്കും സിവിൽ സർവ്വീസ് മത്സരാർത്ഥികൾക്കും **പ്രൊഫ.ജോസഫ് മുണ്ടശേരി സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 6.52 കോടി രൂപ വകയിരുത്തുന്നു.**

**448. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ഓഹരി മൂലധനമായി 13 കോടി രൂപ വകയിരുത്തുന്നു.**

**മുന്നാക്ക സമുദായ ക്ഷേമം**

**449. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് 38.05 കോടി രൂപ വകയിരുത്തുന്നു.**

**സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

**450.** പോഷകാഹാരം ഉൾപ്പെടെ സാമൂഹിക സുരക്ഷയും ക്ഷേമവും എന്ന മേഖലയ്ക്കായി ആകെ 787.71 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 12.74 കോടി രൂപ അധികമാണ്.

**451.** ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നൈപുണ്യ വികസനം, തൊഴിലധിഷ്ഠിത പുനരധിവാസം, തൊഴിലും സാമ്പത്തിക സുരക്ഷിതത്വവും തുടങ്ങിയ സമഗ്ര പദ്ധതികൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**452. 'നിരാമയ' ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.**

**453. സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്ന 'ബാരിയർ ഫ്രീ കേരള' പദ്ധതിക്കായി 9 കോടി രൂപ വകയിരുത്തുന്നു.**

**വയോജന പരിപാലനം**

**454. വയോധികരുടെ ക്ഷേമം ലക്ഷ്യമിട്ടു കൊണ്ടുള്ള സായംപ്രഭ പദ്ധതിക്കായി 6.8 കോടി രൂപ വകയിരുത്തുന്നു. വയോമിത്രം പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 27.50 കോടി രൂപ വകയിരുത്തുന്നു.**

**455. ട്രാൻസ്ജെൻഡറുകൾക്കായുള്ള മഴവില്ല് പദ്ധതിക്കായി 5.02 കോടി രൂപ വകയിരുത്തുന്നു.**

**456. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷന് 12 കോടി രൂപ വകയിരുത്തുന്നു.**

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

**സർ,**

**457. എൻഡോസൾഫാൻ ദുരിത ബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന സമഗ്ര പാക്കേജിന് 17 കോടി രൂപ വകയിരുത്തുന്നു.**

**458.** ഭിന്ന ശേഷിക്കാർക്കുള്ള **അനുയാത്ര പദ്ധതിയ്ക്കായി 21.50 കോടി രൂപ നീക്കി വയ്ക്കുന്നു.**

**459. ആശ്വാസ കിരണം പദ്ധതിക്കായി 54 കോടി രൂപ വകയിരുത്തുന്നു.**

**460. സ്നേഹപൂർവ്വം പദ്ധതിയ്ക്ക് 17 കോടി രൂപ വകയിരുത്തുന്നു.**

461. **കുട്ടികളിലെ പ്രമേഹ ചികിത്സ ലക്ഷ്യമിടുന്ന മിഠായി പദ്ധതിയ്ക്കായി 3.80 കോടി രൂപ വകയിരുത്തുന്നു.**

സർ,

462. **കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന 'ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്' എന്ന ഒരു പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.** പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

**463.** കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന 'ശുഭയാത്ര', 'ആശ്വാസം', 'ഹസ്തദാനം' എന്നിവ അടക്കമുള്ള **വിവിധ പദ്ധതികൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.**

**464. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിനായി 18.93 കോടി രൂപ വകയിരുത്തുന്നു.**

**ജയിൽ**

**465.** ജയിലുകളുടെ ഭരണവും നടത്തിപ്പും ആധുനികവൽക്കരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുമുള്ള പദ്ധതിയുടെ **വിവിധ പ്രവൃത്തികൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.**

**466. ജയിൽപ്പുള്ളികളുടെ പുനരധിവാസം ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി 8 കോടി രൂപ വകയിരുത്തുന്നു.**

## പോലീസ്

**467.** പോലീസ് വകുപ്പിന്റെ ആധുനികവത്കരണത്തിനായി 152.90 കോടി രൂപ വകയിരുത്തുന്നു. **ഇതിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി 15 കോടി രൂപയും,** മെച്ചപ്പെട്ട ട്രാഫിക് മാനേജ്മെന്റ് സിസ്റ്റത്തിന് 1.80 കോടി രൂപയും, ജനമൈത്രി സുരക്ഷാ പദ്ധതിക്കായി 4.40 കോടി രൂപയും, സൈബർ സുരക്ഷക്കായി 4 കോടി രൂപയും നീക്കിവയ്ക്കുന്നു. പോലീസ് വകുപ്പിലെ ഫോറൻസിക് സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**468. നിർഭയ പദ്ധതിക്കായി ആസൂത്രണം ചെയ്തിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.**

## വനിതാ ശിശു വികസനം

സർ,

**469.** സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള വിവിധ നിയമങ്ങളുടെയും ഭരണഘടന വ്യവസ്ഥകളുടെയും നടപ്പിലാക്കൽ അവലോകനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള **വിവിധ പ്രവർത്തനങ്ങൾക്കായി 14 കോടി രൂപ വകയിരുത്തുന്നു.**

**470.** സംസ്ഥാനത്തെ 1012 സ്കൂളുകളിൽ സൈക്കോ-സോഷ്യൽ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി 2023-24 സാമ്പത്തിക

വർഷം കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കും. **ഇതിലേക്കായി 51 കോടി രൂപ വകയിരുത്തുന്നു.**

**മെൻസ്ട്രുവൽ കപ്പ്**

**471.** സാനിട്ടറി നാപ്കിനുകൾക്ക് പകരമായി കൂടുതൽ പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ മെൻസ്ട്രുവൽ കപ്പുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സ്കൂളുകൾ, കോളേജുകൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ സർക്കാർ തലത്തിൽ ബോധവൽക്കരണവും പ്രചാരണവും സംഘടിപ്പിക്കും. **ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

**472. ജെൻഡർ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

**473.** അംഗനവാടി കുട്ടികൾക്ക് പോഷകാഹാരം ഉറപ്പാക്കാൻ ആഴ്ചയിൽ 2 ദിവസം മുട്ടയും പാലും നൽകുന്ന **പദ്ധതിയുടെ നടത്തിപ്പിനായി 63.50 കോടി രൂപ വകയിരുത്തുന്നു.**

**ക്രഷുകൾ/ഡേ കെയർ സെന്ററുകൾ**

സർ,

**474.** സംസ്ഥാനത്തെ പുതിയ തൊഴിൽ സാഹചര്യത്തിൽ ക്രഷുകൾ കൂടുതലായി ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഐ.ടി. വ്യവസായ രംഗത്തുള്ളവരുമായുള്ള ചർച്ചയിൽ വയോജനങ്ങൾക്ക് ഡേ കെയർ കേന്ദ്രങ്ങൾ ഉണ്ടാകണം എന്ന നിർദ്ദേശവും ഉയർന്നുവന്നിരുന്നു.

തദ്ദേശ സ്ഥാപനങ്ങളുടെയും ജനകീയ കമ്മിറ്റികളുടെയും സഹകരണത്തോടെ ഡേ-കെയർ സെന്ററുകൾ/ ക്രഷുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി 10 കോടി രൂപ നീക്കിവെയ്ക്കുന്നു.

**475.** **കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികൾക്കായി 19.30 കോടി രൂപ വകയിരുത്തുന്നു.**

**476.** നിലവിലുള്ള 28 പോക്സോ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളുടെ തുടർച്ചയായ പ്രവർത്തനത്തിനും **28 പുതിയ കോടതികൾ സ്ഥാപിക്കുവാനും ലക്ഷ്യമിടുന്ന പദ്ധതിയുടെ സംസ്ഥാന വിഹിതമായി 8.50 കോടി രൂപ വകയിരുത്തുന്നു.**

**477.** **സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 13 കോടി രൂപ വകയിരുത്തുന്നു.** ഇതിലേക്കുള്ള കേന്ദ്രവിഹിതമായി 19.50 കോടി രൂപ പ്രതീക്ഷിക്കുന്നു.

**478.** **സംയോജിത ശിശു വികസന സേവനങ്ങൾ എന്ന പദ്ധതിക്കായി 194.32 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.** ഇതിലേക്കായി 291.48 കോടി രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

**പൊതുവിതരണ വകുപ്പ്**

സർ,

**479.** ഈ സർക്കാരിന്റെ കാലയളവിൽ പുതിയതും നവീകരിച്ച് അപഗ്രേഡ് ചെയ്തതുമായ 85 സപ്ലൈകോ വിൽപ്പന

ശാലകൾ ആരംഭിച്ചു. വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നല്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിനായി സംസ്ഥാനത്തെ സപ്ലൈകോ വിൽപ്പന ശാലകളുടെ പ്രവർത്തനം വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ERP (Enterprise Resource Planning) സംവിധാനം ഈ വർഷം പ്രവർത്തനമാരംഭിക്കും.

**480.** പൊതുവിതരണ രംഗത്തെ സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ കുറവുകൾ പരിഹരിച്ച് സുസ്ഥിര മാക്കുന്നതിന് **സ്മാർട്ട് പി.ഡി.എസ് എന്ന പുതിയ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 1.40 കോടി രൂപ വകയിരുത്തുന്നു.**

**രജിസ്ട്രേഷൻ**

**481. രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സംരക്ഷണത്തിനും ഡിജിറ്റൈസേഷനുമായി 12.50 കോടി രൂപ വകയിരുത്തുന്നു.**

**നോർക്ക**

**482.** വിദേശത്തു നിന്നും മടങ്ങിയെത്തിയ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്ന നോർക്ക അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) എന്ന പദ്ധതി മുഖേന ഓരോ പ്രവാസി തൊഴിലാളിക്കും പരമാവധി 100 തൊഴിൽ ദിനങ്ങൾ എന്ന കണക്കിൽ **ഒരു ലക്ഷം**

**തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

**483.** മടങ്ങിയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നിലനിൽപ്പിന് ആവശ്യമായ പുതിയ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും സർക്കാർ വലിയ ശ്രദ്ധയാണ് നൽകുന്നത്. **ഇതിനായി വിവിധ പദ്ധതികളിൽ 84.60 കോടി രൂപ വകയിരുത്തുന്നു.**

**484. മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതി 'നോർക്ക് ഡിപ്പാർട്ട്മെന്റ് പ്രാജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM)' – ന്റെ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ വകയിരുത്തുന്നു.**

സർ,

**485.** മടങ്ങിവരുന്ന പ്രവാസികളുടെ ക്ഷേമത്തിനായി ആകെ 50 കോടി രൂപ വകയിരുത്തുന്നു. കുറഞ്ഞ വരുമാനമുള്ള പ്രവാസികൾക്ക് 2 ലക്ഷം രൂപ വരെയുള്ള പലിശ രഹിത വായ്പ കുടുംബശ്രീ മിഷനു കീഴിൽ നൽകുന്ന പദ്ധതിയായ 'പ്രവാസി ഭദ്രത' (PEARL), സഹകരണ ബാങ്കുകൾ/ ദേശസാൽകൃത ബാങ്കുകൾ / ഷെഡ്യൂൾഡ് ബാങ്കുകൾ മുഖേന 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 25% മൂലധന സബ്സിഡിയും (പരമാവധി ഒരു ലക്ഷം രൂപ) 3% പലിശ സബ്സിഡിയും നൽകുന്ന 'പ്രവാസി ഭദ്രത മൈക്രോ', കെ.എസ്.ഐ.ഡി.സി മുഖേന–

എം.എസ്.എം.ഇ സംരംഭകർക്ക് 5% പലിശ നിരക്കിൽ 25 ലക്ഷം മുതൽ 2 കോടി വരെ വായ്പയായി നൽകുന്ന 'പ്രവാസി ഭദ്രത-മെഗാ (MEGA)' എന്നീ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**486.** മടങ്ങിവന്ന പ്രവാസി മലയാളികൾക്കും മരണമടഞ്ഞ പ്രവാസി മലയാളികളുടെ ആശ്രിതർക്കും സമയബന്ധിതമായി ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള **'സാന്ത്വന' പദ്ധതിക്ക് വേണ്ടി 33 കോടി രൂപ മാറ്റി വയ്ക്കുന്നു.**

**487. 'കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഫണ്ട് ബോർഡ്' മുഖേനയുള്ള ക്ഷേമപദ്ധതികൾക്കായി 15 കോടി രൂപ വകയിരുത്തുന്നു.**

**488. എയർപോർട്ടുകളിൽ നോർക്ക എമർജൻസി ആംബുലൻസ് സേവനത്തിനായി 60 ലക്ഷം രൂപ വകയിരുത്തുന്നു.**

**489.** രണ്ടാമത്തെയും മൂന്നാമത്തെയും ലോകകേരള സഭകളുടെ പ്രായോഗികമായ ശിപാർശകൾ നടപ്പിലാക്കുന്നതിനും ലോക കേരള സഭയുടെ പ്രാദേശിക യോഗങ്ങൾ നടത്തുന്നതിനും ലോകകേരള സഭ സെക്രട്ടേറിയേറ്റിന്റെ ഓഫീസ് ചെലവുകൾ വഹിക്കുന്നതിനുമായി **2.50 കോടി രൂപ വകയിരുത്തുന്നു.**

**490.** നോർക്ക വകുപ്പിന്റെ മാവേലിക്കരയിലുള്ള 5 ഏക്കർ ഭൂമിയിൽ ലോകകേരള കേന്ദ്രം സ്ഥാപിക്കുന്നതിന് **ഒരു കോടി രൂപ നീക്കി വയ്ക്കുന്നു.**

**491.** ഐ.ഇ.എൽ.ടി.എസ്, ഒ.ഇ.ടി തുടങ്ങിയ പരീക്ഷകളുടെ പരിശീലനത്തിനുള്ള സാമ്പത്തിക സഹായം എന്ന നിലയിൽ കുറഞ്ഞ പലിശ നിരക്കിൽ നടപടിക്രമങ്ങൾ ലഘൂകരിച്ചു കൊണ്ടുള്ള വായ്പ നൽകുന്ന **നോർക്ക ശുഭയാത്ര എന്ന പുതിയ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

**492.** കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കും പുതിയ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന തിനുമായി 3.38 കോടി രൂപയും **ജില്ലാ PSC ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 6 കോടി രൂപയും വകയിരുത്തുന്നു.**

**വിജിലൻസ്**

**493.** തിരുവനന്തപുരം മുട്ടത്തറയിൽ വിജിലൻസ് ഓഫീസ് സമുച്ചയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 8 കോടി രൂപ വകയിരുത്തുന്നു.

**കോടതികൾ**

**494.** ഹൈക്കോടതിയെ ഒരു കടലാസ് രഹിത ഓഫീസ് ആക്കി മാറ്റുന്നത് ലക്ഷ്യമിട്ടുള്ള **ഇ-ഗവേണൻസ് പദ്ധതിക്ക് 3.50 കോടി രൂപ വകയിരുത്തുന്നു.** താഴെതലത്തിലുള്ള കോടതികളിലും ഇ-ഗവേണൻസ് പദ്ധതിക്കായി നടപടികൾ സ്വീകരിക്കും.

## എക്സൈസ്

സർ,

**495.** മയക്കുമരുന്നിന്റെ ഉപയോഗത്തോട് അണുവിട വിട്ടുവീഴ്ചയില്ലാത്ത 'സീറോ ടോളറൻസ്' നയമാണ് കേരളം സ്വീകരിക്കുന്നത്. **മയക്കുമരുന്നിനെതിരെയുള്ള ഏകോപിതമായ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ നീക്കിവെയ്ക്കുന്നു.**

**496.** കേരള സർക്കാരിന്റെ ലഹരി വിമുക്ത പ്രചരണ പരിപാടിയായ വിമുക്തി-ഡി അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനത്തിനായി 9.43 കോടി രൂപ വകയിരുത്തുന്നു.

## റവന്യൂവും ഭൂരേഖയും

സർ,

**497. റവന്യൂ ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആയി മാറ്റുന്ന പദ്ധതിക്കായി 48 കോടി രൂപയും,** വകുപ്പിന്റെ ആധുനികവൽക്കരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനുമായി 26.50 കോടി രൂപയും വകയിരുത്തുന്നു.

**498.** റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളെ ഏകോപിച്ചു കൊണ്ട് ഡിജിറ്റൽ റെക്കോർഡുകളുടെ സംഭരണവും വെബ് മീഡിയ വഴി പൊതുജനങ്ങൾക്ക് ഡാറ്റ പങ്കിടലും സാധ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം **കൃത്യതയാർന്ന ഡിജിറ്റൽ മാപ്പ് ലഭ്യമാക്കുക എന്ന**

**ലക്ഷ്യത്തോടെ ഭൂരേഖ സേവന സംവിധാനങ്ങളുടെ സംയോജനത്തിന് 7.50 കോടി രൂപ വകയിരുത്തുന്നു.**

**മേജർ ഇൻഫ്രാസ്ട്രക്ചർ വികസന പദ്ധതികൾ (MIDP)**

**499.** മേജർ അടിസ്ഥാന വികസന പദ്ധതികളുടെ ഫണ്ട് വിവിധ ബജറ്റ് ശീർഷകങ്ങളിൽ വെവ്വേറെ വകയിരുത്തുമ്പോൾ ഫണ്ടിന്റെ യഥാസമയമുള്ള വിനിയോഗത്തിൽ ഉണ്ടാകുന്ന പരിമിതികൾ ഒഴിവാക്കുന്നതിനായി ഇവയെല്ലാം കൂടി ഒറ്റ ശീർഷകത്തിൽ തുക വകയിരുത്തുന്ന രീതിയാണ് അവലംബിച്ച് വരുന്നത്. ഇത്തരത്തിലുള്ള മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്ക് എല്ലാം കൂടി ആകെ 360 കോടി രൂപ വകയിരുത്തുന്നു.

**നവകേരളം കർമ്മ പദ്ധതി**

**500.** ഹരിത കേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ നാല് മിഷനുകളും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവും ഏകോപിപ്പിച്ച് ആരംഭിച്ചിട്ടുള്ള **'നവകേരള കർമ്മ പദ്ധതി – 2' ന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

501. **റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി 904.83 കോടി രൂപ വകയിരുത്തുന്നു.**

**ധനകാര്യ വകുപ്പ്**

**സംസ്ഥാന ജി.എസ്.ടി. വകുപ്പ്**

സർ,

**502.** മുൻ ബജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാന ജി.എസ്.ടി വകുപ്പ് സമഗ്രമായി പുനഃസംഘടിപ്പിച്ച് പുതിയ രീതിയിൽ പ്രവർത്തനം നടത്തിവരുന്നു. പുനഃസംഘടന യുടെ ഭാഗമായി രൂപീകരിക്കപ്പെട്ടിട്ടുള്ള പുതിയ ഭരണ നിർവ്വഹണത്തിന് അനിവാര്യമായ സോഫ്റ്റ്‌വെയറിനും സാങ്കേതിക വികസനത്തിനുമായി 10 കോടി രൂപ വകയിരുത്തുന്നു.

**503.** ജി.എസ്.ടി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എല്ലാ ഉദ്യോഗസ്ഥർക്കും വിദഗ്ദ്ധ പരിശീലനവും അനിവാര്യമാണ്. **ഇതിനായി 3 കോടി രൂപ നീക്കിവയ്ക്കുന്നു.**

**കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്**

സർ,

**504.** സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങൾ/സർവ്വകലാശാല/മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കായി നിലവിൽ ഇൻഷുറൻസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ജി.പി.എ.ഐ.എസ് **അപകട ഇൻഷുറൻസ് പദ്ധതി യിലെ അപകടം മൂലമുള്ള മരണത്തിനുള്ള പരിരക്ഷ 10 ലക്ഷം രൂപയിൽ നിന്ന് 15 ലക്ഷം രൂപ വാഗ്ദത്ത**

**തുകയായി ഉയർത്തുകയും അല്ലാതെയുള്ള മരണത്തിന് സമാശ്വാസമായി 5 ലക്ഷം രൂപയുടെ അധിക പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യും.** ഇതിനായി നിലവിലെ പ്രതിവർഷ പ്രീമിയം 500 രൂപയിൽ നിന്നും 1000 രൂപയായി ഉയർത്തുന്നു. ജി.പി.എ.ഐ.എസ് പദ്ധതി ഇപ്രകാരം പരിഷ്കരിച്ച് **ജീവൻ രക്ഷ** എന്ന പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.

**505. അങ്കണവാടി പ്രവർത്തകർക്കായി ആക്സിഡന്റ് ഇൻഷ്വറൻസും ലൈഫ് ഇൻഷ്വറൻസും ഉൾപ്പെടുത്തി അങ്കണം എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിക്കുന്നു.** വാർഷിക പ്രീമിയം 360/- രൂപ നിരക്കിൽ അപകട മരണത്തിന് രണ്ട് ലക്ഷം രൂപയും, ആത്മഹത്യ അല്ലാതെയുള്ള മറ്റ് മരണങ്ങൾക്ക് ഒരു ലക്ഷം രൂപയും ഇൻഷ്വറൻസ് പരിരക്ഷ അങ്കണത്തിലൂടെ ഉറപ്പുവരുത്തുന്നു.

**കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്**

**506.** കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് രൂപം നൽകിയ ആഡിറ്റ് ഇൻഫർമേഷൻ & മാനേജ്മെന്റ് സിസ്റ്റം - AIMS എന്ന **സോഫ്റ്റ്‌വെയർ കൂടുതൽ നവീകരിക്കുന്നതിനായി 2.30 കോടി രൂപ വകയിരുത്തുന്നു.**

**ട്രഷറി വകുപ്പ്**

**507. ട്രഷറി** കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, **IFMS Software-ന്റെ Server-കൾക്കുമായി 12.05 കോടി രൂപ വകയിരുത്തുന്നു.**

**508.** ട്രഷറികളിൽ നടക്കുന്ന ക്രയവിക്രയങ്ങൾ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്, ട്രഷറി ഇന്റേണൽ ആഡിറ്റ് വിഭാഗം തുടങ്ങി വിവിധ ഏജൻസികൾക്ക് ട്രഷറികൾ സന്ദർശിക്കാതെ ഓൺലൈനായി തന്നെ പരിശോധനകൾ സാധ്യമാകുന്ന ഓൺലൈൻ ആഡിറ്റ് മൊഡ്യൂൾ തയ്യാറാക്കുന്നതാണ്.

**509.** ട്രഷറി കൈകാര്യം ചെയ്തുവരുന്ന 6 ലക്ഷത്തിലധികം പെൻഷൻ റെക്കോർഡുകൾ അടുത്ത സാമ്പത്തിക വർഷത്തിനുള്ളിൽ ഡിജിറ്റൈസ് ചെയ്യുന്നതാണ്.

**510.** പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിസോഴ്സസ് മാനേജ്മെന്റ് സിസ്റ്റം (PARMS) എന്ന പുതിയ സോഫ്റ്റ്‌വെയർ ഉൾപ്പെടുത്തിയ **സ്പാർക്ക് വെർഷൻ 2.0 നടപ്പിലാക്കുന്നതിനായി ധനകാര്യവകുപ്പിന് 2 കോടി രൂപ വകയിരുത്തുന്നു.**

## മെഡിസെപ്പ്

**511.** സംസ്ഥാനത്തെ 11 ലക്ഷത്തോളം വരുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് മെഡിസെപ്പ്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള 480 ആശുപത്രികൾ മെഡിസെപ്പുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രതിമാസം 500 രൂപയാണ് അംഗങ്ങളുടെ ഇൻഷുറൻസ് പ്രീമിയം. ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയാണ് ഇൻഷുറൻസ് സേവന ദാതാവ്. **6 മാസം കൊണ്ട്**

**405 കോടി രൂപയുടെ ക്ലെയിമുകളാണ് മെഡിസെപ്പിൽ ഇതിനകം അംഗീകരിച്ചത്.** ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്കും അവയവമാറ്റ ശസ്ത്രക്രിയകൾക്കുമായി 30 കോടി രൂപയുടെ കോർപ്പസ് ഫണ്ടും മെഡിസെപ്പിന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്.

**കിഫ്ബി**

സർ,

**512.** സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് അത്ഭുതകരമായ വേഗം നൽകിയ സ്ഥാപനമാണ് കിഫ്ബി. പതിറ്റാണ്ടുകൾക്കപ്പുറത്ത് മാത്രം സാധ്യമായിരുന്ന വികസനങ്ങൾ യാഥാർത്ഥ്യമാക്കാൻ കിഫ്ബിയിലൂടെ കേരളത്തിന് കഴിഞ്ഞു. **നിലവിൽ 74,009.55 കോടി രൂപയുടെ 993 ബൃഹദ് പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.** ഇവയിൽ 54,000 കോടി രൂപയുടെ 986 പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ 6201 കോടി രൂപയുടെ പദ്ധതികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 24,931 കോടി രൂപയുടെ 543 പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവയും 3064 കോടി രൂപയുടെ 55 പദ്ധതികൾ ടെണ്ടർ ചെയ്തവയുമാണ്. 2017–18 വർഷത്തിൽ കിഫ്ബി പദ്ധതികൾക്കായി ചെലവഴിച്ചത് 442.67 കോടി രൂപയും 2018–19 ൽ 1069 കോടി രൂപയും 2019–20 ൽ 3502.50 കോടി രൂപയും 2020–21 ൽ 5484.81 കോടി രൂപയും 2021–22 ൽ 8459.47 കോടി രൂപയും 2022–23 ൽ 3842.89 കോടി

രൂപയുമാണ്. **നാളിതുവരെ 22,801 കോടിയിലധികം രൂപ വിവിധ പദ്ധതികളിലേക്കായി കിഫ്ബി നൽകിക്കഴിഞ്ഞു.**

സർ,

**513.** കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് മാത്രമായി 2870 കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 860 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം കിഫ്ബി വഴി ഏറ്റെടുക്കുകയും 288 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. 44,705 ഹൈ-ടെക് ക്ലാസ്സ് മുറികളും 11,257 ഹൈടെക് ലബോറട്ടറികളും കിഫ്ബി വഴി പൊതുവിദ്യാലയങ്ങളിൽ സജ്ജമാക്കി.

**514.** 20,000 കോടി രൂപയുടെ 7 വൻകിട ഭൂമിയേറ്റെടുക്കൽ പദ്ധതികൾക്കും കിഫ്ബി അംഗീകാരം നൽകി. നാഷണൽ ഹൈവേ വികസനത്തിനായി ഭൂമിയേറ്റെടുക്കുന്നതിന് 6769.01 കോടി രൂപയുടെ പദ്ധതിയാണ് കിഫ്ബി നടപ്പിലാക്കുന്നത്. ഇതിനോടകം തന്നെ 5580.74 കോടി രൂപ ഈ ഇനത്തിൽ കിഫ്ബി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നൽകിക്കഴിഞ്ഞു.

**515.** മൂന്ന് വ്യവസായ പാർക്കുകൾക്കായി 13,988.63 കോടി രൂപയുടെയും, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഭൂമിയേറ്റെടുക്കുന്നതിന് 200.60 കോടി രൂപയുടെയും പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുന്നു. കൊച്ചി-ബംഗളുരു ഇൻഡ്സ്ട്രിയൽ കോറിഡോർ പദ്ധതി, ഗിഫ്റ്റ്

സിറ്റി പദ്ധതി എന്നിവയും കിഫ്ബിയുടെ സഹായ ത്തോടെയാണ് നടപ്പിലാക്കുന്നത്.

**516.** എന്നാൽ കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് കൂച്ചുവില ങ്ങിടുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കണ്ടിജന്റ് ബാധ്യതയായ കിഫ്ബിയുടെ കടമെടുപ്പിനെ സംസ്ഥാനത്തിന്റെ പൊതു കടമായി പരിഗണിക്കുന്ന തെറ്റായ സമീപനം തിരുത്തേണ്ടതാണ്. ഈ വിഷയത്തിലുള്ള കേരളത്തിന്റെ പ്രതിഷേധവും ശക്തമായ നിലപാടും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

**സാമൂഹ്യ ക്ഷേമ പെൻഷൻ**

സർ,

**517.** സാമൂഹ്യ ക്ഷേമ പെൻഷൻ നൽകുന്നതിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്പനിയാണ് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (KSSPL). പെൻഷൻ സുഗമമായി നൽകുന്നതിനായി കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കേന്ദ്രസർക്കാർ കണക്കാക്കുകയാണ്. ഇത് സർക്കാരിന്റെ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്നു. ഈ തീരുമാനം വഴി സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതി തകർക്കാനുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നത്. കേരളത്തിലെ സാധാരണക്കാരെ സഹായിക്കുന്ന ഈ മഹത്തായ പദ്ധതി ജനങ്ങളുടെ യാകെ പിന്തുണയോട് കൂടി ശക്തമായി എൽ.ഡി.എഫ് സർക്കാർ മുന്നോട്ട് കൊണ്ടുപോകുക തന്നെ ചെയ്യും. അനർഹരെ ഒഴിവാക്കികൊണ്ട് സാമൂഹ്യക്ഷേമ പദ്ധതി

വിപുലീകരിക്കുകയും ദുരുപയോഗപ്പെടുത്തുന്നത് തടയുകയും ചെയ്യേണ്ടതുണ്ട്.

**518.** സംസ്ഥാനത്തെ 50.66 ലക്ഷം പേർക്ക് പ്രതിമാസം 1600 രൂപ നിരക്കിൽ സാമൂഹ്യക്ഷേമ പെൻഷൻ നൽകി വരുന്നുണ്ട്. സ്വന്തമായി വരുമാനമില്ലാത്ത ക്ഷേമനിധി ബോർഡുകളിലെ 6.73 ലക്ഷം അംഗങ്ങൾക്കും സർക്കാർ ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നു. വരുമാനമുള്ള ക്ഷേമനിധി ബോർഡുകൾ വഴി 4.28 ലക്ഷം പേർക്കും ക്ഷേമപെൻഷൻ ലഭിക്കുന്നു. ഏകദേശം **62 ലക്ഷം പേർക്കാണ് സംസ്ഥാനത്ത് 1600 രൂപ നിരക്കിൽ പെൻഷൻ ലഭിക്കുന്നത്.**

**ധനകാര്യ സ്ഥാപനങ്ങൾ**

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്**

**519.** ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന് ഗവേഷണപ്രവർത്തനങ്ങൾക്കും മറ്റുമായി ഒരു കോടി രൂപ വകയിരുത്തുന്നു. ''ഇന്നവേഷൻ-ഡ്രിവൺ നോളജ് എക്കോണമി ആന്റ് ട്രാൻസ്ഫോർമേഷൻ ഇൻ ദി ഗ്ലോബൽ സൗത്ത്'' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

**520. സംസ്ഥാന** സർക്കാരിന്റെ **അടിസ്ഥാന സൗകര്യ വികസന** പദ്ധതികൾക്ക് **സാമ്പത്തിക സഹായം** നൽകുന്നതിന് ദേശസാൽകൃത/ഷെഡ്യൂൾഡ് **ബാങ്കുകളു**

**മായും മറ്റ്** സർക്കാർ ഏജൻസികളുമായും **ധനകാര്യ സ്ഥാപനങ്ങളുമായും കേരള** ഫിനാൻഷ്യൽ കോർപ്പറേഷൻ 'കൺസോർഷ്യം' ക്രമീകരണത്തിൽ ഏർപ്പെടും. **ഒരു പദ്ധതിക്ക് 250 കോടി എന്ന** കണക്കിൽ **2000 കോടി രൂപ** കെ.എഫ്.സി. വഴി **വകയിരുത്തും.**

**521.** പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വാങ്ങാനായി മത്സ്യത്തൊഴിലാളി സൊസൈറ്റികൾ വഴി സഹായം ലഭ്യമാക്കും. ഇതിനുവേണ്ടി കെ.എഫ്.സി മുഖാന്തിരം പുതിയ പദ്ധതി ആരംഭിക്കും. ബോട്ടൊന്നിന് 70 ലക്ഷം രൂപ വരെ 5% വാർഷിക പലിശ നിരക്കിൽ വായ്പ നൽകി, 10 യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ പൈലറ്റ് അടിസ്ഥാനത്തിൽ ആദ്യ ഘട്ടത്തിൽ വാങ്ങി നൽകും. ഇത് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ കൂടുതൽ സൊസൈറ്റികൾ വഴി പദ്ധതി വ്യാപിപ്പിക്കും.

**522.** പുതിയ എം.എസ്.എം.ഇ. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനത്തെ വിമുക്തഭടന്മാർക്ക് വേണ്ടി കെ.എഫ്.സി മുഖാന്തിരം ഒരു പുതിയ വായ്പാ പദ്ധതി ആരംഭിക്കും. 2 കോടി രൂപവരെയുള്ള വായ്പകൾ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയിൽ (CMEDP) ഉൾപ്പെടുത്തി 3% സംസ്ഥാന സർക്കാർ സബ്സിഡി പരിരക്ഷയോടെ 5% പലിശ നിരക്കിൽ ലഭ്യമാക്കും. **ഈ പദ്ധതിയ്ക്കായി കെ.എഫ്.സിയിൽ നിന്നും 50 കോടി രൂപ വകയിരുത്തും.**

## കെ.എസ്.എഫ്.ഇ.

**523.** കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ സാമ്പത്തിക ഇടപാടുകൾക്കായി സമീപിക്കുന്ന ജനകീയ സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. പ്രളയം, കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രയാസങ്ങളുടെ പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ കുടിശ്ശിക നിവാരണ പദ്ധതികളിലൂടെ 102 കോടി രൂപയുടെ പലിശയിളവ് ജനങ്ങൾക്ക് നൽകുകയുണ്ടായി. സ്ത്രീകൾക്ക് 6 ശതമാനം പലിശ നിരക്കിൽ അജയ്യ എന്ന പേരിൽ സ്വർണ്ണപ്പണയ വായ്പ ഏർപ്പെടുത്തി. കേരളത്തിലെ സംരംഭക വികസനത്തിനും തൊഴിൽ സാധ്യതകൾക്കും ആക്കം കൂട്ടുന്ന വിധത്തിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായി നോർക്കയുമായി സഹകരിച്ച് നടപ്പാക്കിയ പി.ബി.എം.എസ് പദ്ധതിയിൽ, നാളിതുവരെ 374 കോടി രൂപയുടെ വായ്പ 7907 സംരംഭകർക്കായി വിതരണം ചെയ്യാൻ കഴിഞ്ഞു.

# ഭാഗം IV

# വിഭവസമാഹരണം

## മൈനിംഗ് ആൻഡ് ജിയോളജി

**524.** കേരളം വളർച്ചയുടെ പാതയിലേക്ക് തിരിച്ചുവരികയും പശ്ചാത്തല വികസന പ്രവർത്തനങ്ങൾ കുതിച്ചു

യരുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വളർച്ചയുമായി മുന്നോട്ട് പോകുന്നതിനു പശ്ചാത്തല സൗകര്യ മേഖലയിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇതിന്റെ ഒരു പ്രധാന ഘടകം മൈനർ ധാതുക്കളാണ്. മൈനർ മിനറൽസിന് ഏർപ്പെടുത്തിയിട്ടുള്ള റോയൽറ്റി ഓരോ 3 വർഷത്തിലും പരിഷ്കരിക്കാമെന്ന് വ്യവസ്ഥയുണ്ടെങ്കിലും, 2015–ന് ശേഷം പരിഷ്കരിച്ചിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. റോയൽറ്റി പരിഷ്കരണം, പിഴ ഈടാക്കൽ, ശാസ്ത്രീമായി അളവ് പരിശോധിക്കൽ എന്നിവ വരുമാനം വർദ്ധിപ്പിക്കും. വിപണിയിലെ പ്രവണതകൾക്കനുസൃതമായി ഇവ ശാസ്ത്രീയമായി പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**525.** മൈനിംഗ് ആൻഡ് ജിയോളജി മേഖലയിൽ ചുവടെപ്പറയുന്ന ഏഴ് മാറ്റങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്: ഒന്ന്, മൈനർ ധാതുക്കളുടെ എല്ലാ വിഭാഗങ്ങളിലും റോയൽറ്റി പരിഷ് ക്കരണം; രണ്ട്, പാറകളുടെ തരവും വലുപ്പവും അടിസ്ഥാനമാക്കി ഗ്രാനൈറ്റ് (നിർമ്മാണ കല്ല്) ഡൈമൻഷണൽ കല്ലുകൾ (ഗ്രാനൈറ്റ്) എന്നിവയ്ക്ക് വ്യത്യസ്ത വില സംവിധാനം; മൂന്ന്, ധാതുക്കളുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ സിനിയറേജും, റോയൽറ്റിയും സംയോജിപ്പിച്ച് ഒറ്റ നിരക്ക്; നാല്, അനധികൃത ഖനനവും അനുബന്ധ പ്രവർത്തനങ്ങളും തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പിഴനിരക്കുകളുടെ പരിഷ്കരണം; അഞ്ച്, റോയൽറ്റി

പേയ്മെന്റ് ചരക്ക് വാഹനത്തിന്റെ ഭാരമോ വഹിക്കാനുള്ള ശേഷിയോ അടിസ്ഥാനമാക്കി തീരുമാനിക്കുന്നതിനു പകരം യഥാർത്ഥ ഉപയോഗത്തെ അടിസ്ഥാനമാക്കി നിശ്ചയിക്കും; ആറ്, സർക്കാർ ഭൂമിയുടെ പാട്ടവാടക ഭൂമിയുടെ ന്യായവിലയെ അടിസ്ഥാനമാക്കിയുള്ളതാക്കും; ഏഴാമതായി, നിലവിലുള്ള കോമ്പൗണ്ടിംഗ് സമ്പ്രദായം നിർത്തലാക്കി അളവിനെ അടിസ്ഥാനമാക്കി റോയൽറ്റി കണക്കാക്കും.

**526.** മേൽപ്പറഞ്ഞ നടപടികളിലൂടെ നികുതിയിതര വിഭാഗത്തിൽ 600 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

## തദ്ദേശ സ്വയംഭരണ വകുപ്പ്

**527.** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി പരിഷ്ക്കരണം കുറേ കാലങ്ങളായി നടപ്പാക്കിയിട്ടില്ല. കെട്ടിട നികുതി, അപേക്ഷാ ഫീസ്, പരിശോധനാ ഫീസ്, ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ നിർമിക്കുന്നതിനുള്ള പെർമിറ്റ് ഫീസ് എന്നിവ പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം വീടുകൾക്കും പുതുതായി നിർമ്മിച്ചതും ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്നതുമായ വീടുകൾക്കും പ്രത്യേകമായി നികുതി ചുമത്തുന്നതിനുള്ള അനുയോജ്യമായ രീതി നടപ്പിലാക്കും. ഇക്കാര്യത്തിൽ ഒരു സമഗ്രമായ പരിഷ്ക്കരണം തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കും .

**528.** മേൽപ്പറഞ്ഞ നടപടികളിലൂടെ കുറഞ്ഞത് 1,000 കോടി രൂപയെങ്കിലും തദ്ദേശ സ്ഥാപനങ്ങൾക്ക് അധിക തനത് ഫണ്ടായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ജലസേചനം**

**529.** സർക്കാരിലേക്ക് പരമാവധി വരുമാനം വരുന്ന രീതിയിൽ അണക്കെട്ടുകളിൽ നിന്നും മണൽ/ചെളി മുതലായവ ഖനനം ചെയ്യുന്നതിനുള്ള നൂതനമായ സംവിധാനം കൊണ്ടുവരും. തോട്ടപ്പള്ളി സ്പിൽവേയിൽ നിന്ന് മണൽ നീക്കം ചെയ്ത ഇനത്തിൽ 10 കോടിയിലധികം രൂപ സർക്കാരിന്റെ വിഹിതമായി ലഭിച്ചിട്ടുണ്ട്. ഈ മാതൃക ഡാമുകൾ ഉൾപ്പെടെയുള്ള മറ്റ മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിലൂടെ ഗണ്യമായ വരുമാനം പ്രതീക്ഷിക്കുന്നു. ഇതിനായി റവന്യൂ ഷെയറിങ് മോഡൽ അടിസ്ഥാനമാക്കി ഒരു സമഗ്രമായ പദ്ധതി ജലസേചനവകുപ്പ് കൊണ്ടുവരുന്നതാണ്.

**വൈദ്യുതി തീരുവ**

**530.** വൈദ്യുതി തീരുവ KSEBL ഈടാക്കുകയും കൈവശം വെച്ച് വരുകയും ചെയ്യുന്ന പ്രക്രിയ 2023 ഒക്ടോബർ 31-ഓടെ അവസാനിക്കുന്നതാണ്. അതിനു ശേഷം, ഈ തുക സർക്കാർ അക്കൗണ്ടിലേക്ക് അടയ്ക്കുന്നതാണ്. ഇത് സർക്കാരിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വാണിജ്യ, വ്യാവസായിക യൂണിറ്റുകൾക്ക് ബാധകമായ വൈദ്യുതി തീരുവ 5 ശതമാനമാക്കി

വർദ്ധിപ്പിക്കുന്നു. ഇതുവഴി 200 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ജുഡീഷ്യൽ കോടതി ഫീസ്

**531.** കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി ജുഡീഷ്യൽ കോർട്ട് ഫീസ് സ്റ്റാമ്പുകളുടെ നിരക്കുകൾ പരിഷ്കരിച്ചിട്ടില്ല. ആയത് വർധിപ്പിക്കുന്നതിനായി 1959 ലെ കേരള 'കോർട്ട് ഫീസ് ആൻഡ് സ്യൂട്ട് വാല്യുവേഷൻ ആക്റ്റും ബന്ധപ്പെട്ട ചട്ടങ്ങളും ഭേദഗതി ചെയ്യും.

**532.** മാനനഷ്ടം, സിവിൽ നിയമലംഘനം എന്നിവയുമായി ബന്ധപ്പെട്ട കേസുകൾക്കുള്ള കോടതി ഫീസ് ക്ലെയിം തുകയുടെ 1% ആയി നിജപ്പെടുത്തും.

**533.** മറ്റ കോടതി വ്യവഹാരങ്ങൾക്കു 1% അധികമായി കോർട്ട് ഫീ ഈടാക്കുന്ന തരത്തിൽ 1959-ലെ കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട് വാല്യൂവേഷൻ നിയമം ഭേദഗതി ചെയ്യും. സാധാരണ പൗരന്മാരുടെ സൗകര്യാർത്ഥം കോടതി ഫീസുകൾ ഇ-സ്റ്റാമ്പിംഗിന്റെ പരിധിയിൽ കൊണ്ടുവരും.

**534.** മേൽപ്പറഞ്ഞ നടപടികളിലൂടെ ഏകദേശം 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## മോട്ടോർ വെഹിക്കിൾ

**535.** പുതുതായി വാങ്ങുന്ന 2 ലക്ഷം വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതിയിൽ

2% വർദ്ധനവ് വരുത്തുന്നു. ഇതു വഴി 92 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**536.** പുതുതായി വാങ്ങുന്ന മോട്ടോർ കാറുകളുടേയും സ്വകാര്യ ആവശ്യങ്ങൾക്കുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങളുടേയും നിരക്കിൽ താഴെ പറയും പ്രകാരം വർദ്ധനവ് വരുത്തുന്നു.

**i)** 5 ലക്ഷം വരെ വിലയുള്ളവയ്ക്ക് 1% വർദ്ധനവ്.

**ii)** 5 ലക്ഷം മുതൽ 15 ലക്ഷം വരെ വിലയുള്ളവയ്ക്ക് 2% വർദ്ധനവ്.

**iii)** 15 ലക്ഷം മുതൽ 20 ലക്ഷം വരെ വിലയുള്ളവയ്ക്ക് 1% വർദ്ധനവ്.

**iv)** 20 ലക്ഷം മുതൽ 30 ലക്ഷം വരെ വിലയുള്ളവയ്ക്ക് 1% വർദ്ധനവ്.

**v)** 30 ലക്ഷത്തിന് മുകളിൽ വിലയുള്ള വാഹനങ്ങൾക്ക് 1% വർദ്ധനവ്.

**537.** ഇതുവഴി 340 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**538.** പുതുതായി വാങ്ങുന്ന ഇലക്ട്രിക് മോട്ടോർ ക്യാബ്, ഇലക്ട്രിക് ടൂറിസ്റ്റ് മോട്ടോർ ക്യാബ് എന്നിവയ്ക്ക് നിലവിൽ വാഹന വിലയുടെ 6% മുതൽ 20% വരെയുള്ള തുകയാണ് ഒറ്റത്തവണ നികുതിയായി ഈടാക്കി

വരുന്നത്. അന്തരീക്ഷമലിനീകരണം പരമാവധി കുറയ്ക്കുന്നതിനും പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇത്തരം വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഇലക്ട്രിക് സ്വകാര്യ വാഹനങ്ങളുടെ നികുതിക്ക് തുല്യമായി വാഹന വിലയുടെ 5% ആയി കുറയ്ക്കുന്നു. 15 വർഷത്തെ ഒറ്റത്തവണ നികുതി അടയ്ക്കുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതി നിരക്ക് വാഹനവിലയുടെ 5% ആയി നിജപ്പെടുത്തിയതിനാൽ ഇത്തരം വാഹനങ്ങൾക്ക് ആദ്യ 5 വർഷത്തേക്ക് നൽകിയിരുന്ന 50% നികുതി ഇളവ് ഒഴിവാക്കുകയാണ്.

**539.** കോവിഡ് പ്രതിസന്ധിമൂലം ബുദ്ധിമുട്ടുകൾ അനുഭവിച്ചു വരുന്ന കോൺട്രാക്ട് കാര്യേജ്/സ്റ്റേജ് കാര്യേജ് വാഹന ഉടമകൾക്ക് ആശ്വാസം പകരാനും പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനുമായി ഇത്തരം വാഹനങ്ങളുടെ നികുതിയിൽ 10% വരെ കുറവ് വരുത്തുകയാണ്. ഇതുവഴി സർക്കാരിന് 28 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**540.** 2007-ൽ നിലവിൽ വന്ന കേരള റോഡ് സേഫ്റ്റി ആക്ടിലെ സെക്ഷൻ 10 പ്രകാരം പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ നിന്നും രജിസ്ട്രേഷൻ സമയത്ത് ഈടാക്കി വരുന്ന ഒറ്റത്തവണ സെസ് താഴെ പറയും പ്രകാരം വർദ്ധിപ്പിക്കുന്നതാണ്. ഇരുചക്ര വാഹനങ്ങൾക്ക് നിലവിലുള്ള നിരക്കായ 50 രൂപയിൽ നിന്ന് 100 രൂപയായി വർദ്ധിപ്പിക്കുന്നു, ലൈറ്റ് മോട്ടോർ

വാഹനങ്ങൾക്ക് നിലവിലുള്ള നിരക്കായ 100 രൂപയിൽ നിന്ന് 200 രൂപയായി വർദ്ധിപ്പിക്കുന്നു, മീഡിയം മോട്ടോർ വാഹനങ്ങൾക്ക് നിലവിലുള്ള നിരക്കായ 150 രൂപയിൽ നിന്ന് 300 രൂപയായി വർദ്ധിപ്പിക്കുന്നു, ഹെവി മോട്ടോർ വാഹനങ്ങൾക്ക് നിലവിലുള്ള നിരക്കായ 250 രൂപയിൽ നിന്ന് 500 രൂപയായി വർദ്ധിപ്പിക്കുന്നു. ഇതുവഴി സർക്കാരിന് ഒരു വർഷം 7 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

**541.** കൂടുതൽ ഫാൻസി നമ്പർ സെറ്റുകൾ അവതരിപ്പിക്കാനും പെർമിറ്റ് ഫീസും അപ്പീൽ ഫീസും വർദ്ധിപ്പിക്കാനും നടപടിയെടുക്കും.

**542.** മോട്ടോർ വാഹന വകുപ്പിൽ കുടിശ്ശിക നികുതി അടയ്ക്കുന്നതിന് മുൻവർഷങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷവും തുടരുന്നതാണ്.

**543.** മാനസിക വെല്ലുവിളിയുള്ള വിദ്യാർത്ഥികളും, ഭിന്നശേഷി, സെറിബ്രൽ പാൾസി, കാഴ്ചശേഷി ഇല്ലാത്തവർ തുടങ്ങിയ വിഭാഗത്തിലുള്ള വിദ്യാർത്ഥികളും പഠിക്കുന്ന അൺ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളുടെ നികുതി സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളുടെ നികുതിയ്ക്ക് തുല്യമായി കുറയ്ക്കുന്നതാണ്.

**544.** മാനസിക വെല്ലുവിളി, ഭിന്നശേഷി, കാഴ്ചശേഷി ഇല്ലാത്തവർ, ബധിരർ, മൂകർ എന്നീ വിഭാഗത്തിലുള്ള വിദ്യാർത്ഥികളെയും അനാഥർ, പ്രായമായവർ എന്നിവരെയും ലപ്രസി, ക്ഷയം എന്നീ രോഗബാധിത രേയും സംരക്ഷിക്കുന്ന ചാരിറ്റബിൾ ഓർഗനൈ സേഷൻ, റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും അവരുടെ യാത്രക്കായി ഉപയോഗിക്കുന്ന സ്വകാര്യ സർവ്വീസ് വാഹനങ്ങൾ (PSV) ക്ക് സർക്കാർ സ്കൂളുകളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബസ്സുകളുടെ നികുതി നിരക്കുമായി ഏകീകരിക്കുന്നതാണ്.

## എക്സൈസ്

**545.** കേരളത്തിൽ മദ്യ ഉൽപ്പാദനത്തിന് എക്സൈസ് വകുപ്പ് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും മദ്യ ഉൽപ്പാദന ത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ (ENA) സംസ്ഥാനത്തിന് പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. ഓരോ വർഷവും ശരാശരി 5 കോടി ലിറ്റർ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ (ENA) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു. സംസ്ഥാനത്ത് എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ ഉൽപ്പാദിപ്പിക്കുക വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു സഹായകര മാകും. സംസ്ഥാനത്തിനകത്ത് എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

**546.** അബ്ക്കാരി കുടിശ്ശികയിനത്തിൽ 286 കോടി രൂപ സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ടതായി ഉണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും 1949–50 മുതൽ 2001 –02 വരേയുള്ള കാലയളവിലെ കുടിശ്ശികകളാണ്. കുടിശ്ശികക്കാർ പലരും മരണപ്പെട്ടുപോയിട്ടുള്ളതാണ്. കൂടാതെ ആർ.ആർ നടപടികളുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലായി നിരവധി കേസുകളും നിലനിൽക്കുന്നു. ആയത് തീർപ്പാക്കുന്നതിലെ കാലതാമസവും, സ്റ്റേ ഉത്തരവുകളും കുടിശ്ശിക പിരിവിൽ കാലതാമസം ഉണ്ടാക്കുന്നു. അബ്കാരി കുടിശ്ശിക തീർപ്പാക്കുന്നതിന് സഹായകരമായ പുതിയൊരു ആംനെസ്റ്റി പദ്ധതി പ്രഖ്യാപിക്കുന്നു.

**547.** സർക്കാർ കേരളത്തിലെ ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക ഉത്പന്നങ്ങളിൽ നിന്നും ഹോർട്ടി വൈൻ ഉല്പാദിപ്പിക്കുന്നതിന് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. കർഷകർക്ക് വളരെയേറെ പ്രയോജനപ്പെടുന്ന ഹോർട്ടി വൈൻ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ ഇന്ത്യൻ നിർമ്മിത വൈനിന്റെ അതേ നികുതി ഘടനതന്നെ ഹോർട്ടി വൈനിനും ബാധകമാക്കുന്നതാണ്.

## സംസ്ഥാന ജി.എസ്.റ്റി

**548.** ജി.എസ്.റ്റി. നിയമങ്ങൾക്കനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പുനഃ സംഘടന 10.01.2023 മുതൽ പ്രാബല്യത്തിൽ വന്നു. പുനഃസംഘടിപ്പിച്ച തസ്തികകൾക്കനുസരിച്ചു വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലും, ചട്ടങ്ങളിലും മാറ്റങ്ങൾ

വരുത്തേണ്ടതുണ്ട്. ഇതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**മുൻ നികുതി നിയമങ്ങൾ പ്രകാരമുള്ള അപ്പീൽ നടപടികൾ ലഘൂകരിക്കൽ**

**549.** പഴയ നികുതി നിയമങ്ങൾ പ്രകാരമുള്ള തർക്കങ്ങളുടെ തീർപ്പാക്കൽ രീതി പുനപരിശോധിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. തർക്കമുള്ള തുകകൾക്ക് പലപ്പോഴും നിയമപരമായ പുനഃപരിശോധന ആവശ്യമായതിനാൽ നിയമാനുസൃത അപ്പീലുകൾ ഫയൽ ചെയ്യുന്ന പ്രക്രിയ ലഘൂകരിക്കണമെന്ന ആവശ്യവും ഉയരുന്നുണ്ട്. നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി താഴെ പറയുന്നവ നടപ്പിലാക്കും

**a.** ചരക്കുസേവന നികുതി നിയമപ്രകാരമുള്ള അപ്പീൽ ഫയൽ ചെയ്യുന്നതിന് നിലവിൽ ബാധകമായ ഒരു ശതമാനം അഡീഷണൽ കോർട്ട് ഫീസ്സ് പരമാവധി 20000 രൂപയെന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ പരിധി ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന കേരള പൊതുവിൽപന നികുതി നിയമം, കേരള ടാക്സ് ഓൺ ലക്ഷ്വറി നിയമം, കേരള മൂല്യവർദ്ധിത നികുതി നിയമം എന്നിവ പ്രകാരമുള്ള അപ്പീലുകൾക്കും ബാധകമാക്കുന്നതാണ്. ഇതിനായി കേരള കോർട്ട് ഫീസ് ആൻഡ് സ്യൂട്ട്സ് വാലുവേഷൻ നിയമം ഭേദഗതി ചെയ്യുന്നതാണ്.

**b.** കേരള മൂല്യവർധിത നികുതി നിയമപ്രകാരം നിലവിൽ അപ്പീൽ ഫയൽ ചെയ്യുമ്പോൾ തർക്കത്തിലുള്ള തുകയുടെ 20% നികുതി നിർണയത്തിന് വിധേയമാക്കപ്പെട്ട വ്യക്തി അടച്ചാൽ അപ്പീൽ തീരുമാനമാകുന്നതു വരെ ബാക്കി തുകയ്ക്ക് സ്റ്റേ ലഭിക്കുന്ന സൗകര്യം നിലവിലുണ്ട്. നികുതി വ്യവഹാരക്കാർക്ക് ആശ്വാസമായി, പരമാവധി 5 കോടി രൂപ എന്ന വ്യവസ്ഥക്ക് വിധേയമായി, തർക്കമുള്ള നികുതി തുകയുടെ 10% അപ്പീൽ ഫയൽ ചെയ്യുമ്പോൾ പ്രീ ഡെപ്പോസിറ്റ് ആയി അടയ്ക്കുകയാണെങ്കിൽ ബാക്കി തുകയ്ക്ക് സ്റ്റേ ലഭിക്കുന്ന രീതിയിൽ കേരള പൊതു വില്പന നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേരള മൂല്യ വർധിത നികുതി നിയമം എന്നിവയിൽ ഭേദഗതികൾ വരുത്തും. തത്തുല്യമായ തുക ആദ്യ അപ്പീലിനായി അടച്ചിട്ടുണ്ടെങ്കിൽ, രണ്ടാമത്തെ അപ്പീലിനായി പ്രീ-ഡെപ്പോസിറ്റ് തുക വീണ്ടും നൽകേണ്ടതില്ല. ഇത് പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന് മേല്പറഞ്ഞ 10% പ്രീ-ഡെപ്പോസിറ്റ് തുക മാത്രം നൽകിയാൽ മതിയാകും. എന്നാൽ ഇതുപ്രകാരം, മുൻപ് അടച്ച പ്രീ ഡെപ്പോസിറ് തുക റീഫണ്ട് നൽകുന്നതിനോ പ്രോപ്പർട്ടി അറ്റാച്ച്മെൻറ് ഉൾപ്പടെ, തീർപ്പായ റിക്കവറി നടപടികൾ പ്രകാരം ഒടുക്കിയ തുക ഒഴിവാക്കി നൽകുന്നതിനോ അനുവാദമുണ്ടാകുന്നതല്ല. കേരള പൊതു വില്പന നികുതി നിയമപ്രകാരമുള്ള കേസുകളിൽ ഈ സൗകര്യം 31.03.2005 വരെയുള്ള അസ്സെസ്സ്മെന്റുകൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ.

ഇതിനോടനുബന്ധിച്ച് ഒറ്റത്തവണ ആനുകൂല്യമെന്ന നിലയിൽ, അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി കഴിഞ്ഞ കേസുകളിലും, ഏതെങ്കിലും കാരണത്താൽ അപ്പീൽ സ്വീകരിക്കപ്പെടാത്ത കേസു കളിലും 2023 സെപ്റ്റംബർ 30 വരെ അപ്പീലുകൾ ഫയൽ ചെയ്യുന്നതിന് അനുവദിക്കുന്ന വ്യവസ്ഥകൾ നിയമ ത്തിൽ ഉൾപ്പെടുത്തും.

**550.** ജി. എസ്. ടി. കൗൺസിലിന്റെ ശുപാർശയോടെ 2023 ലെ കേന്ദ്ര ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തുന്ന കേന്ദ്ര ചരക്ക സേവന നികുതി നിയമത്തിന് വരുത്തിയിട്ടുള്ള ഭേദഗതികൾക്കു സമാനമായ ഭേദഗതികൾ സംസ്ഥാന ചരക്കു സേവന നികുതി നിയമത്തിലും ഉൾപ്പെടുത്തുന്ന താണ്.

**രജിസ്ട്രേഷൻ**

**551.** സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില 2010-ൽ നിലവിൽ വന്നു. അതിനുശേഷം ഇത് അഞ്ച് തവണ പുതുക്കുകയുണ്ടായി. വിപണി മൂല്യവും ന്യായവിലയും തമ്മിലുള്ള അന്തരം നികത്തുവാൻ വേണ്ടി നിലവിലുള്ള ന്യായവില 20 ശതമാനം വർധിപ്പിക്കും.

**552.** വിവിധ കാരണങ്ങളാൽ വിപണി മൂല്യം വർധിച്ച പ്രദേശങ്ങളിൽ ഭൂമിയുടെ ന്യായവില 30% വരെ വർധിപ്പിക്കുന്നതിനായി 2020-ൽ ഫിനാൻസ് ആക്റ്റിലൂടെ നിയമ നിർമ്മാണം നടപ്പിലാക്കിയ സാഹചര്യത്തിൽ, അത് പ്രകാരം വർദ്ധനവ് വരുത്തേണ്ട മേഖലകളെ

നിർണ്ണയിക്കുന്നതിനായി വിശദമായ പഠനം നടത്തി മാനദണ്ഡങ്ങൾ കൊണ്ടുവരുന്നതാണ്.

**553.** കുടിശ്ശികയുള്ള അണ്ടർ വാല്യൂവേഷൻ കേസുകൾ തീർപ്പാക്കുന്നതിനു നിലവിലുള്ള കോംപൗണ്ടിങ് പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാത്തതിനാൽ നിലവിലുള്ള പദ്ധതി 2023–24 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും, കുടിശ്ശികയുള്ള കേസുകൾ തീർപ്പുകൽപ്പിക്കുന്നതിനായി ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുമാണ്.

**554.** റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ ആഗോള സാമ്പത്തിക മാന്ദ്യം കണക്കിലെടുത്തുകൊണ്ട് 2010–ൽ ഈ മേഖലയ്ക്ക് ഉത്തേജനം നല്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നമ്പർ ലഭിച്ച് 6 മാസത്തിനകം കൈമാറ്റം ചെയ്യുന്ന ഫ്ലാറ്റ് / അപ്പാർട്ട്മെന്റ് എന്നിവയ്ക്ക് മുദ്രവില 5% ആയി കുറച്ചിരുന്നു. നിലവിലുള്ള മുദ്രവില നിരക്കുകൾ കണക്കിലെടുത്തുകൊണ്ട് 5% എന്നത് 7 % ആയി പുതുക്കി നിശ്ചയിക്കുന്നു.

**555.** ഒരു ആധാരം രജിസ്റ്റർ ചെയ്തതിന് ശേഷം 3 മാസത്തിനകമോ 6 മാസത്തിനകമോ നടത്തപ്പെടുന്ന തീറാധാരങ്ങൾക്ക് നിലവിലുള്ള അധിക മുദ്രവില നിരക്കുകൾ ഒഴിവാക്കുന്നതാണ്.

**556.** ഗഹാനുകളും ഗഹാൻ ഒഴിവുകുറികളും ഫയൽ ചെയ്യുന്നതിന് 100 രൂപ നിരക്കിൽ സർവീസ് ചാർജ് ഏർപ്പെടുത്താവുന്നതാണ്.

**557.** 1932-ലെ ഇൻഡ്യൻ പാർട്ട്ണർഷിപ്പ് നിയമം, 1955-ലെ തിരുവിതാംകൂർ കൊച്ചി, ശാസ്ത്ര സാഹിത്യ ധാർമ്മിക സംഘങ്ങൾ എന്നീ നിയമങ്ങൾ പ്രകാരമുള്ള വിവിധ ഫീസ് നിരക്കുകൾ അവസാനമായി പരിഷ്കരിച്ചത് യഥാക്രമം 2013, 2015 വർഷങ്ങളിലാണ്. 2023-24 സാമ്പത്തിക വർഷം മുതൽ ഇവ പരിഷ്കരിക്കുന്നതാണ്. ഇതോടൊപ്പം തന്നെ സംഘങ്ങൾക്ക് നല്കിയിരുന്ന നിലവിലുള്ള കോമ്പൗണ്ടിംഗ് പദ്ധതി പുതിയ സ്ലാബ് നിരക്കിൽ ഒരു വർഷം കൂടി ദീർഘിപ്പിക്കുന്നതാണ്.

**558.** ജോയിന്റ് ഡെവലപ്മെന്റ് ചെയ്യുന്നതിനായി പ്രത്യേകം അധികാരപ്പെടുത്തുന്ന മുക്ത്യാറുകളുടെ മുദ്രവില പരമാവധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുന്നതാണ്.

**559.** സറണ്ടർ ഓഫ് ലീസ് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1000 രൂപായായി കുറക്കുന്നതാണ്.

## റവന്യൂ

**560.** പട്ടയഭൂമിയിന്മേൽ ഈടാക്കുന്ന വാർഷിക അടിസ്ഥാന ഭൂനികുതി, വാണിജ്യ, വ്യാവസായിക ഉപയോഗത്തെ അടിസ്ഥാനമാക്കി പരിഷ്കരിക്കുന്നത് പരിഗണിക്കും.

## സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട്

**561.** സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ ഉറപ്പാക്കുക എന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമായി തുടരും. വിവിധ സാമൂഹ്യ ക്ഷേമനിധി ബോഡുകളിൽ അംഗങ്ങളായ 6.7 ലക്ഷം പേർക്ക് ഉൾപ്പടെ ഏകദേശം 57 ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് പൂർണമായും സർക്കാരാണ് പെൻഷൻ നൽകുന്നത്. പ്രതിവർഷം ഏകദേശം 11000 കോടി രൂപ ഇതിനായി ആവശ്യമായി വരുന്നുണ്ട്. ഈ കടമ തുടർന്നും നിർവഹിക്കുന്നതിനായി ഒരു സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണം നടത്താനുദ്ദേശിക്കുന്നു.

**562.** 500 രൂപ മുതൽ 999 രൂപവരെ വിലവരുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഒരു ബോട്ടിലിന് 20 രൂപാനിരക്കിലും 1000 രൂപാമുതൽ മുകളിലോട്ട് വിലവരുന്ന മദ്യത്തിന് ബോട്ടിലിന് 40 രൂപാനിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തുന്നു. 400 കോടി രൂപ ഇതിലൂടെ അധികമായി പ്രതീക്ഷിക്കുന്നു.

**563.** കൂടാതെ, പെട്രോൾ, ഡീസൽ, എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപാനിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തുന്നു. ഇതിലൂടെ അധികമായി 750 കോടി രൂപ സാമൂഹ്യസുരക്ഷാ സീഡ് ഫണ്ടിലേയ്ക്ക് പ്രതീക്ഷിക്കുന്നു

## ഉപസംഹാരം

സർ,

**564.** നവകേരളം മുന്നിൽകണ്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിഭാവനം ചെയ്യുന്നത്. കേരളത്തെ ഏതൊരു വികസിത രാജ്യത്തിനും സമാനമായ ജീവിതസൗകര്യങ്ങളിലേക്കും അടിസ്ഥാന സൗകര്യ വികസനത്തിലേക്കും നയിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. കഴിഞ്ഞ ബജറ്റുകളിലും ഈ ബജറ്റിലും സർക്കാർ പ്രഖ്യാപിച്ചത് ഭാവികേരളത്തിന് മുതൽക്കൂട്ടാകുന്ന പദ്ധതികളാണ്.

**565.** കൃത്യമായ ലക്ഷ്യം മുൻനിർത്തി മുന്നോട്ട് പോകുമ്പോഴും സുഖകരമായ സാമ്പത്തിക സാഹചര്യത്തിലല്ല ലോകം എന്നതുകൂടി തിരിച്ചറിയേണ്ടതുണ്ട്. ഒരു നൂറ്റാണ്ടിനിട യിലെ ഏറ്റവും വലിയ സാമ്പത്തിക ബുദ്ധിമുട്ടിലൂടെ യാണ് ലോകം കടന്നുപോകുന്നത് എന്ന് സാമ്പത്തിക സ്ഥാപനങ്ങളും പ്രമുഖ സാമ്പത്തിക പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നുണ്ട്. മനുഷ്യനെ കേന്ദ്രീകരിക്കാതെ ലാഭം മാത്രം ലക്ഷ്യം വെയ്ക്കുന്ന പുതിയ ഭരണകൂട കാഴ്ചപ്പാടുകൾ കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. 1930–കളിലേതിന് സമാനമായ വംശീയതയുടെയും ആക്രമണങ്ങളുടെയും യുദ്ധങ്ങളുടെയും അന്തരീക്ഷം സംജാതമാകുമോ എന്നുപോലും ആശങ്ക ഉയരുന്നു.

**566.** വികസിത രാജ്യമായ ബ്രിട്ടണിൽ പോലും രണ്ട് മാസത്തിനിടയിൽ മൂന്ന് പ്രധാനമന്ത്രിമാർ മാറി വന്നു. രാഷ്ട്രീയ അസ്ഥിരതയുടെ അടിസ്ഥാന കാരണം സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയുമാണ്. നമ്മുടെ അയൽ രാജ്യങ്ങളായ ശ്രീലങ്കയും പാകിസ്ഥാനും കടുത്ത സാമ്പത്തിക പ്രതിസന്ധി യിലേക്ക് വീണുപോയിരിക്കുന്നു. വൈദ്യുതി ഉൽപ്പാദി പ്പിക്കുന്നതിനായി ഡീസൽ ഇന്ധനം വാങ്ങാൻ പോലും കഴിയാത്ത തരത്തിലുള്ള പ്രതിസന്ധി പാകിസ്ഥാനിൽ ഉണ്ടായിരിക്കുന്നു. ശ്രദ്ധാപൂർവ്വം ഓരോ ചുവടും മുന്നോട്ടുവെച്ചുകൊണ്ടേ ഈ സവിശേഷ ഘട്ടത്തെ അതിജീവിക്കാനാകൂ. ഈ ലോകസാഹചര്യത്തിലും ജനക്ഷേമ ബദൽ നയങ്ങളുമായി മുന്നേറാൻ കേരളത്തിന് കഴിയുന്നു എന്നത് അഭിമാനകരമാണ്.

**567.** കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ ഭിന്നതകളും മാറ്റിവെച്ച് നാമൊന്നായി കേരളത്തിനുവേണ്ടി നിലകൊള്ളേണ്ട കാലമാണിത്. കേരളത്തിന്റെ സവിശേഷതകളും പ്രത്യേകതകളും സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. കേരളത്തിലെ ഓരോ മനുഷ്യനെയും ചേർത്തുപിടിക്കുക എന്നതാണ് എൽ.ഡി.എഫ് സർക്കാരിന്റെ നിലപാട്. ഓരോരുത്തരി ലേക്കും വികസനവും ക്ഷേമവുമെത്തിക്കാൻ പ്രതിജ്ഞാ ബദ്ധമായ സർക്കാരാണിത്.

**568.** ബജറ്റ് കേവലം കണക്കുകൾ മാത്രമല്ല, നാടിനെ കൂടുതൽ കരുത്തോടെ മുന്നോട്ട് നയിക്കാനുള്ള ഒരു സമീപന

രേഖയാണ്. നമ്മുടെ നാടിനെ കൂടുതൽ പുരോഗതിയിലേക്കും വികസനത്തിലേക്കും നയിക്കാനുള്ള പ്രവർത്തന രേഖയായി ഈ ബജറ്റ് മാറുമെന്നാണ് എന്റെ പ്രതീക്ഷ.

**569.** ഇനി ഞാൻ 2022-23 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2023-24 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

**<u>2022-23 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്</u>**

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 129268.15 |
| റവന്യൂ ചെലവ് | 149183.68 |
| റവന്യൂ കമ്മി | (-)19915.53 |
| മൂലധന ചെലവ് (തനി) | (-)14833.34 |
| വായ്പകളും മുൻകൂറുകളും (തനി) | (-)2015.08 |
| പൊതുകടം (തനി) | 25716.05 |
| പൊതുകണക്ക് (തനി) | 11027 |
| ആകെ കമ്മി | (-)20.90 |
| വർഷാരംഭ രൊക്ക ബാക്കി | (-)293.86 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)314.76 |

## 2023-24 ലെ ബജറ്റ് എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 135418.67 |
| റവന്യൂ ചെലവ് | 159360.91 |
| റവന്യൂ കമ്മി | (-)23942.24 |
| മൂലധന ചെലവ് (തനി) | (-)14539.23 |
| വായ്പകളും മുൻകൂറുകളും (തനി) | (-)1180.76 |
| പൊതുകടം (തനി) | 28552.79 |
| പൊതുകണക്ക് (തനി) | 11073.94 |
| ആകെ കമ്മി | (-)35.49 |
| വർഷാരംഭ രൊക്ക ബാക്കി | (-)314.76 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)350.25 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (-)2640 |
| നികുതി ഇളവുകൾ | (-)50 |
| അധിക വിഭവ സമാഹരണം | 2955 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)85.25 |

സർ,

**570.** 2023-24-ലെ ഈ ബജറ്റ് സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു.

കവർ ശിൽപം: **കോൺസ്റ്റാന്റിൻ ബ്രൻകുഷ്,** *ബേർഡ് ഇൻ സ്പേസ്*, **1923**
Courtesy: MoMA Art Gallery
കവർ രൂപകല്പന: **ഗോഡ്ഫ്രെ ദാസ്**

Printed by the Superintendent of Government Presses
at the Government Press, Mannanthala
Thiruvananthapuram-2023